# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജൂൺ 23 | ദീപം 55 | നാളം 16 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# ബഫർസോൺ
## നെഞ്ചിൽ തീയോടെ മലയോരജനത



അഡ്വ. വി. സി. സെബാസ്റ്റ്യൻ

ജീവിതകാലം മുഴുവൻ ആശങ്കകളുടെയും വെല്ലുവിളികളുടെയും നിരന്തരഭീഷണികളുടെയും ലോകത്തു ജീവിക്കാനായി വിധിക്കപ്പെട്ട ഒരു സമൂഹം സാക്ഷരകേരളത്തിലുണ്ട്. മണ്ണിനെ പൊന്നാക്കി പൊതുസമൂഹത്തിനൊന്നാകെ ഭക്ഷണം വിളമ്പാൻ അത്യധ്വാനം ചെയ്യുന്ന മലയോരമക്കൾ. പ്രതീക്ഷകളും സ്വപ്നങ്ങളുമില്ലാത്ത ഈ പച്ചയായ മനുഷ്യരെ കൂച്ചുവിലങ്ങിട്ട് അമ്മാനമാടിക്കളിക്കുകയാണ് അധികാരകേന്ദ്രങ്ങളും ഭരണനേതൃത്വങ്ങളും. സ്വന്തം കൃഷിഭൂമിയിൽ അന്യനെപ്പോലെ ജീവിക്കുന്ന ഗതികെട്ട അവസ്ഥയുണ്ടെന്നിരിക്കേ, പിറന്നുവീണ മണ്ണിൽനിന്ന് ഈ ജനസമൂഹത്തെ ആട്ടിപ്പുറത്താക്കാനുള്ള അണിയറ അജണ്ടകൾ മെനയുകയാണ് ഭരണസംവിധാനങ്ങൾ. ജീവിതകാലം മുഴുവൻ അടിമത്തം വിധിച്ചിരിക്കുന്ന ഈ മണ്ണിന്റെ മക്കളുടെമേൽ അടിച്ചുകയറ്റിയിരിക്കുന്ന ആധുനിക ആണിയാണ് ബഫർസോൺ.

സംരക്ഷണകവചമെന്നും ആവരണമെന്നും ഷോക്ക് അബ്സോർബർ എന്നുമൊക്കെ ബഫർസോണിന് അർത്ഥങ്ങൾ നൽകാം. സംരക്ഷണകവചമൊരുക്കുന്നത് മനുഷ്യർക്കോ അവൻ നട്ടുവളർത്തുന്ന ജീവനോപാധികൾക്കോ അല്ല; മറിച്ച്, വനത്തിനും വന്യമൃഗങ്ങൾക്കും സർക്കാർ വക ഉദ്യാനങ്ങൾക്കുമാണ്. തീർന്നില്ല, ഇതിനെന്താണു നടപടിക്രമം? മണ്ണിൽ പണിയെടുക്കുന്നവന്റെ കൃഷിഭൂമി തട്ടിയെടുത്തു സർക്കാരിന്റേതാക്കുക. പണംമുടക്കി വാങ്ങിയും തലമുറകളായി കൈമാറ്റം ചെയ്തു ലഭിച്ചതുമായ അവന്റെ കൃഷിഭൂമി വനംവകുപ്പിന്റെ അധികാര അഴിഞ്ഞാട്ടത്തിനായി വിട്ടുകൊടുക്കുക. മനുഷ്യനെ സ്വന്തം മണ്ണിൽനിന്നു പുറത്താക്കി വന്യമൃഗങ്ങൾക്കു സൈ്വരവിഹാരത്തിനായി കൂടുതൽ പ്രദേശം കണ്ടെത്തുക.

### സുപ്രീം കോടതിവിധിയെന്ത്?

ഇന്ത്യയിലെ വന്യമൃഗസങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതിദുർബലപ്രദേശമായി പരിഗണിച്ചു ബഫർസോണായി പ്രഖ്യാപിച്ചു വിവിധ തരത്തിലുള്ള നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്താൻ നിർദ്ദേശിക്കുന്ന വിധിയാണ് 2022 ജൂൺ 3 ന് സുപ്രീം കോടതി പുറപ്പെടുവിച്ചത്. കേരളത്തിൽ 16 വന്യജീവിസങ്കേതങ്ങൾ, അഞ്ചു ദേശീയോദ്യാനങ്ങൾ, രണ്ടു കടുവാസങ്കേതങ്ങൾ, ഒരു കടലുണ്ടി കമ്യൂണിറ്റി റിസർവ് എന്നീ 24 സംരക്ഷിതവനപ്രദേശമാണുള്ളത്. ഇതിൽ മതികെട്ടാൻചോല ദേശീയോദ്യാനത്തിന്റെ ബഫർസോൺ അതിർത്തികൾക്ക് അന്തിമവിജ്ഞാപനം ഇതിനോടകം വന്നിട്ടുണ്ട്. ബാക്കി 23 ഇടങ്ങളിലെ വനത്തോടു ചേർന്നുകിടക്കുന്ന റവന്യൂഭൂമിയിലെ ജനസമൂഹമാണ് ബഫർസോണിന്റെ ചതിക്കുഴിയിൽ വീണു നീറി ജീവിക്കുന്നത്.

### കോടതിവിധിയിലെ അവ്യക്തതകൾ

ആശങ്കകളോടൊപ്പം ഒട്ടേറെ അവ്യക്തതകളും ജൂൺ മൂന്നിലെ സുപ്രീം കോടതിവിധിയിലുണ്ട്. പരിസ്ഥിതിലോലമേഖലയിൽ നിലവിൽ അനുമതി കിട്ടി ചെയ്തുവരുന്ന പ്രവൃത്തികൾക്ക് വീണ്ടും അനുമതി വേണ്ടിവരുമോ? ആശുപത്രികൾ, മറ്റ് അവശ്യകെട്ടിടങ്ങൾ എന്നിവ കാലാകാലം പുതുക്കിപ്പണിയാൻ കഴിയുമോ? ഹോംസ്റ്റേകൾ പ്രകൃതിസൗഹൃദമായി പ്രവർത്തിക്കാം എന്നു പറയുന്നുവെങ്കിലും ഇവിടുത്തെ മാലിന്യസംസ്കരണം എങ്ങനെയായിരിക്കണം? ബഫർസോണിൽ തോട്ടം, കൃഷിയിടം, തുറസ്സായ സ്ഥലം എന്നിവ വാണിജ്യ, വ്യവസായ, ഭവന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നിരിക്കേ, നിലവിൽ താമസിക്കുന്നവർക്ക് ഇതു ബാധകമാണോ? കലക്ടർ ചെയർമാനായ മേൽനോട്ടസമിതികൾക്കാണ് പ്രദേശങ്ങളുടെ ചുമതല. അതിനാൽ, ഏതു ജോലിക്കും അവർക്ക് അപേക്ഷ നൽകേണ്ടതായിട്ടുണ്ട്.

▶ 8

# കുതിച്ചും കിതച്ചും എത്രനാൾ?



തോമസ് കുഴിഞ്ഞാലിൽ

"മൂവായിരത്തി ഒരുനൂറ്റിയിരുപത്തിരണ്ടു കോടി രൂപയുടെ ബാധ്യത വരുത്തിവച്ചു നിങ്ങളുണ്ടാക്കിയ പുലിവാലിന് ഇവിടത്തെ ജനങ്ങൾ എന്തു പിഴച്ചു? ജനങ്ങളുടെ പണം ഖജനാവിൽനിന്നു ചോർത്താൻ നിങ്ങൾക്കെങ്ങനെ മനസ്സുവന്നു? സർക്കാരിന്റെ ഔദാര്യത്തിൽ നിങ്ങൾ എത്രകാലം മുൻപോട്ടു പോകും? ബസുകളെ ക്ലാസ്സുമുറികളും കാരവനുമാക്കാൻ ആരാണു തീരുമാനിച്ചത്? നിരത്തുകളിലൂടെ സർവീസ് നടത്തിയല്ലേ ബസുകൾ പണമുണ്ടാക്കേണ്ടത്?"

ഇവയെല്ലാം കെഎസ്ആർടിസിയിൽ ശമ്പളം മുടങ്ങിയതിനെതിരേ ചില ജീവനക്കാർ നല്കിയ പരാതികളിൽ വാദം കേൾക്കുന്നതിനിടെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉയർത്തിയ ചോദ്യങ്ങളിൽ ചിലതു മാത്രം. ജീവനക്കാർ ഇപ്പോൾ നടത്തുന്ന സമരങ്ങളെക്കുറിച്ചു പരാമർശിക്കവേ, സമരം ചെയ്തു ജനങ്ങളെ ദുരിതത്തിലാക്കുന്നത് കുറ്റകരമാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. കോർപ്പറേഷന്റെ നഷ്ടക്കണക്കുകൾ പരിശോധിച്ചതിൽ സമീപഭാവിയിലെങ്ങും മാറ്റം ഉണ്ടാകുമെന്നോ സ്വയംപര്യാപ്തത കൈവരിക്കുമെന്നോ കരുതാൻ വകയില്ലെന്നും ജഡ്ജി അഭിപ്രായപ്പെട്ടു. ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കുകൾ, മിനിസ്റ്റീരിയൽ സ്റ്റാഫ്, സ്റ്റോർ കീപ്പർമാർ തുടങ്ങിയ ജീവനക്കാരുടെ ശമ്പളം നൽകാതെ ഉയർന്ന റാങ്കുകളിലുള്ള ഉദ്യോഗസ്ഥർക്കു വേതനം നൽകേണ്ടതില്ലെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വിധിച്ചു.

എല്ലാ മാസവും 30 കോടി രൂപ നൽകി കെഎസ്ആർടിസിയെ നിലനിറുത്താമെന്ന സർക്കാർവാഗ്ദാനം പരാമർശിക്കവേയാണ് ഇത്തരത്തിൽ എത്രകാലം മുമ്പോട്ടുപോകുമെന്നു ജഡ്ജി ആരാഞ്ഞത്. കഴിയുന്നത്ര സഹായിക്കുന്നുണ്ട് എന്ന സർക്കാർ അഭിഭാഷകന്റെ മറുപടിക്ക് എല്ലാ കാലവും നോക്കുമോ എന്ന മറുചോദ്യമുണ്ടായി. സംസ്ഥാനത്തിന്റെ താത്പര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനുമായി സംസാരിക്കുന്നതു സർക്കാർ വിരുദ്ധതയായി കാണേണ്ടതില്ലെന്നും കോടതി അഭിപ്രായപ്പെട്ടു.




കെഎസ്ആർടിസിക്ക് ഒരു മുഴുവൻസമയ മാനേജിങ് ഡയറക്ടറില്ലെന്ന വെളിപ്പെടുത്തലിൽ ഹൈക്കോടതി അതൃപ്തി രേഖപ്പെടുത്തി. ഡപ്യൂട്ടേഷനിൽ തത്കാലത്തേക്കു നിയമിക്കപ്പെട്ടയാളാണ് എം.ഡിയെന്നു പറഞ്ഞപ്പോഴായിരുന്നു പ്രതികരണം. ഗതാഗതമേഖലയിൽ വൈദഗ്ധ്യവും മറ്റു ജോലിബാധ്യതകൾ ഇല്ലാത്തതുമായ ഒരാളെയാണു ചുമതല ഏല്പിക്കേണ്ടത്. ഡിപ്പോകളിൽ കിടന്നു തുരുമ്പെടുത്തു നശിക്കുന്ന നൂറുകണക്കിനു വാഹനങ്ങളുടെ ഉത്തരവാദിത്വവും ആരെങ്കിലും ഏറ്റെടുക്കണം. വണ്ടികൾ ക്ലാസ്സ്മുറികളാക്കിയത് ഒരു സ്ഥിരം സംവിധാനമാക്കാൻ കഴിയില്ല. അടിസ്ഥാനസൗകര്യങ്ങൾ തുലോം കുറവായ സ്വകാര്യബസ് മേഖല തഴച്ചുവളരുന്നത് സർക്കാർ ശ്രദ്ധിക്കുന്നില്ലേയെന്നും കോടതി ചോദിച്ചു. കാടുപിടിച്ച യാർഡുകളിൽ തുരുമ്പിച്ചുകിടക്കുന്ന ബസുകൾ മുതൽ ശുചിമുറികളിലെ വൃത്തികേടുകൾവരെ പരാമർശിച്ച ന്യായാധിപൻ മാനേജുമെന്റിന്റെ കെടുകാര്യസ്ഥതയിലേക്കാണു വിരൽചൂണ്ടിയത്.

▶ 12

# മതിലുകൾ പണിതുയർത്തുന്നവർ



ഡോ. മൈക്കിൾ പുളിക്കൽ സി എം ഐ

ഫ്രാൻസിസ് മാർപാപ്പാ സാഹോദര്യത്തിന്റെ പാലങ്ങൾ പണിയാൻ ലോകത്തെ എപ്പോഴും പ്രേരിപ്പിക്കുന്ന മഹനീയവ്യക്തിത്വമാണ്. വംശീയതയും വർഗീയതയും ഉയർത്തിപ്പിടിച്ചു വിഭജനത്തിന്റെ മതിൽക്കെട്ടുകൾ പണിതുയർത്തുന്നവരെ ശക്തമായ ഭാഷയിൽ അപലപിക്കുന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. വിഭജനത്തിന്റെ മതിൽ പണിയുന്നവർ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതര മതവിശ്വാസികളെ നിഷ്കരുണം കൊലപ്പെടുത്തുന്നതും ഒറ്റപ്പെടുത്തുന്നതുമായ സംഭവങ്ങൾ ലോകത്തിന്റെ പലയിടങ്ങളിലും നാം കണ്ടുകൊണ്ടിരിക്കുന്നു. നിർഭാഗ്യവശാൽ, കേരളത്തിൽപോലും പണിതുയർത്തപ്പെടുന്ന വിഭജനത്തിന്റെ മതിൽക്കെട്ടുകൾ മുദ്രാവാക്യങ്ങളായി ശക്തിയുക്തം പ്രഘോഷിക്കപ്പെട്ടിരിക്കുന്നു. കേരളത്തിൽ വർധിച്ചുവരുന്ന മതതീവ്രവാദത്തിന്റെയും അസഹിഷ്ണുതയുടെയും നേർച്ചിത്രമാണ് ആലപ്പുഴയിൽ മുഴങ്ങിയ മുദ്രാവാക്യങ്ങളിൽ കണ്ടത്. കേവലം ഒരു ബാലന്റെ കുട്ടിക്കളിയായി നിസ്സാരവത്കരിക്കാവുന്ന ഒന്നല്ല അത്. തങ്ങൾക്കൊപ്പമില്ലാത്തവരെ നരകമായും തിന്മയായും കാണുന്ന ചിന്താധാരകൾ മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പ്രസ്ഥാനങ്ങളുടെയോ പേരിൽ കുട്ടികളിലേക്കുപോലും വേരുകൾ ആഴ്ത്തിയിരിക്കുന്നു എന്നതിന്റെ തെളിവാണത്. മതമൗലികവാദവും തീവ്രവാദപ്രവണതകളും ഏതു പ്രത്യയശാസ്ത്രത്തിന്റെ മറവിൽ രൂപംകൊള്ളുന്നതായാലും ചെറുക്കപ്പടേണ്ടതുതന്നെയാണ്. മാനവികതയ്ക്കാണ് ഇവിടെ പ്രാമുഖ്യം ലഭിക്കേണ്ടത്. നിതാന്തജാഗ്രതയോടെ നമുക്കിനി സഞ്ചരിക്കേണ്ടിയിരിക്കുന്നു; ഇനിയുമൊരു വിഭാഗീയതയുടെ മുദ്രാവാക്യങ്ങളും പ്രസംഗങ്ങളും ആവർത്തിക്കാതിരിക്കാൻ.

സാമൂഹികൈക്യം ഒരു ഉട്ടോപ്പിയൻ ആശയമല്ല, അതു വളർച്ചയെത്തിയ ഒരു സംസ്കാരത്തിന്റെയും, കാഴ്ചപ്പാടുകളാലും ദർശനങ്ങളാലും സമ്പന്നമായ ഒരു ജനതയുടെയും പ്രതിഫലനമാണ്. ആഴമാർന്ന ആധ്യാത്മികതയിലേക്കും മൂല്യാധിഷ്ഠിതമായ പെരുമാറ്റരീതികളിലേക്കും ഒരു ജനത പ്രവേശിച്ചിരിക്കുന്നുവെന്നതിന്റെ ബാഹ്യമായ തെളിവാണ് പരസ്പരമുള്ള ആദരവും സ്നേഹവും. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കാനാകുമെന്ന യോഹന്നാൻ ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മറ്റുള്ളവരിലേക്കു ചേർന്നുനിൽക്കുന്ന മനോഭാവവും സമീപനവുമാണ് ശരിയായ അർത്ഥത്തിൽ സാമൂഹികൈക്യമെന്നു സാരം.

**ഉണരുന്ന തീവ്രമതവാദികൾ**


വിവിധ സംഘപരിവാർ സംഘടനകളും ഇസ്ലാമിക സംഘടനകളും പണിതുയർത്തുന്ന ഇതര മതങ്ങളോടുള്ള വെറുപ്പിന്റെയും അവഹേളനത്തിന്റെയും സംഭവപരമ്പരകൾ നിരന്തരം വർദ്ധിച്ചുവരുന്നതായി കാണുന്നു. ഒരു കൂട്ടർ വിശുദ്ധവും പാവനവുമായി ആദരിക്കുന്ന വിശ്വാസത്തെയും ജീവിതരീതികളെയും അപമാനിക്കുന്ന പെരുമാറ്റങ്ങൾ നിരവധിയാണിപ്പോൾ. ആദരവോടെ അപരനെ ദർശിക്കാനും സമീപിക്കാനും കഴിയുന്ന നമ്മുടെ സംസ്കാരത്തിന്റെ ആത്മാവ് മരണപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു പറയാതെ തരമില്ല. പ്രതികരണത്തിൽ തീവ്രമനോഭാവമുള്ളവർ ക്രൈസ്തവസമൂഹത്തിലും വർദ്ധിച്ചുവരുന്നു എന്നുള്ളത് നാം ഗൗരവമായി കാണേണ്ടതാണ്.

**വോട്ടിനു വേട്ടക്കാരുടെ സംരക്ഷകരാകുന്നവർ**

പൊതുസമൂഹത്തെ സംഘടനാപരമായും മതപരമായും സ്വാധീനിക്കാൻ ഇത്തരം തീവ്രസംഘടനകൾക്കു കഴിയുന്നുണ്ട് എന്നതിനു തെളിവുകൾ ആവശ്യമില്ല. അരക്ഷിതാവസ്ഥ നിർമിച്ചെടുത്തു തങ്ങളുടെ ഭ്രാന്തൻലക്ഷ്യങ്ങൾ സാധിച്ചെടുക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവർക്കു സംരക്ഷണം നൽകുന്നത് ഇവിടത്തെ ഭരണകൂടംതന്നെയാണ്. വോട്ടിനുവേണ്ടി സാമൂഹികതിന്മകളെ നിഷേധിക്കുകയും ചിലപ്പോൾ ന്യായീകരിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നു. വർഗീയതയും തീവ്രവാദവും പ്രസംഗിക്കുന്നവരിൽ ആരുംതന്നെ ശിക്ഷിക്കപ്പെടുന്നില്ല. ഇത്തരം വിധ്വംസകപ്രവർത്തനങ്ങളെ തുറന്നുകാണിക്കുന്നവരെ ഒറ്റപ്പെടുത്തി ആക്രമിക്കുന്ന രീതി സർക്കാർപോലും തുടരുമ്പോൾ, ഭാവികേരളം ഒരു ഭീതിയാവുകയാണ്. ഇവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളും സൗഹാർദവും സമാധാനവും ആഗ്രഹിക്കുന്നവരാണ്. വിഭാഗീയതയും വർഗീയതയും കൊച്ചുകുട്ടികളിൽപോലും കൊലവിളിയുടെ അട്ടഹാസമാകുമ്പോൾ സർക്കാർ ഇങ്ങനെ നിഷ്ക്രിയമായി പെരുമാറാൻ പാടില്ല.

**മാധ്യമങ്ങളുടെ നിശ്ശബ്ദത**

മാധ്യമങ്ങളുടെ നിശ്ശബ്ദത നാം തിരിച്ചറിയേണ്ടതാണ്. നൈജീരിയയിൽ നടന്ന ക്രൈസ്തവ വംശഹത്യകളെ കണ്ടില്ലെന്നു നടിക്കാൻ ഒരു മടിയും ഉണ്ടായില്ല ഇവിടുത്തെ മുഖ്യധാരാമാധ്യമങ്ങൾക്ക്. ഇത്തരം സംഭവങ്ങളെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ ഇനിയും മുഖ്യധാരാമാധ്യമങ്ങൾ വേണ്ടവിധം ശ്രമിച്ചിട്ടില്ല. ഇതുപോലുള്ള കിരാതസംഭവങ്ങളോട് ഇനിയും ലോകമനഃസാക്ഷി വേണ്ടരീതിയിൽ ഉണരുകയോ പ്രതികരിക്കുകയോ ചെയ്തിട്ടില്ല എന്നതു പരിതാപകരമാണ്. ക്രൈസ്തവർ കൊല ചെയ്യപ്പെടുമ്പോൾ അത് ഒറ്റപ്പെട്ട സംഭവമാക്കാനും നിസ്സാരവത്കരിക്കാനും വിവിധ ലോകരാഷ്ട്രങ്ങളും മുഖ്യധാരാമാധ്യമങ്ങളും നിരന്തരം ശ്രമിക്കുന്നതായിട്ടാണു കണ്ടുവരുന്നത്. ചില മാധ്യമങ്ങൾക്ക് ഈ കൊലപാതകങ്ങൾ വെറും ഭീകരാക്രമണങ്ങളും കൊലപാതകികൾ ഐഡന്റിറ്റിയില്ലാത്ത ഭീകരരുമാണ്. ലോകത്തിൽ പലയിടത്തും നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവപീഡനങ്ങളും ക്രിസ്തീയ വംശഹത്യകളും യാദൃച്ഛികസംഭവങ്ങളായി കാണുന്ന റിപ്പോർട്ടുകൾക്കപ്പുറം ആർജവമുള്ള സത്യസന്ധമായ പഠനങ്ങളും നിലപാടുകളും സ്വീകരിക്കാൻ ആധുനികസമൂഹം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, ഇരുണ്ട യുഗങ്ങളിലേക്കു തിരികെപ്പോകാനുള്ള പ്രവേശനകവാടങ്ങൾ നാംതന്നെ നിർമിച്ചെടുക്കുകയാണെന്നു പറയേണ്ടിവരും.



**തീവ്രവാദനിലപാടുകൾ അപലപിക്കപ്പെടേണ്ടതാണ്**

വ്യത്യസ്ത മതവിശ്വാസങ്ങളും രാഷ്ട്രീയനിലപാടുകളും ചിന്താധാരകളുമാണ് ഒരു ബഹുസ്വരസമൂഹത്തിന്റെ അടയാളം. അവിടെ സ്വയം കേന്ദ്രീകൃത നിലപാടുകൾ സൃഷ്ടിക്കുന്ന അപചയങ്ങളെക്കുറിച്ച് നാം കൂടുതൽ ബോധ്യമുള്ളവരാകേണ്ടിയിരിക്കുന്നു. സ്നേഹിക്കാനും നന്മ ചെയ്യാനും കരുതലോടെ പരസ്പരസംരക്ഷകരാകാനുമുള്ള ജീവിതനിയോഗം മതങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നില്ലായെങ്കിൽ അതു കൂടുതൽ ശ്രദ്ധയും ഊർജവും ആവശ്യമുള്ള അടിയന്തരവിഷയംതന്നെയാണ്. ശത്രുതയും വിഭജനവും അക്രമവും പ്രോത്സാഹിപ്പിക്കപ്പെടുന്ന തീവ്രവാദനിലപാടുകൾ അതേതു മതത്തിലായാലും നിസ്സംശയം അപലപിക്കപ്പെടേണ്ടതാണ്, പൊതുസമൂഹം അത്തരം ശ്രമങ്ങളെ നിർബാധം തള്ളിപ്പറയണം.

രാഷ്ട്രീയലക്ഷ്യങ്ങളോടെ ഹിന്ദുത്വവാദികളും ഇസ്ലാമിസ്റ്റുകളുംപോലെയുള്ള വിവിധ മതങ്ങളിലെ തീവ്രചിന്താഗതിക്കാർ നമ്മുടെ രാജ്യത്തിനു വരുത്തുന്ന അപചയങ്ങളെ ഇനിയെങ്കിലും സത്യസന്ധമായി നാം വിലയിരുത്തേണ്ടിയിരിക്കുന്നു. വർഗീയ-വംശീയ തീവ്രനിലപാടുകളാൽ ഇവിടെ സംഭവിച്ചിട്ടുള്ള/സംഭവിച്ചുകൊണ്ടിരിക്കുന്ന കലാപങ്ങളും കൊലപാതകങ്ങളും അടിച്ചമർത്തലുകളും ഭരണഘടനാപരമായ അവകാശങ്ങളുടെ നിഷേധങ്ങളും ചൂഷണങ്ങളും മറച്ചു വയ്ക്കുന്നതുകൊണ്ടോ കണ്ടില്ലെന്നു നടിക്കുന്നതുകൊണ്ടോ ഇല്ലാതാകുന്നില്ല; മറിച്ച്, അത്തരം കിരാതശ്രമങ്ങൾ പൊതുസമൂഹം ചർച്ച ചെയ്യണം, വിഭാഗീയതയുടെ വക്താക്കളെയും പ്രസ്ഥാനങ്ങളെയും സമൂഹം തിരിച്ചറിയണം, തള്ളിപ്പറയണം.

**കത്തോലിക്കാസഭയുടെ ദർശനം**

ഇരുണ്ട യുഗങ്ങളുടെ തെറ്റുകളെ തിരുത്തിയും ഏറ്റുപറഞ്ഞും സമാനതകളില്ലാത്ത കരുതലും മാനവികസ്നേഹവും ലോകത്തു വളർത്തിയെടുക്കാനുള്ള നയമാണ് ക്രൈസ്തവസമൂഹം ഒന്നടങ്കം പിൻചെല്ലുന്നത്. ഈ ആധുനികലോകത്തിൽ, മാനവികതയിൽ അടിയുറച്ച ഒരു സമൂഹനിർമിതി മുന്നിൽക്കാണുന്ന ക്രൈസ്തവരെയും കത്തോലിക്കാസഭയെയുമാണ് ഇന്നു മതമൗലികവാദികൾ ശത്രുക്കളായി കാണുന്നത് എന്നുള്ളത് ഒരു വൈരുധ്യമാണ്. എല്ലാ മതങ്ങളോടും ആദരവും മനസ്സുതുറന്നുള്ള സംഭാഷണവുമാണ് കത്തോലിക്കാസഭയുടെ പ്രബോധനം. എല്ലാ വ്യത്യസ്തതകൾക്കും ഉപരിയായിട്ടുള്ള ഒരു സ്നേഹസമീപനമാണത്. വഴിവക്കിലെ അപരിചിതനായ മുറിവേറ്റവനെ ശുശ്രൂഷിക്കുന്ന നല്ല സമരിയാക്കാരനിലേക്കുള്ള വളർച്ചയാണത്. അതുകൊണ്ടുതന്നെ, വിഭാഗീയതയുടെ വേരുകൾ നമ്മിൽ വളരാൻ നാം ഒരിക്കലും അനുവദിക്കരുത്. ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം ശ്രമിക്കുമ്പോഴും, വർഗീയതയ്ക്കും വിഭാഗീയതയ്ക്കും എതിരായി പ്രവർത്തിക്കുമ്പോഴും, ക്രിസ്തു പകർന്നുതന്ന മഹത്മൂല്യങ്ങൾ നാം വിസ്മരിക്കരുത്.

മതേതരസമൂഹം ഒരേ മനസ്സോടെ ഐക്യത്തിനും സഹവർത്തിത്വത്തിനുമായി മുന്നോട്ടുവരുകയും എല്ലാവിധ മൗലികവാദങ്ങളെയും അകറ്റിനിർത്തുകയുമാണ് ഈ കാലഘട്ടത്തിലെ സങ്കീർണപ്രശ്നങ്ങൾക്കും തീവ്രവാദഭീഷണികൾക്കുമുള്ള പ്രതിവിധി. ഈ ലക്ഷ്യം മുന്നിൽക്കണ്ട് ഭരണകൂടങ്ങൾ നിലപാടുകൾ സ്വീകരിക്കുന്നതോടൊപ്പം ഓരോ സമുദായവും വ്യക്തമായ നയരൂപീകരണങ്ങൾ നടത്തി തങ്ങൾക്കൊപ്പമുള്ളവരെ ബോധവത്കരിക്കാനും തയ്യാറാകണം. അല്ലാത്തപക്ഷം, ഈ കാലഘട്ടത്തിലെ നൈജീരിയയായി നാളത്തെ കേരളം മാറിയേക്കാം.

■

# ഈ കുരുന്നുകൾക്കുമുണ്ട് സ്വപ്നങ്ങൾ



ടോണി ചിറ്റിലപ്പിള്ളി

നൂറ്റിയിരുപത്തിയൊൻപതു വർഷം മുമ്പാണ് റഷ്യൻ ചെറുകഥാകൃത്ത് ആന്റൺ ചെക്കോവ് 'വാങ്ക' എഴുതുന്നത്. മാതാപിതാക്കൾ നഷ്ടപ്പെട്ട ഒമ്പതുവയസ്സുകാരൻ വാങ്കഷുക്കോവിന്റെ കഥ. മോസ്കോ നഗരത്തിലെ മനുഷ്യത്വരഹിതനായ ഷൂനിർമാതാവ് അലിയാഖിന്റെ ജോലിക്കാരനാണ് അവൻ. അയാളുടെ മാത്രമല്ല സഹജീവനക്കാരുടെയും കൊടിയമർദനങ്ങൾക്കിരയായി, അസ്ഥി തുളയ്ക്കുന്ന ഡിസംബർ ശൈത്യത്തെ ചെറുക്കാൻ പുതപ്പില്ലാതെ, ആഹാരമില്ലാതെ വിഷമിക്കുന്ന വാങ്ക, മുത്തച്ഛൻ കോൺസ്റ്റാന്റിൻ മക്കറിച്ചിന്, തന്നെ രക്ഷിക്കണമെന്നു യാചിച്ചുകൊണ്ട് കണ്ണീരിൽ കുതിർന്ന ഒരു കത്തെഴുതുന്നു. പണിയിടങ്ങളിൽ നഷ്ടപ്പെട്ടുപോകുന്ന ബാല്യങ്ങളെക്കുറിച്ചുള്ള ഓർമപ്പെടുത്തലാണ് ഈ കത്ത്.

ഒരിക്കലും ലഭിക്കാനിടയില്ലാത്ത മറുപടിക്കായുള്ള കാത്തിരിപ്പാണ് വാങ്കയുടെ ജീവിതം. കടുത്ത ജീവിതയാഥാർഥ്യങ്ങൾക്കിടയിലും പ്രതീക്ഷയുടെ തിരിനാളം കെടാതെ സൂക്ഷിക്കുന്ന ആ കുഞ്ഞുമനസ്സാണു നമ്മുടെ ഇന്നത്തെ ബാലവേലയെടുക്കുന്ന ഓരോ കുഞ്ഞിന്റെയും ജീവിതം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം ചെക്കോവ് ചൂണ്ടിക്കാണിച്ച ബാലവേലയുടെ പ്രശ്നം ഇന്നും സജീവമാണ്. ബാലവേല നിരോധനനിയമമൊക്കെയുണ്ട്. പക്ഷേ, അതൊക്കെ എത്ര ഫലപ്രദമായി നടപ്പാക്കപ്പെടുന്നു? ഏതു നിമിഷവും മരണമോ ഗുരുതരപരിക്കോ ഏൽക്കാവുന്ന സാഹചര്യങ്ങളിൽ പകലന്തിയോളം വിയർപ്പൊഴുക്കുന്ന അഞ്ചു വയസ്സു മുതലുള്ള ഭാഗ്യഹീനരായ കുരുന്നുകളുണ്ട് നമ്മുടെ ഇന്ത്യയിൽ മാത്രം.

**ബാലവേലയ്ക്കുനേരേ ലോകം കണ്ണടയ്ക്കുന്നു**

ഏറ്റവും പുതിയ യു.എൻ. കണക്കുകളനുസരിച്ച് 160 ദശലക്ഷം കുട്ടികൾ(63 ദശലക്ഷം പെൺകുട്ടികളും 97 ദശലക്ഷം ആൺകുട്ടികളും) ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്നു. കൊവിഡിന്റെയും ലോകസംഘർഷങ്ങളുടെയും ഫലമായി ഒമ്പതു ദശലക്ഷം കുട്ടികൾകൂടി ബാലവേലയിലേക്കു തിരിയുമെന്ന് അന്താരാഷ്ട്ര തൊഴിൽസംഘടനയും യുണിസെഫും മുന്നറിയിപ്പു നൽകുന്നു. അവരിൽ പലരും മുഴുവൻസമയം ജോലി ചെയ്യുന്നു. അവർ സ്കൂളിൽ പോകുന്നില്ല, കളിക്കാൻ സമയമോ സൗകര്യങ്ങളോ ഇല്ല. പലർക്കും ശരിയായ പോഷകാഹാരമോ പരിചരണമോ ലഭിക്കുന്നില്ല.

കുട്ടികളായി ജീവിക്കാനുള്ള അവസരം അവർക്കു നിഷേധിക്കപ്പെടുന്നു. അപകടകരമായ ചുറ്റുപാടുകളിലെ ജോലി, അടിമത്തം അല്ലെങ്കിൽ മറ്റു നിർബന്ധിത തൊഴിലുകൾ, മയക്കുമരുന്നു കടത്ത്, വേശ്യാവൃത്തി എന്നിവയുൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ, സായുധപോരാട്ടത്തിൽ ഏർപ്പെടൽ എന്നിങ്ങനെയുള്ള ഏറ്റവും മോശം ബാലവേലകളാണ് അവരിൽ പകുതിയിലധികവും ചെയ്യുന്നത്.









ലോകത്തെ നിലവിലെ ബാലവേലയുടെ അവസ്ഥ ആശങ്കാജനകമാണ്. കൊവിഡ്-19 ന്റെ സാമൂഹിക-സാമ്പത്തിക ആഘാതങ്ങൾ ഏറ്റവും കൂടുതൽ ബാധിച്ചതു കുട്ടികളെയാണ്. 2019 ൽ കൊവിഡ് ആരംഭിച്ചതിനു ശേഷം 100 ദശലക്ഷം കുട്ടികൾ കൂടുതൽ ദാരിദ്ര്യത്തിലേക്കു വീണുവെന്ന് യു.എൻ. പഠനങ്ങൾ കണക്കാക്കുന്നു. കുട്ടികളുടെ ദാരിദ്ര്യനിരക്കു വർദ്ധിക്കുന്നതിനനുസരിച്ച് ബാലവേലയുടെ സാധ്യതയും വർദ്ധിക്കുന്നു. 30 ദശലക്ഷം കുട്ടികൾ ജനിച്ച രാജ്യത്തിനുപുറത്തു ജീവിക്കുന്നു. ലൈംഗികചൂഷണത്തിനും മറ്റു ജോലികൾക്കുമായി കടത്തപ്പെടാനുള്ള സാധ്യത ഇതു വർദ്ധിപ്പിക്കുന്നു.

2000 നുശേഷം ആദ്യമായിട്ടാണ് ആഗോളതലത്തിൽ പത്തിലൊന്നായി ബാലവേല ചെയ്യുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് യു.എൻ. കാണുന്നത്. ഈ കുട്ടികളിൽ പകുതിയോളം പേരും അപകടകരമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു.

അന്താരാഷ്ട്രനിയമവും ദേശീയ നിയമനിർമാണവും ലംഘിച്ചുകൊണ്ടു ചെയ്യുന്ന, കുട്ടികളുടെ ജീവിതംതന്നെ അപകടത്തിലാക്കുന്ന ക്രിമിനൽ കുറ്റമാണ് ബാലവേല. ഇത് ഒന്നുകിൽ സ്കൂൾവിദ്യാഭ്യാസത്തെ നഷ്ടപ്പെടുത്തുന്നു അല്ലെങ്കിൽ സ്കൂൾവിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും ഇരട്ടഭാരം ഏറ്റെടുക്കാൻ കുട്ടികളെ നിർബന്ധിതരാക്കുന്നു.

ഭീകരമായ മാനസിക ശാരീരിക പീഡനങ്ങളാണ് തൊഴിലിടങ്ങളിൽ കുട്ടികൾ അനുഭവിക്കുന്നത്. ഇവരിൽ പലരുടെയും സ്ഥിതി അടിമകളെക്കാളും പരിതാപകരമാണ്. വിദ്യാഭ്യാസവും മറ്റ് അടിസ്ഥാനാവകാശങ്ങളും നഷ്ടപ്പെടുന്ന കുട്ടികൾ കൂടുതൽ അപകടകരവും മോശവുമായ അവസ്ഥയിൽ ജോലി ചെയ്യുന്നത് ലോകത്തെവിടെയാണെന്നു വിശകലനം ചെയ്ത ആഗോള കൺസൾട്ടിങ് സ്ഥാപനമായ മാപ്പിൾ ക്രോഫ്റ്റിന്റെ പുതിയ റിപ്പോർട്ടുപ്രകാരം, എറിത്രിയ, സൊമാലിയ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ, മ്യാൻമർ, സുഡാൻ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, സിംബാബ്വേ, യെമൻ, നൈജീരിയ എന്നിവയാണ് ബാലവേല ഏറ്റവും കൂടുതൽ നടക്കുന്ന പത്തു സ്ഥലങ്ങളായി തിരിച്ചറിയുന്നത്.

ഉയർന്ന ദാരിദ്ര്യനിരക്കുള്ള രാജ്യങ്ങളിലെ കുട്ടികൾക്ക് അവരുടെ കുടുംബവരുമാനം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത കാരണം ബാലവേല സൂചിക വർധിക്കുന്നു. എന്നാൽ, സാമ്പത്തികമായി പ്രധാനപ്പെട്ട രാജ്യങ്ങളായ ചൈന, ഇന്ത്യ, റഷ്യ, ബ്രസീൽ എന്നീ രാജ്യങ്ങളിലും കടുത്ത അപകടസാധ്യതകളുള്ളതായി കണ്ടെത്തി, കാരണം, ബാലവേലനിയമങ്ങൾ പലപ്പോഴും മോശമായി നടപ്പിലാക്കുന്ന രാജ്യങ്ങളാണിവ.

**ബാലവേല ഇന്ത്യയിൽ**

ശരാശരി 29 വയസ്സുള്ള ചെറുപ്പക്കാർ കൂടുതലുള്ള ലോകരാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മൊത്തം ജനസംഖ്യയുടെ 54 ശതമാനത്തിലധികം 25 വയസ്സിനു താഴെയാണ്. എന്നിട്ടും, ഇന്ത്യ ഇപ്പോഴും ഏറ്റവും അപകടകരമായ സാമൂഹികതിന്മകളിലൊന്നായ ബാലവേലയുമായി പോരാടുകയാണ്. ഇന്ത്യൻ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച്, 7-17 വയസ്സിനിടയിലുള്ള ഏകദേശം 12.9 ദശലക്ഷം കുട്ടികൾ ബാലവേലയിൽ ഏർപ്പെട്ടിട്ടുണ്ട്.

ജനസംഖ്യയുടെ 39 ശതമാനം വരുന്ന 472 ദശലക്ഷം കുട്ടികളാണ് ഇന്ത്യയിലുള്ളത്. 472 ദശലക്ഷം കുട്ടികളിൽ, ഏകദേശം 143 ദശലക്ഷം കുട്ടികൾ (30.3%) വളരെ ദരിദ്രരും മെച്ചപ്പെട്ട അവസരങ്ങളുടെ അഭാവം മൂലം തൊഴിൽ ചെയ്യാൻ നിർബന്ധിതരായവരുമാണ്. ഇന്ത്യൻ സർക്കാറിനു കീഴിലുള്ള മിനിസ്ട്രി ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, ഓൺലൈനായി ബാലവേലയുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഇന്ത്യയിലെ ബാലവേലയുടെ വിവിധ കാരണങ്ങൾ ദാരിദ്ര്യം, വിദ്യാഭ്യാസവിഭവങ്ങളുടെ അഭാവം, സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ, ആസക്തികൾ, രോഗം അല്ലെങ്കിൽ വൈകല്യം, കുറഞ്ഞ വേതനം കൊടുക്കാനുള്ള സൗകര്യം, കുടുംബപാരമ്പര്യം, ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള വിവേചനം എന്നിവയാണ്. യുണിസെഫിന്റെ കണക്കനുസരിച്ച്, ഇന്ത്യയിലെ ബാലവേല കേസുകളുടെ എണ്ണം 54 ശതമാനം വർദ്ധിച്ചു, ഗ്രാമീണമേഖലകളിൽ 80 ശതമാനം ബാലവേലക്കാരാണ്. ഈ സംഖ്യകൾ ഭയപ്പെടുത്തുന്നതും ബാലവേല പ്രശ്നം രാജ്യത്തു വളരെ മോശമാണെന്നു വെളിപ്പെടുത്തുന്നതുമാണ്.

**കേരളം തമ്മിൽ ഭേദം**

കേരളത്തിൽ ബാലവേല താരതമ്യേന വളരെ കുറവാണ്. എന്നാൽ, കേരളത്തിലേക്ക് അന്യസംസ്ഥാനത്തൊഴിലാളികളുടെ ഒഴുക്കു വർദ്ധിച്ചതോടെ ബാലവേല കൂടിവരികയാണ്. കൊവിഡ് കണക്കുകൂട്ടലുകൾ തെറ്റിച്ചു. മഹാമാരി ബാലവേല പ്രതിസന്ധിയുടെ ആക്കം കൂട്ടുകയും ചെയ്തു. ഇന്ത്യയിലെ ബാലവേല കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് ആശ്വസിക്കാമെങ്കിലും ഹോട്ടലുകൾ, റോഡുനിർമാണം, ആഭരണനിർമാണം, കെട്ടിടനിർമാണം, കേബിൾ കുഴിയെടുക്കൽ തുടങ്ങിയ തൊഴിൽ മേഖലകളിലേക്ക് അയൽസംസ്ഥാനങ്ങളിൽനിന്ന് കുടുംബത്തോടൊപ്പം കുട്ടികൾ ജോലിയെടുക്കാനെത്തുന്നുണ്ട്. കേരളത്തിലെ സർക്കാർ ശക്തമായ നടപടികൾ ഇക്കാര്യത്തിൽ എടുക്കുന്നുണ്ടെന്നുള്ളത് ഏറെ ആശ്വാസകരമാണ്.

സംസ്ഥാനത്ത് ബാലവേല തടയുന്നതിന്റെ ഭാഗമായി ബാലവേലയെപ്പറ്റി വിവരം നൽകുന്ന വ്യക്തിക്ക് ഇൻസന്റീവ് നൽകുന്ന പദ്ധതിക്ക് വനിത ശിശുവികസന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ബാലവേല സംബന്ധിച്ചു വിവരം നൽകുന്ന വ്യക്തിക്ക് 2,500 രൂപയാണ് ഇൻസന്റീവ് നൽകുന്നത്. ബാലവേല നിയമപരമായി നിരോധിക്കുകയും അതു ക്രിമിനൽ കുറ്റമാക്കുകയും ചെയ്തിട്ടുണ്ട്.

ചൈൽഡ് ആന്റ് അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം പതിന്നാലു വയസ് പൂർത്തിയാകാത്ത കുട്ടികളെ ജോലിയിൽ ഏർപ്പെടുത്താൻ പാടില്ല. പതിന്നാലു വയസ് കഴിഞ്ഞതും പതിനെട്ടു വയസ് പൂർത്തിയാകാത്തതുമായ കുട്ടികളെ അപകടകരമായ ജോലികളിൽ ഏർപ്പെടുത്താൻ പാടില്ലായെന്നും നിയമത്തിൽ പരാമർശിക്കുന്നു. പല കാരണങ്ങൾകൊണ്ട് കുട്ടികൾ ജോലി ചെയ്യേണ്ടിവരുമ്പോൾ അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയെ അത് ദോഷകരമായി ബാധിക്കുന്നു.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെയായിരിക്കണം രഹസ്യവിവരങ്ങൾ അറിയിക്കേണ്ടത്. ഇവരുടെ ഫോൺ നമ്പരുകൾ http://wcd.kerala.gov.in/offices_icps.php എന്ന ലിങ്കിൽ നൽകിയിട്ടുണ്ട്. വ്യക്തികൾ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥൻ, തൊഴിൽ, പോലീസ്, മറ്റു ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ ബാലവേല തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അർഹരായവർക്ക് രഹസ്യസ്വഭാവത്തോടെ പാരിതോഷികത്തുക നൽകുന്നതാണ്.

ബാലവേല പല അദൃശ്യരൂപങ്ങളിലും നിലനിൽക്കുന്നു. ലോകം മുഴുവനുമുള്ള രാജ്യങ്ങളുടെ ഭാവിയെയും വികസനത്തെയും ദുർബലപ്പെടുത്തുന്നു. ദശലക്ഷക്കണക്കിനു കുട്ടികൾ ദിവസേന ചൂഷണം നേരിടുകയും ആളുകളാൽ അവഗണിക്കപ്പെടുകയും ചെയ്യുന്നു. ബാലവേലയെ നിശ്ശബ്ദമായി അവഗണിക്കുന്നത് ഈ കുറ്റകൃത്യത്തിന് അംഗീകാരം നൽകുക മാത്രമാണ്. ചുരുക്കത്തിൽ ബാലവേല മനുഷ്യരാശിക്കെതിരായ കുറ്റകൃത്യമാണ്.

സ്വപ്നസാക്ഷാത്കാരത്തിനുള്ള കുട്ടികളുടെ കഴിവ് മുതിർന്നവർ തട്ടിയെടുക്കരുത്. അവരുടെ ജീവിതസ്വപ്നങ്ങൾ വളരുകയും പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്നൊരു ചുറ്റുപാടു വളർത്തിയെടുക്കാൻ നമുക്കു പരിശ്രമിക്കാം. കുട്ടികളുടെ പങ്കുവയ്ക്കപ്പെട്ട സ്വപ്നങ്ങൾ ജീവിതത്തിൽ നവമായ പാതകൾ അവർക്കായി തുറക്കട്ടെ.

■






**ജസ്റ്റിൻ തോമസ്**

# വേവുന്ന അടുക്കളകൾ



**നാ**ലു പേരുള്ള ഒരു കുടുംബത്തിൽ മൂന്നുതരം ഭക്ഷണം മൂന്നു നേരവും പാകം ചെയ്യുന്ന ഒരു വീട്ടമ്മയെ കഴിഞ്ഞയിടെ കാണുകയുണ്ടായി. അടുക്കളയിൽ ജോലി ചെയ്യുന്ന വ്യക്തികൾ ആരുമാകട്ടെ, അവരെ ബഹുമാനിക്കുകയും സഹായിക്കുകയും അവർക്കു പ്രോത്സാഹനം നല്കുകയുമൊക്കെ ചെയ്യുന്നത് സംസ്കാരത്തിന്റെ ഭാഗമാണ്. വീട്ടിൽ ഭക്ഷണം പാകം ചെയ്യുക എന്നത് കൂട്ടായ പ്രവൃത്തിയായി കാണുന്ന കുടുംബങ്ങൾ ഇന്നു ധാരാളമുണ്ട്. സ്ത്രീയും പുരുഷനും ഒരുപോലെ ജോലി ചെയ്യുകയും പണസമ്പാദിക്കുകയും ചെയ്യുമ്പോൾ ഇത് അനിവാര്യമാണ്.

തന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷിക്കുക എന്ന ചൊല്ല് ഭർത്താവിനും ഭാര്യയ്ക്കും മക്കൾക്കും വല്യപ്പനും വല്യമ്മയ്ക്കും വീട്ടിൽ സ്ഥിരമായി ജീവിക്കുന്ന മറ്റുള്ളവർക്കുമൊക്കെ ബാധകമാണ്. അമ്മ ഭക്ഷണം പാകം ചെയ്താലേ രുചിയുള്ളൂ എന്നു പറയുന്ന മക്കളെ രുചിയോടെ ഭക്ഷണം പാകം ചെയ്യാൻ പഠിപ്പിക്കേണ്ടത് അമ്മയുടെ കടമയാണ്. ഭക്ഷണം കഴിക്കുകയെന്നത് ഒരു സഹായമല്ലായെന്നു ബോധ്യപ്പെടുത്തേണ്ടത്, പ്രതിഫലമൊന്നും പറ്റാതെ അതു സ്ഥിരമായി ചെയ്യുന്ന ആളുടെ ഉത്തരവാദിത്വമാണ്.

ഞാൻ ചെയ്താലേ ശരിയാവൂ എന്ന ചിന്ത, മറ്റുള്ളവരെ ഉൾപ്പെടുത്താനും അവരുമായി പൊരുത്തപ്പെടാനുമുള്ള കഴിവില്ലായ്മ, തന്റെ ബുദ്ധിമുട്ടുകൾ കുടുംബാംഗങ്ങളുമായി ചർച്ച ചെയ്യാനുള്ള ഭയം, കാലാകാലങ്ങളായി പിന്തുടരുന്ന ശീലങ്ങൾ മാറ്റാനുള്ള മടി ഇവയൊക്കെ ഭക്ഷണം പാകം ചെയ്യുക എന്ന പ്രവൃത്തി ഒരാളിലേക്കു മാത്രമായി ഒതുങ്ങാൻ കാരണമാകും. വീട്ടുജോലികളിൽ ആരെയെങ്കിലും ഉൾപ്പെടുത്താനാഗ്രഹിക്കുന്നുവെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തുറന്ന സംസാരം 2. ഓരോരുത്തർക്കുംപറ്റുന്ന ജോലികൾ നൽകൽ 3. സഹായാഭ്യർത്ഥന 4. മറ്റുള്ളവർ സഹായിക്കുമ്പോൾ അവരെ കുറ്റപ്പെടുത്താതെ ഉൾക്കൊള്ളുക 5. അഭിപ്രായങ്ങൾ ചോദിക്കുക 6. സഹായം നൽകുമ്പോൾ നന്ദി പറയുകയും അവരുകൂടി ചേർന്നുപ്രവർത്തിച്ചതിനാൽ രുചിയുള്ള ഭക്ഷണം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് അഭിനന്ദിക്കുകയും ചെയ്യുക.

**കുടുംബാംഗങ്ങളുടെ മാറേണ്ട ചില ചിന്തകൾ**

ഒരിക്കൽ കൗൺസെലിങ്ങിനായി എത്തിയ ഒരു ഭർത്താവ് പറഞ്ഞ വാക്കുകൾ ഓർക്കുന്നു: “എന്റെ അമ്മ ഒത്തിരി കഷ്ടപ്പെടുന്നുണ്ട്. ഇനി അമ്മ വിശ്രമിക്കണം. അവള് (ഭാര്യ) പണിയെടുക്കട്ടെ.” അമ്മയെക്കൊണ്ടു പണിയെടുപ്പിക്കാതെ നോക്കുന്ന മകനും പിരിമുറുക്കത്തോടെ പണിയെടുക്കുന്ന ഭാര്യയും കുടുംബത്തിന്റെ സമാധാനം കളയുന്നു എന്ന വസ്തുത ബോധ്യപ്പെട്ടപ്പോൾ ഈ വ്യക്തിയുടെ ചിന്താഗതി പാടേ മാറി. നാം ഓർക്കേണ്ട കാര്യം, നമ്മുടെ കടമകളിൽനിന്നു നാം മാറി നിൽക്കുമ്പോഴും ചില തെറ്റായ ധാരണകളുടെ പേരിൽ മറ്റുള്ളവരെ മാറ്റി നിർത്തുമ്പോഴും അതു ഗുണത്തിലേറെ ദോഷമായി ഭവിക്കുമെന്നതാണ്.

മനഃപൂർവം ഒഴിഞ്ഞുമാറുന്നവരെയും അസുഖം നടിക്കുന്നവരെയും, അമിതമായി കുറ്റം പറയുന്നവരെയും ജോലിത്തിരക്കു നടിക്കുന്നവരെയും കടുംപിടിത്തക്കാരെയും എനിക്കൊന്നും അറിയില്ല, ഞാൻ ചെയ്താൽ ശരിയാവില്ല എന്നൊക്കെ പറയുന്നവരെയും ഇതൊന്നും ഇനി ഞാൻ ചെയ്യേണ്ടതില്ല എന്നു ചിന്തിക്കുന്നവരെയും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്.

**എന്ത്, എങ്ങനെ, എപ്പോൾ പാകം ചെയ്യണം?**

എല്ലായ്പ്പോഴും വീട്ടിൽ ഭക്ഷണം പാകം ചെയ്യണോ? എന്തൊക്കെയാണു പാകം ചെയ്യേണ്ടത്? ഇത്തരം ചോദ്യങ്ങൾ അർത്ഥവത്താണ്. 98 കിലോഗ്രാം ഭാരവും അഞ്ചടി ഉയരവുമുള്ള പതിമ്മൂന്നുകാരനുമായി കൗൺസെലിങ്ങിനു വന്ന ഒരമ്മ പറഞ്ഞ ചില കാര്യങ്ങൾ ഇങ്ങനെയാണ്:

ഞങ്ങൾ സ്ഥിരമായി പുറത്തുനിന്നാണു കഴിക്കുന്നത്, എല്ലാവരും കഴിക്കുന്ന ഭക്ഷണമൊന്നും ഞങ്ങൾ മക്കൾക്കു കൊടുക്കാറില്ല, മോനും മോൾക്കും കുറച്ചു തടിയുണ്ടെന്നേ ഉള്ളൂ. ആരോഗ്യത്തിനു കുഴപ്പമൊന്നുമില്ല.

98 കിലോഗ്രാം ഭാരമുള്ള അഞ്ചടി ഉയരമുള്ള പതിമ്മൂന്നു വയസ്സുകാരൻ ആരോഗ്യവാനാണെന്നു ചിന്തിക്കുന്ന അമ്മയുടെ അറിവില്ലായ്മയെ തിരുത്തി താഴെപ്പറയുന്ന ശീലങ്ങളിലേക്ക് അവരെ എത്തിക്കുവാൻ മൂന്നു തവണകളായുള്ള കൗൺസെലിങ് വേണ്ടിവന്നു:

പച്ചക്കറിക്കും മാംസ്യാഹാരത്തിനും പയർവർഗത്തിനും ധാന്യങ്ങൾക്കുമൊക്കെ പ്രാധാന്യം നൽകുന്ന സമീകൃതഭക്ഷണം പാകം ചെയ്യുക (ഇതിനായി യൂട്യൂബ് വീഡിയോകളെയും ബുക്കുകളെയും അറിവുള്ളവരെയും ആശ്രയിക്കാം.), നമ്മുടെ നാട്ടിൽ കൃഷിചെയ്തുണ്ടാക്കുന്നവ കഴിക്കുവാൻ ആവുന്നത്ര ശ്രമിക്കുക, പുറത്തുനിന്നു കഴിക്കുന്ന വ്യത്യസ്തഭക്ഷണങ്ങളുടെ അപകടകരമായ വശങ്ങൾ പഠിക്കാൻ ശ്രമിക്കുക, ഭക്ഷണം കഴിക്കേണ്ട അളവും സമയവും ശാസ്ത്രീയമായി മനസ്സിലാക്കുക.

**ഭക്ഷണക്രമവും പരീക്ഷണങ്ങളും**

നല്ലൊരു പാചകക്കാരൻ അല്ലെങ്കിൽ പാചകക്കാരി ആരോഗ്യകരമായ ഭക്ഷണം പാകം ചെയ്യാൻ പരീക്ഷണങ്ങൾ നടത്തും. ഇതു കുടുംബാംഗങ്ങളുടെ അനുവാദത്തോടെ നടത്തുമ്പോൾ അതൊരു കൂട്ടായ പ്രവർത്തനമാകും. ഒപ്പം രുചിവ്യത്യാസത്തിന്റേതായ പ്രശ്നങ്ങൾ കലഹങ്ങളിലേക്കു നയിക്കുകയുമില്ല.

ചുരുക്കത്തിൽ, ഭക്ഷണം പാകം ചെയ്യുകയെന്നത് കുടുംബത്തിലെ കൂട്ടായ പ്രവർത്തനമാകണം. ആരോഗ്യകരമായ ഭക്ഷണക്രമത്തിന് ബുദ്ധിപൂർവകമായ പ്രവർത്തനം ആവശ്യമാണ്. ■




**മാത്യൂസ് ആർപ്പൂക്കര**

# മൂങ്ങ



ഇരപിടിയൻപക്ഷിയാണു മൂങ്ങ. മുന്നിലെ ഇരയെ വളരെ വ്യക്തമായി കാണാൻ പറ്റുംവിധം പരന്ന മുഖവും വലിയ ഉണ്ടക്കണ്ണുകളും മൂങ്ങയ്ക്കുണ്ട്. അതിസൂക്ഷ്മശബ്ദംപോലും കേൾക്കാനാകുന്നു. നീളൻചെവികളാണ്. 180 ഡിഗ്രി തിരിയുന്ന തല മറ്റൊരു സൗകര്യം.

ഇന്ത്യയിൽ ഇരുപത്തെട്ടിനം മൂങ്ങകൾ കാണപ്പെടുന്നു. അതിൽ പതിനഞ്ചോളം കേരളത്തിലുണ്ട്. പുള്ളിമൂങ്ങ, ചെമ്പൻ മൂങ്ങ, ചെവിയൻ മൂങ്ങ, സൈരന്ധ്രി മൂങ്ങ, പുള്ളുമൂങ്ങ, മീൻ മൂങ്ങ, കാലൻമൂങ്ങ, വെള്ളിമൂങ്ങ എന്നിവയാണ് അതിൽ പ്രധാനം. ലോകമെമ്പാടും 140 ഇനം മൂങ്ങകളുള്ളതായി കണക്കുകൾ പറയുന്നു. അന്റാർട്ടിക്ക ഒഴികെ എവിടെയുമുണ്ട്. മൂങ്ങകൾ നൈറ്റ് വാച്ച്മാൻ എന്നാണറിയപ്പെടുക. ഇരകളെ മുഴുവനായി വിഴുങ്ങുകയാണ് ചെയ്യുക. എല്ലും തോലുമുൾപ്പെടെ.

കേരളത്തിൽ ഈ പക്ഷികൾ മൂങ്ങ, നത്ത്, കൂമൻ, കാലൻ കോഴി എന്നീ പേരുകളിൽ അറിയപ്പെടുന്നു. കൊമ്പൻ മൂങ്ങകളും, കാട്ടുമൂങ്ങകളും അരമീറ്ററിലേറെ നീളമുള്ളവയാണ്. കൂടുകൂട്ടി മുട്ടയിടുന്ന രാപ്പക്ഷികളാണിവ. ചിലതു മരപ്പൊത്തിലും തറയിലുമൊക്കെ മുട്ടയിടുന്നു. ഒരു തവണ നാലു മുട്ടകൾവരെ കാണും.

കൂമൻ എന്നു നമ്മുടെ നാട്ടിൽ അറിയപ്പെടുന്ന മൂങ്ങയാണ് സ്ക്രീച്ച് ഔൾ. പ്രത്യേക രീതിയിൽ വലിയ ഒച്ച ഉണ്ടാക്കുന്നതുകൊണ്ടീ പേരു വന്നു. മരത്തൊലിയുടെ നിറമാണ്. 45 മുതൽ 60 സെ.മീ. വരെ നീളം. എലികളും അണ്ണാനുമാണ് ഇരകൾ. മരക്കൊമ്പുകളിൽ അനങ്ങാതെയിരിക്കുന്ന ഇതിനെ പെട്ടെന്നു തിരിച്ചറിയുക പ്രയാസം.

മണ്ണിൽ കുഴിയുണ്ടാക്കി അതിൽ കൂടൊരുക്കുന്ന മൂങ്ങകളാണ് ബറോയിങ് ഔൾ എന്ന കുഴിയൻമൂങ്ങ. മാളം സ്വയം കുഴിച്ചതോ മറ്റു ജന്തുക്കൾ ഉപേക്ഷിച്ചതോ ആകാം. ഈ മൂങ്ങകൾക്കു നീണ്ട കാലുകളുണ്ടാവും. തലയ്ക്കു നല്ല വൃത്താകൃതിയാണുണ്ടാവുക. കാനഡയിലും ഗൾഫ് തീരങ്ങളിലും കാണപ്പെടുന്നു. റാറ്റിൽ സ്നേക് എന്ന ഇനം പാമ്പുമായി ഈ മൂങ്ങകൾ കൂട്ടുകൂടുന്നതായി കണ്ടുവരുന്നു.

ചാരമൂങ്ങയാണ് ഏറ്റവും വലിയ മൂങ്ങകൾ. ചാരനിറമാണ്. ദേശാടനസ്വഭാവക്കാരാണ്. വലിയ ധൈര്യശാലികളായ ഇവറ്റ പകലും ഇര തേടി പറക്കും.

മൂങ്ങകളിൽ ഏറ്റവും ഭംഗിയുള്ളവരാണ് വെള്ളിമൂങ്ങകൾ. ഓറഞ്ചുകലർന്ന തവിട്ടുനിറമാർന്ന ശരീരം ഇവറ്റയെ പെട്ടെന്നു തിരിച്ചറിയാൻ സഹായിക്കുന്നു. ശരീരത്തിന്റെ അടിഭാഗത്തു ഭംഗിയുള്ള വെള്ളത്തൂവലുകളും പുള്ളികളും വരകളുമുണ്ടാവും. എലികളാണ് പ്രധാന ആഹാരം. ഇവയ്ക്കു പത്തായപ്പക്ഷി, കളപ്പുരക്കൂമൻ എന്നിങ്ങനെയും പേരുകളുണ്ട്. പത്തായത്തിലും കളപ്പുരകളിലുമൊക്കെയാണല്ലോ എലിശല്യം കൂടുതൽ. അതുകൊണ്ടാകാം അങ്ങനെ പേരുവരാൻ കാരണം. ഇവയുടെ ശബ്ദം പ്രത്യേക രീതിയിലുള്ളതാണ്. പഴയ കെട്ടിടങ്ങളിലും മരപ്പൊത്തുകളിലുമാണ് ഇവ കൂടൊരുക്കുക. മൂന്നുമുതൽ ഏഴു വരെ മുട്ടകൾ ഇടാറുണ്ട്. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

വ്യാജംകൊണ്ടു നേടിയ ധനത്തിലാശ്രയിക്കരുത്; ആപത്തിൽ അത് ഉപകരിക്കുകയില്ല.

പ്രഭാഷകൻ 5:8

**എഡിറ്റോറിയൽ**

# ഭ്രാന്തൻലഹരികളിൽ കുട്ടികളും അടിമകളോ?

**കൊ**വിഡനന്തരകേരളത്തിൽ നമ്മുടെ കുട്ടികളിൽ അതിവേഗം പടരുന്ന മാരകമായ ഒരു പകർച്ചവ്യാധിയായി മയക്കുമരുന്നു മാറിയിരിക്കുന്നു. കുഞ്ഞിക്കൈകളിൽ മിഠായിപ്പൊതിപ്പോലെ മയക്കുപൊതികൾ അവരുടെ രസവിചാരങ്ങളെ നിയന്ത്രിക്കുകയും താലോലിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ല എന്നത്രേ വിദഗ്ധരുടെ അഭിപ്രായം.

നമ്മുടെ കുട്ടികളിൽ മയക്കുമരുന്നാസക്തി എത്രമാത്രം രൂക്ഷമാണെന്ന കാര്യം പലപ്പോഴും മാതാപിതാക്കളോ അധ്യാപകരോ അറിയുന്നില്ല എന്നതാണു ഖേദകരം. കുട്ടികൾ അവരുടെ ബാഗുകളിൽ ഒളിപ്പിച്ചുവച്ചു പരസ്പരം കൈമാറി രസിക്കുന്ന പൊതിക്കൂട്ടുകൾ എത്തരത്തിലുള്ളതാണെന്ന് അവർ അറിയുന്നില്ല, അന്വേഷിക്കാറുമില്ല. ഒന്നരവർഷത്തിനിടെ 21 വയസ്സു തികയാത്ത 3933 വിദ്യാർത്ഥികളെയാണ് മയക്കുമരുന്നിന് അടിമകളായി സംസ്ഥാനത്തെ വിവിധ ലഹരിവിമുക്തികേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചത്. ഇതിൽ അമ്പതുശതമാനവും തീരെ ചെറിയ കുട്ടികളാണെന്നോർക്കണം.

കുട്ടികൾ കണ്ണികളായ ഒരു വൻബിസിനസ്സായി ലഹരിവ്യാപാരം കേരളക്കരയിലാകെ പടർന്നുപിടിച്ചുകഴിഞ്ഞു. പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവുമധികം ലഹരിയിടപാടുകൾ നടക്കുന്നത് നമ്മുടെ കൊച്ചുകേരളത്തിലാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എക്സൈസ് വകുപ്പുമാത്രം പിടികൂടിയത് 16,150 കിലോ മയക്കുമരുന്നാണ് എന്നത് ഞെട്ടിക്കുന്ന കണക്കുതന്നെയാണ്. വലിയ മറയൊന്നുമില്ലാത്ത ഒരു ബിസിനസ്സായി മയക്കുമരുന്നുകച്ചവടം കേരളത്തിൽ ശക്തിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഏജന്റുമാർ, ഉപ ഏജന്റുമാർ, ചില്ലറ വില്പനക്കാർ അങ്ങനെ വലിയൊരു ശൃംഖലതന്നെ ഈ ബിസിനസ്സിനു പിന്നിലുണ്ട്. പിടിയിലാകുന്നത് ചെറിയ കണ്ണികൾ മാത്രം. കഴിഞ്ഞ പത്തുവർഷത്തിനിടെ കേരളത്തിൽ 36,000 ൽപ്പരം മയക്കുമരുന്നുകേസുകൾ പിടികൂടിയെങ്കിലും ഒരൊറ്റ കേസിൽപ്പോലും വമ്പൻസ്രാവുകൾ അകത്തായിട്ടില്ല.

ഗേറ്റ് വേ ഡ്രഗ് അഥവാ ലഹരിയിലേക്കുള്ള പ്രവേശനകവാടം എന്നാണ് കഞ്ചാവ് പൊതുവെ അറിയപ്പെടുന്നത്. കഞ്ചാവ് ഉപയോഗിച്ചുതുടങ്ങുന്നവർ വൈകാതെ മയക്കുമരുന്നുകൾക്കടിമകളാകുന്നു എന്നതാണ് ലഹരിവിമുക്തികേന്ദ്രങ്ങളിൽനിന്നുള്ള റിപ്പോർട്ട്. മയക്കുമരുന്ന് ഉപയോഗിച്ചാൽ നല്ല ഊർജ്ജവും ഉന്മേഷവും കിട്ടുമെന്നും നന്നായി 'പെർഫോം' ചെയ്യാൻ കഴിയുമെന്നും മയക്കുമരുന്നിനെ വെളുപ്പിക്കാൻ പല യുവാക്കളുമുയർത്തുന്ന വാദഗതികളാണ്.

നമ്മുടെ തലച്ചോറിന്റെ മുൻഭാഗത്ത് ഡോപമിൻ എന്ന രാസവസ്തു ഉണ്ട്. നമ്മുടെ ശരീരത്തിൽ ശ്രദ്ധയും ഏകാഗ്രതയും നിയന്ത്രിക്കുന്ന രാസവസ്തുവാണിത്. ആരോഗ്യകരമായ വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ ഡോപമിന്റെ അളവ് വളരെ സാവധാനമാണ് കൂടുകയും കുറയുകയും ചെയ്യുന്നത്. എന്നാൽ, ലഹരിവസ്തുക്കൾ കഴിക്കുമ്പോൾ ഡോപമിന്റെ അളവ് അനിയന്ത്രിതമായാണു കൂടുന്നത്. അതു മിഥ്യാസ്വപ്നങ്ങളിലേക്കും ഭാവനകളിലേക്കും അനാവശ്യഭയത്തിലേക്കും വലിച്ചിഴച്ച് ചിന്താശക്തി നശിപ്പിക്കും. കുത്തനെ കൂടുന്ന ഡോപമിൻ കുത്തനെ കുറയുമ്പോൾ ഒന്നും ചെയ്യാൻ താത്പര്യമില്ലാത്തെ അവസ്ഥയിലേക്കു മനസ്സുമാറും.

നമ്മുടെ കുട്ടികൾ എന്തുകൊണ്ട് ഇത്തരം ലഹരിക്കെണികളിൽ അകപ്പെടുന്നു എന്നതിന്റെ കാരണമന്വേഷിച്ച് അധികം അലയേണ്ടതില്ല. തെറ്റായ കുടുംബസാഹചര്യം മുതൽ ചീത്തക്കൂട്ടുകെട്ടുകൾവരെ അതിനു കാരണമായേക്കാം. കൊവിഡ് കാലത്തെ ലോക്ഡൗൺ അക്ഷരാർത്ഥത്തിൽ കുട്ടികളെ ഒറ്റപ്പെടുത്തി. പുറത്തിറങ്ങാനോ കൂട്ടുകാരുമൊത്തു കളിക്കാനോ ചിരിക്കാനോ ഒന്നും കഴിയാത്ത സാഹചര്യത്തിൽ അവരിൽ പലരും മാനസികമായി തളർന്നു. കുട്ടികൾക്കു മാനസികപിന്തുണ കൊടുക്കാൻ പറ്റാത്ത രക്ഷിതാക്കളിൽനിന്നു തുടങ്ങുന്നു അപകടത്തിന്റെ ആദ്യദ്ധ്യായം. ഇങ്ങനെ ഒറ്റപ്പെടുന്ന കുട്ടികൾ മയക്കുമരുന്നുകെണികളിൽ പെടുന്നതു സ്വാഭാവികം. സ്വന്തം മക്കൾ ഇത്തരം മോശം വഴികളിൽപ്പെടില്ലെന്ന വിശ്വാസമാണു പല മാതാപിതാക്കളെയും നയിക്കുന്നത്. അതുകൊണ്ടുതന്നെ, കുട്ടികൾ ലഹരിക്കടിമപ്പെട്ടു നാളുകൾ കഴിഞ്ഞതിനുശേഷമാണു പലരും അപകടം തിരിച്ചറിയുന്നത്. അപ്പോഴേക്കും എല്ലാം കൈവിട്ടുപോയിരിക്കും.

നമ്മുടെ കുട്ടികളിലെ പെരുമാറ്റവൈകല്യങ്ങൾ തിരിച്ചറിഞ്ഞ് അവർക്കു കൈത്താങ്ങാകാൻ അധ്യാപകക്കൂട്ടായ്മ തയ്യാറായാൽ അതു വലിയ ഗുണം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. പലപ്പോഴും അധ്യാപകർ ഇത്തരം കാര്യങ്ങൾ കേട്ടാൽ ഉദാസീനത പാലിക്കുകയാണു പതിവ്. വിദ്യാലയപരിസരങ്ങളിൽ തഴച്ചുവളരുന്ന മയക്കുമരുന്നു മാഫിയയ്ക്കെതിരേ പ്രവർത്തിക്കാനോ ബോധവത്കരണം നടത്താനോ കുട്ടികളെ എന്തുകൊണ്ട് പ്രബുദ്ധരാക്കുന്നില്ല? അതിനെതിരെ പ്രതികരിക്കാൻ അധ്യാപകസംഘടനകളോ ജനപ്രതിനിധികളോ സാമൂഹികപ്രവർത്തകരോ എന്തുകൊണ്ടു തയ്യാറാകുന്നില്ല?

വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരിവ്യാപനം തടയാൻ ഒട്ടേറെ പദ്ധതികൾ കേരളത്തിലുണ്ട്. സ്റ്റുഡന്റ് പൊലീസ് കേഡറ്റ് (എസ്.പി.സി), അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് തുടങ്ങിയവ ഉദാഹരണം. സംസ്ഥാനത്തെ 132 പൊലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാണ്. കുട്ടികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പതിനായിരത്തിലധികം പൊലീസ് ഉദ്യോഗസ്ഥർക്കാണു വിദഗ്ധപരിശീലനം നല്കിയത്. പക്ഷേ, ഈ സൗകര്യങ്ങളൊന്നും വേണ്ടവിധം പ്രയോജനപ്പെടുത്താൻ ആരും തയ്യാറാകുന്നില്ലെന്നുമാത്രം. ഈ പദ്ധതികളെല്ലാം കാര്യക്ഷമമാക്കിയാൽത്തന്നെ നമ്മുടെ വിദ്യാലയങ്ങൾ വലിയൊരളവുവരെ ലഹരിവിമുക്തമാക്കാൻ സാധിക്കും. വൈറസിനെക്കാൾ മാരകമായ മയക്കുമരുന്നിന്റെ പകർച്ചയെ ചെറുത്തുതോല്പിക്കാൻ കൂട്ടുത്തരവാദിത്വത്തോടെ നമുക്കു കൈകോർക്കാം.

# കുഞ്ഞുങ്ങൾ ഭാവിയുടെ ഒഴിച്ചുകൂടാനാവാത്ത സമ്പത്ത്

## ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ സിറ്റി: വിവാഹത്തിൽ അടിത്തറയുള്ള കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനകോശമെന്നും കുഞ്ഞുങ്ങൾ ഭാവിയുടെ ഒഴിച്ചുകൂടാനാവാത്ത സമ്പത്താണെന്നും ഫ്രാൻസിസ് പാപ്പാ. യൂറോപ്പിലെ കത്തോലിക്കാകുടുംബസംഘങ്ങളുടെ സംയുക്ത സമിതിയായ 'ഫെഡറേഷൻ ഓഫ് കാത്തലിക് ഫാമിലി അസോസിയേഷൻസ് ഇൻ യൂറോപ്പി'ന്റെ 25-ാം വാർഷികത്തോടനുബന്ധിച്ചു നടത്തിയ കൂടിക്കാഴ്ചയിൽ സന്ദേശം നൽകുകയായിരുന്നു പാപ്പാ. കുടുംബങ്ങളുടെ വളർച്ചയിലുള്ള തടസ്സങ്ങൾ നീക്കാനും കുടുംബങ്ങൾ എല്ലാവർക്കും സൽഫലം നൽകുന്ന ഒരു പൊതുനന്മയാണെന്നു തിരിച്ചറിയാനും രാഷ്ട്രങ്ങൾക്കു ചുമതലയുണ്ടെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. സ്ത്രീ




കൾക്കും കുട്ടികൾക്കുമെതിരായ വിവേചനത്തിനെതിരേയും താഴ്ന്ന ജനനനിരക്ക്, പ്രായമായവരോടുള്ള അവഗണന, അശ്ലീലതയുടെ ശാപം തുടങ്ങിയ വിവിധ വിഷയങ്ങളിലും പാപ്പാ മുന്നറിയിപ്പു നൽകി.

റഷ്യ - യുക്രെയ്ൻ യുദ്ധപശ്ചാത്തലത്തിൽ കുടുംബങ്ങൾ ദുരന്തപൂർണമായ നിമിഷങ്ങളിലൂടെ കടന്നുപോകുന്നതിൽ പാപ്പാ ഖേദം പ്രകടിപ്പിച്ചു. കുടുംബങ്ങൾ യുദ്ധം ആഗ്രഹിക്കുന്നില്ലായെന്ന് ഓർമിപ്പിച്ച ഫ്രാൻസിസ് പാപ്പാ, പോളണ്ടിലും, ലിത്വാനിയ, ഹംഗറി എന്നിവിടങ്ങളിലും അഭയാർത്ഥികളെ സ്വാഗതം ചെയ്യുന്നതിൽ മുൻനിരയിൽ നിൽക്കുന്ന കുടുംബങ്ങളെയും കുടുംബശൃംഖലകളെയും അഭിനന്ദിക്കുകയും ചെയ്തു. അല്മായരും കുടുംബങ്ങളും കുടുംബങ്ങളെ പിൻതുടരുന്ന പ്രവർത്തനങ്ങളോടുള്ള തുറവുള്ള നിലപാട് യൂറോപ്പിലും അതിനു പുറത്തുമുള്ള, പ്രാദേശികസഭകളിൽ അടിയന്തരമായി ആവശ്യമാണെന്ന് പാപ്പാ ഓർമപ്പെടുത്തി.

അശ്ലീലത അന്തസ്സിനും പൊതുജനാരോഗ്യത്തിനും നേരേയുള്ള ശാശ്വതമായ അക്രമമാണെന്നും കുടുംബത്തെയും സമൂഹത്തെയും ഒരുപോലെ ഭീഷണിപ്പെടുത്തുന്നുണ്ടെന്നും പാപ്പാ പറഞ്ഞു. ഓൺലൈൻ മുഖാന്തിരം എല്ലായിടത്തും വ്യാപിക്കുന്ന അശ്ലീലതയുടെ വിപത്ത്, സ്ത്രീകളുടെയും പുരുഷൻമാരുടെയും അന്തസ്സിനുമേലുള്ള ശാശ്വതമായ ആക്രമണമായി മനസ്സിലാക്കി അപലപിക്കപ്പെടണം. ഇതു കുട്ടികളെ സംരക്ഷിക്കുന്നതിൽ മാത്രമല്ല - അശ്ലീലത പൊതുജനാരോഗ്യത്തിനുതന്നെ ഭീഷണിയാണെന്നു പ്രഖ്യാപിക്കുന്നതിനുള്ള അധികാരികളുടെയും നമ്മുടെ ഓരോരുത്തരുടെയും അടിയന്തരമായ ഉത്തരവാദിത്വമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു. കൂട്ടായ്മയിൽ ഒന്നുചേർന്നവരെ പ്രത്യേകം ആശീർവദിക്കുകയും തനിക്കായി പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടാണ് ഫ്രാൻസിസ് പാപ്പാ തന്റെ വാക്കുകൾ ചുരുക്കിയത്.

ബാലനോവൽ 12 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



“രാജരാജൻ സത്യധർമൻ വിജയിച്ചാലും.” മന്ത്രിയുടെ സ്വരമാണല്ലോ അത്. രാജാവു വിചാരിച്ചു.

“വരൂ... മന്ത്രീ.”

“അങ്ങു വിശ്രമത്തിലാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഞാനിങ്ങോട്ടു വന്നത്.” സോമദേവൻ മുഖവുരയായിപ്പറഞ്ഞു.

“പറഞ്ഞോളൂ മന്ത്രീ. എന്താണു താങ്കളുടെ ആഗമനോദ്ദേശ്യം? സത്യധർമരാജാവു ചോദിച്ചു.

“വിഷയം രാജകുമാരിയുടേതുതന്നെ. അതങ്ങുമറന്നോ...”

“ഇല്ല മന്ത്രീ, നാം മറന്നിട്ടില്ല.”

“ഉടൻ നമ്മൾ കരുക്കൾ നീക്കണം. രാജകുമാരിയുടെ മനസ്സിൽ മറ്റൊരാളെ കയറ്റി വിടണം.”

“മന്ത്രി പറയുന്നത്... ഒന്നുകൂടെ വ്യക്തമാക്കൂ.”

“അതായത്, സുഗന്ധി രാജകുമാരിയുടെ മനസ്സിൽ എങ്ങനെയോ ആ രാക്ഷസപ്രവീണൻ കയറിക്കൂടിയിട്ടുണ്ട്. അതാണ് അവൻ ഇടയ്ക്കിടയ്ക്ക് കുമാരിയുടെ വിവരമറിയാൻ വരുന്നത്.

‘‘രാജകുമാരി വേറൊരു യുവാവിനെ പരിചയപ്പെടണം. ആ യുവാവ് എങ്ങനെയെങ്കിലും കുമാരിയുടെ മനസ്സിൽ കയറിക്കൂടിയാൽ നാം രക്ഷപ്പെട്ടു. പിന്നെ രാക്ഷസനെ ഒഴിവാക്കാനെളുപ്പമാണ്.” സോമദേവൻ വലിയ ബുദ്ധിയുപദേശിക്കുന്നപോലെ രാജാവിനോടു പറഞ്ഞു.



‘‘പക്ഷേ, അങ്ങനെയൊരു യുവാവ് എവിടെ സോമദേവാ,”

‘‘അവിടുന്നു സമ്മതിച്ചാൽ ഒരു യുവാവിനെ ഞാൻതന്നെ കൊണ്ടുവരാം.”

“സന്തോഷം. ഏതു യുവാവായിരിക്കും അത്? ഒന്നറിഞ്ഞാൽക്കൊള്ളാം.”

“തീർച്ചയായും തിരുമേനീ... ആ യുവാവ് എന്റെ മകൻ പ്രേമസ്വരൂപനാണ്. ഇതു പറഞ്ഞതുകൊണ്ട് അങ്ങക്കീയുള്ളവനോടു തിരുവുള്ളക്കേടുണ്ടാവില്ലെന്നു കരുതുന്നു.”

രാജാവു പുഞ്ചിരിച്ചു. നമ്മുടെ മന്ത്രി മോശക്കാരനല്ല. ഈ ദുർഘടസന്ധിയിൽനിന്നു രാജകുമാരിയെ രക്ഷിക്കാൻ ഉപായം കണ്ടെത്തിയിരിക്കുന്നു. തന്നോടും ഈ രാജ്യത്തോടും മന്ത്രിക്കു കൂറുണ്ട്, സ്നേഹമുണ്ട്. ഏതായാലും കുമാരിയുടെ മനസ്സിൽനിന്നു രാക്ഷസനെ ഒഴിവാക്കണം. അവിടെ മറ്റൊരു മിടുക്കൻ കയറിപ്പറ്റണം. രാജാവിന്റെ മൗനം മന്ത്രിയെ അല്പം വിഷമിപ്പിച്ചു. ഇദ്ദേഹം താൻ പറഞ്ഞതു വെറും തമാശയായിക്കരുതിയോ? തന്റെ മകനെക്കൊണ്ടു സുഗന്ധിരാജകുമാരിയെ വിവാഹം ചെയ്യിക്കണം. ഈ രാജ്യത്തിന്റെ പകുതി തട്ടിയെടുക്കണം. തന്റെയും മന്ദാകിനിയുടെയും ആഗ്രഹമതാണ്. മന്ത്രിക്കൊരു സംശയമേയുള്ളൂ. തന്റെ മകൻ പ്രേമസ്വരൂപൻ ഈ കളിയിൽ വിജയിക്കുമോ?

നോക്കാം, ഒന്നു പയറ്റിനോക്കുകതന്നെ. ഒത്താൽ രാജ്യത്തിന്റെ പകുതിയും സ്വത്തുക്കളും തന്റെ സ്വന്തം. ഭാവിയിലെ രാജാവും മന്ത്രിയും താനും മകനും. സോമദേവന്റെ സ്വപ്നങ്ങൾ സ്വർണച്ചിറകുകൾ വച്ചു പറന്നു.

രാജാവു മൗനത്തിലാണല്ലോ.

“അവിടുന്ന് മറുപടിയൊന്നും പറഞ്ഞില്ല.’’ സോമദേവൻ തല ചൊറിഞ്ഞുകൊണ്ടുനിന്നു.

“താങ്കൾ കളി തുടങ്ങിക്കോളൂ മന്ത്രീ, എനിക്കു സമ്മതം. എങ്ങനെയാണു താങ്കളുടെ മകനെ നമ്മുടെ പുത്രിയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.”

‘‘രാജകുമാരിയും തോഴിമാരും എന്നും സായന്തനത്തിൽ പൂന്തോട്ടത്തിൽ വിശ്രമിക്കുമല്ലോ. അപ്പോൾ ഞാൻ പ്രേമസ്വരൂപനെ അങ്ങോട്ടു കയറ്റിവിടും. തിരുമനസ്സും രാജ്ഞിയും മട്ടുപ്പാവിലിരുന്ന് ആ കാഴ്ച കണ്ടുകൊള്ളണം.”

“ശരി. അങ്ങനെതന്നെ മന്ത്രീ,” രാജാവ് സന്തോഷവാനായി.

“എന്നാൽ ഞാനങ്ങോട്ട്...” മന്ത്രി വിട ചോദിച്ചു.

“പൊയ്ക്കൊള്ളൂ.”

സോമദേവൻ പോയി. തന്റെ മന്ത്രി ബുദ്ധിമാൻതന്നെ. പക്ഷേ, ഇവന്റെ മകൻ പ്രേമസ്വരൂപൻ എങ്ങനെയിരിക്കുന്നെന്ന് തനിക്കൊരു രൂപവുമില്ല. സുന്ദരനാണെന്നൊക്കെ മന്ത്രി പറയുന്നുണ്ട്. ങാ... എല്ലാം നേരിൽക്കാണാം. നാളെ വൈകുന്നേരം.

പിറ്റേന്നു സായാഹ്നമായപ്പോൾ സുഗന്ധി രാജകുമാരിയും തോഴിമാരായ ചെമ്പകവും ചാരുതലയും പൂന്തോട്ടത്തിൽ ഉല്ലസിക്കാനിറങ്ങി. പൂക്കളുടെ മണംകൊണ്ട് അവിടം സുരഭിലമായിരുന്നു.

സ്വർഗീയമായ ഒരന്തരീക്ഷം.

മെല്ലെ വീശുന്ന കുളിർക്കാറ്റ്. ആ കുളിർക്കാറ്റിൽ എന്തോ വാസനദ്രവ്യങ്ങളുടെ മണം കലർന്നിട്ടുണ്ട്.

അതാ ഒരാൾ നടന്നുവരുന്നു. കോമളനായ ഒരു യുവാവ്.

വൃത്തിയായി വസ്ത്രധാരണം ചെയ്ത ഒരു രാജകുമാരൻ.

‘‘നിങ്ങൾ ആരാണ്? ഈ പൂന്തോട്ടത്തിലേക്ക് അനുവാദമില്ലാതെ അതിക്രമിച്ചു കടന്നതെന്തിനാണ്?’’ രാജകുമാരി ചോദിച്ചു.

“കുമാരി ക്ഷോഭിക്കാതിരിക്കൂ. അനുവാദം വാങ്ങിത്തന്നെയാണ് ഞാനിങ്ങോട്ടു വന്നത്...” യുവാവ് സൗമ്യനായി പറഞ്ഞു.

“എന്താണു താങ്കളുടെ പേര്? എവിടെനിന്നു വരുന്നു...?”

“പേര് പ്രേമസ്വരൂപൻ. ഇവിടെ അടുത്തുനിന്നാണു വരുന്നത്...”

സൗമ്യമായ വാക്കുകൾ...

മനം മയക്കുന്ന പുഞ്ചിരി...

രാജകുമാരിയുടെ മനസ്സിളകുമോ?”

*(തുടരും)*






ടി.പി. ശാസ്തമംഗലം

# ചന്ദനപ്പൂവും മരന്ദരാഗിണിയും

ചന്ദനമരത്തിന്റെ പൂവിനെക്കുറിച്ചു ചിന്തിക്കാൻ നമ്മെ പ്രേരിപ്പിച്ചിരിക്കുന്നു ഇതാ ഒരു പാട്ടെഴുത്തുകാരൻ. ആദ്യം ഈ ഗാനം കേൾക്കുക.

“താരം താനേ തിരി താഴ്ത്തിയ
നേരം എന്റെ കിനാവിന്റെ
തേരിൽ നീ മാത്രമായിരുന്നു.
സഖീ നീ മാത്രമായിരുന്നു
രാഗം മൂളും നീലത്താമര
താരോ
നീ ദേവകന്യകത്താരോ
പ്രിയേ നീ ചന്ദനപ്പൂവായിരുന്നു”

(ചിത്രം – കാളച്ചേകോൻ; ഗാനരചന – കെ.എസ്. ഹരിഹരൻ; സംഗീതം – ഡോ. ഗിരീഷ് ജ്ഞാനദാസ്; ആലാപനം – പി. ജയചന്ദ്രൻ)

സുഗന്ധമോ ഭംഗിയോ ഇല്ലാത്ത പൂവാണ് ചന്ദനത്തിന്റേത്. എന്നിട്ടും അഭിമാനത്തോടെ ഗാനരചയിതാവ് പറയുന്നു ‘പ്രിയേ നീ ചന്ദനപ്പൂവായിരുന്നു’ എന്ന്. നായിക ഇപ്പോൾ അങ്ങനെയല്ല എന്ന ദുസ്സൂചനയും ഗാനത്തിലുണ്ട്.

കണ്ടില്ലേ, പൂവൊക്കെ പാടാൻ തുടങ്ങിയിരിക്കുന്നു. നീലത്താമരത്താര് രാഗം മൂളുകയാണത്രേ. ആ നീലത്താമരപ്പൂവായും ദേവകന്യകത്താരായും നായികയെ കല്പിച്ചിരിക്കുന്നു പാട്ടെഴുത്തുകാരൻ. അഞ്ചാറു വരികളുള്ള ഈ പല്ലവിയിൽ നായികയുമായുള്ള പ്രണയത്തെയും അവളുടെ സൗന്ദര്യത്തെയും ആവിഷ്കരിക്കാനാണ് കെ.എസ്. ഹരിഹരൻ ശ്രമിച്ചത്. പക്ഷേ, വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതു പോലെയായി കാര്യങ്ങൾ.

‘‘മധുചന്ദ്രിക തൂകും രാവിൽ
മരന്ദരാഗിണി മീട്ടും ശ്രുതിയിൽ
ഒഴുകും പ്രേമവിപഞ്ചികയിൽ
രാഗവതീ നീയെൻ
പ്രണയവസന്തം
അഴകിൻ വർണസുഗന്ധം”

രാഗിണി എന്നാൽ അനുരാഗമുള്ളവൾ എന്നർത്ഥം; സമ്മതിച്ചു. എന്നാൽ ‘മരന്ദരാഗിണി’ (മരന്ദം = പൂന്തേൻ)പോലെയുള്ള പ്രയോഗങ്ങൾ തൊണ്ടതൊടാതെ വിഴുങ്ങാൻ പ്രയാസമാണ്. സുഗന്ധത്തിനു വർണമുണ്ടെന്ന കണ്ടുപിടിത്തവും ശുദ്ധഭോഷ്കല്ലേ? പ്രേമവിപഞ്ചികയിൽ ശ്രുതി ഒഴുകുന്നെന്നാണോ പ്രേമവിപഞ്ചിക തന്നെ ഒഴുകുന്നെന്നാണോ? അർത്ഥശങ്കയ്ക്കിടനല്കാത്തവിധം വരികൾ ചമയ്ക്കുകയെന്ന പ്രാഥമികതത്ത്വംപോലും ഇവിടെ പാലിച്ചിട്ടില്ല.

“ഇതു പൂത്തുലയും വിണ്ണിൽ
മധുചൊരിയും
നിൻ മേനിയിൽ നിറയെ
രതിരാഗമുതിരും
മെല്ലെത്തഴുകും തനുവിൽ
താനേ
വർണമയൂഖം വിടരും
തുടുരാഗപരാഗം നിറയും”

വരികളൊപ്പിക്കാനുള്ള രചയിതാവിന്റെ തത്രപ്പാടു കണ്ടിട്ട് ചിരി വരുന്നു. ഗാനം ഒരുവിധത്തിൽ തട്ടിക്കൂട്ടിയെടുത്തപ്പോൾ ആവർത്തനംകൊണ്ട് വിരസമായിപ്പോയി. രാഗം നാലു തവണയും താര് (പൂവ്), പ്രേമം (പ്രണയം) എന്നിവയും മൂന്നുവട്ടവും മധു (മരന്ദം), തനു (മേനി) എന്നിവ രണ്ടു പരിവൃത്തിയും പ്രയോഗിച്ചിട്ടേ രചയിതാവ് തൂലിക താഴെ വയ്ക്കുന്നുള്ളൂ. ഇത്തരം ഇരട്ടിപ്പുകൾ എടുത്തുമാറ്റിയാൽ ഗാനത്തിൽ പിന്നെയെന്തുണ്ടാവും? അതിനെക്കുറിച്ച് ഇന്നത്തെ ഗാനശില്പികൾ അല്പംപോലും ബോധവാന്മാരല്ല. അവർക്ക് ഈണത്തിനൊപ്പിച്ചു പദങ്ങൾ അടുക്കിക്കഴിഞ്ഞാൽ ജോലി തീർന്നു എന്ന വിചാരമാണ്. പുതിയ പാട്ടുകൾ നീർക്കുമിളപോലെ തകർന്നു തരിപ്പണമാകാൻ കാരണം ഈ അബദ്ധധാരണയാണ്. കൂട്ടത്തിൽ കവിത്വം കഷ്ടിപിഷ്ടിയാകുന്നതോടെ തകർച്ച പൂർണമാകുന്നു. കാവ്യസംസ്കാരം എന്നൊന്നുണ്ട്. അത് ആർജിക്കാത്തവർ തൂലിക തൊടാതിരിക്കുകയാണു ഭേദം. കൈരളിയോട് (മലയാളത്തോട്) അത്രയെങ്കിലും നീതി പുലർത്താൻ അവർ തയ്യാറാകണം എന്നാണ് എന്റെ എളിയ അപേക്ഷ.

■

കവിത ഏലിക്കുട്ടി മാണി തടത്തിൽ

# അണ്ണാറക്കണ്ണനും പൈങ്കിളിയും



“പച്ചക്കിളിയെന്തേ ചിന്തിച്ചിരിക്കുന്നു
പ്രാണേശനെത്തിടാൻ വൈകിയിട്ടോ?
പൂഞ്ചുണ്ടിൽ പൂമ്പഴം കൊത്തിയെടുത്തവൻ
വേഗത്തിലെത്തിടും ദുഃഖിക്കേണ്ട.”
അണ്ണാറക്കണ്ണന്റെ തേൻമൊഴി കേൾക്കവേ
ആടിക്കളിച്ചവൾ നൃത്തമാടി
ചാടിക്കയറി മുകളിലെ കൊമ്പിൻമേൽ
താഴേക്കു കണ്ണനെ വീക്ഷിച്ചവൾ
“നിങ്ങൾതൻ പ്രേയസി എങ്ങുപോയ് സോദരാ
മാമ്പഴം ഭക്ഷിക്കാൻ പോയതാണോ?”
“യാത്രാമധ്യേ ഒരു ആപത്തിൽപ്പെട്ടെന്റെ
പ്രേയസി ക്ഷീണിതയാണുപോലും
ഈ മരപ്പൊത്തിലുണ്ടെന്നുടെ കൺമണി
എൻതുണയേറ്റവൾ ജീവിക്കുന്നു”
പച്ചക്കിളി ദൂരേക്കെത്തി നോക്കി വീണ്ടും
തന്നുടെ പ്രിയനെ കണ്ടെത്തിടാൻ
അപ്പോഴതാ പറന്നെത്തുന്നു പ്രാണേശൻ
പൂഞ്ചുണ്ടിൽ പൂമ്പഴം പേറിക്കൊണ്ട്.
പൂമ്പഴം വായിലേക്കേറ്റു വാങ്ങിയവൾ
സന്തുഷ്ടിയോടെ പശിയടക്കി
അണ്ണാറക്കണ്ണന്റെ ദൈന്യസ്ഥിതി കണ്ട്
പൈങ്കിളികൾ രണ്ടും പോയി വീണ്ടും
വാഴപ്പഴം ചുണ്ടിൽ പേറിയവർ ശീഘ്രം
എത്തിയാ കണ്ണനെ ഏല്പിച്ചുപോയ്
പൊത്തിലിരിക്കും പ്രിയയുടെ വായിലേ-
യ്ക്കാപ്പഴം വച്ചു കൊടുത്തു കണ്ണൻ
പൈങ്കിളികൾ രണ്ടും ഒത്തുചേർന്നാഹാരം
തോരാതെ എത്തിച്ചു സ്നേഹവായ്പാൽ
ഏതാനും നാൾകൊണ്ടു കണ്ണനും കാന്തയും
രക്ഷകർക്കു നന്ദി ചൊല്ലിപ്പോയി.



# വേണ്ടാത്ത പണികൾ ഈ മണ്ണിൽ വേണ്ട



33
പ്രകൃതിക്കൊരു പുനർവായന




**മാത്യു എം. കുര്യാക്കോസ്**

**അ**തിശക്തമായി അടിച്ചുതാഴ്ത്തുന്ന മഞ്ഞക്കുറ്റികളുടെ പ്രഹരമേറ്റു മാറു പിളർന്നു നിൽക്കുന്ന ഭൂമി പതിവുപോലെ നിശ്ശബ്ദയാണ്... പക്ഷേ, പ്രതിരോധത്തിന്റെ കനൽച്ചൂടുമായി, മരിച്ച്, മണ്ണോടു ചേർന്നിരുന്നിട്ടും ഒരാത്മാവ് നിലവിളിക്കുന്നുണ്ട്. അതു മറ്റാരുടേതുമല്ല; മണ്ണിനെ ഒന്നു ചവിട്ടുമ്പോൾ പോലും തനിക്കു വേദനിക്കുന്നുവെന്നു പറഞ്ഞ്, മണ്ണിളക്കാതെ, മഴുവെറിയാതെ, ഉഴാതെ, കിളയ്ക്കാതെ, ഫലംകൊയ്യുന്ന ഒരു കൃഷിരീതി ലോകത്താദ്യമായവതരിപ്പിച്ച മസനോബു ഫുക്കുവോക്കയുടെ ആത്മാവാണ്.

15 വർഷംമുമ്പ് തന്റെ 95-ാമത്തെ വയസ്സിൽ ലോകത്തോടു വിടപറഞ്ഞ ഫുക്കുവോക്കയുടെ ദർശനങ്ങൾ ഒന്നോർത്തെടുക്കുന്നതു നല്ലതാണ്. കാരണം, ഇന്നു നാം നടത്തുന്ന മത്സരയോട്ടത്തിനിടയിൽ ഒന്നു നില്ക്കാനും സ്വസ്ഥമായൊന്നിരിക്കാനും പ്രകൃതിയുടെ ലാവണ്യമാസ്വദിക്കാനും അതു നമ്മെ നിർബന്ധിക്കുന്നു.

1913 ൽ ജപ്പാനിലെ ഷിക്കോകു ദ്വീപിൽ ജനിച്ച മസനോബു ഫുക്കുവോക്ക പഠനത്തിൽ മികവു പുലർത്തിയിരുന്നു. ചെറിയ പ്രായത്തിൽത്തന്നെ യോക്ക്ഹാമിൽ കസ്റ്റംസ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. രാജ്യത്തിനുള്ളിലേക്കും പുറത്തേക്കും എത്തുന്ന സസ്യങ്ങളിൽ രോഗബാധയുണ്ടോ എന്നു പരിശോധിക്കുന്ന ജോലിയാണു ചെയ്തിരുന്നത്. എന്നാൽ, തന്റെ 25-ാമത്തെ വയസ്സിൽ പെട്ടെന്നുണ്ടായ ഒരു പ്രചോദനത്താൽ ജോലി രാജിവച്ച് സ്വഭവനത്തിലെത്തി അവിടെയുള്ള സ്ഥലത്തു പരമ്പരാഗതമായ രീതികളുപേക്ഷിച്ച്, പ്രകൃതിയോടിണങ്ങി നൂതനരീതിയിലുള്ള ഒരു കൃഷിസങ്കേതം വികസിപ്പിച്ചെടുത്തു. പിന്നീടുള്ള നീണ്ട 65 വർഷം ഒരു നല്ല കർഷകനായും, തത്ത്വചിന്തകനായും താൻ കണ്ടെത്തിയ ബോധ്യങ്ങൾ പറഞ്ഞും പഠിപ്പിച്ചും തന്റെ കൃഷിരീതികൾ പ്രവർത്തിച്ചുകാണിച്ചും ഫുക്കുവോക്ക ജീവിച്ചു. ഫുക്കുവോക്കയുടെ ലളിതമായ ജീവിതരീതിയും വിപ്ലവാത്മകമായ കൃഷിരീതികളും കണ്ടറിയാൻ സ്വദേശത്തുനിന്നും വിദേശത്തുനിന്നും ധാരാളമാളുകൾ അദ്ദേഹത്തിന്റെ ഫാമിലെത്തുകയും മാസങ്ങളോളം താമസിച്ചുപഠിച്ചുമടങ്ങുകയും ചെയ്തിട്ടുണ്ട്.

1975 ൽ ഫുക്കുവോക്ക എഴുതിയ 'ഒറ്റവൈക്കോൽ വിപ്ലവം' എന്ന പുസ്തകം ഇരുപത്തഞ്ചിലധികം ഭാഷകളിലേക്കു തർജ്ജിമ ചെയ്യുകയും വ്യാപകമായി വായിക്കപ്പെടുകയും ചെയ്തു. വിഖ്യാതമായിത്തീർന്ന ഈ പുസ്തകത്തിന്റെ വായന ഒരു പുത്തൻ കാർഷികവിപ്ലവത്തിനുതന്നെ തുടക്കംകുറിച്ചു. മണ്ണിളക്കാതെ, ഉഴാതെ, മണ്ണിൽ യാതൊരുവിധ രാസവളങ്ങളും ചേർക്കാതെ, കീടനാശിനികളുപയോഗിക്കാതെ, യന്ത്രസഹായമില്ലാതെ, വെള്ളം കെട്ടിനിർത്താതെ നെൽക്കൃഷി ചെയ്യാമെന്നു പ്രായോഗികമായി കാണിച്ചുകൊടുത്ത ലോകത്തെ ആദ്യശാസ്ത്രജ്ഞനാണ് ഫുക്കുവോക്ക. കൃഷി ചെയ്യാമെന്നു മാത്രമല്ല, അന്നു നിലവിലിരുന്ന കൃഷിരീതികൾക്കൊപ്പമോ അതിലധികമോ വിളവു ലഭിച്ചു എന്നതാണദ്ഭുതം! ഈ അദ്ഭുതക്കാഴ്ചകളിലേക്കാണ് ഫുക്കുവോക്ക വിനയപൂർവം ഏവരെയും ക്ഷണിക്കുന്നത്. പ്രകൃതിയിൽ നാം നടത്തുന്ന കൃഷി എന്നല്ല, പ്രകൃതിക്കൊപ്പമുള്ള കൃഷി എന്നാണദ്ദേഹമതിനെ വിളിക്കുന്നത്. ഈ കൃഷിരീതിയുടെ ഏറ്റവും വലിയ പ്രത്യേകതയായി 'പണി വേണ്ടാത്ത കൃഷി'യെന്ന് അദ്ദേഹം അതിനെ വിശേഷിപ്പിക്കുമ്പോൾ, മേലനങ്ങാതെയുള്ള ഉട്ട്യോപ്യൻ കൃഷിരീതിയാണ് എന്നു ധരിക്കരുത്. 'വേണ്ടാത്ത പണികൾ' എന്നതാണു വിവക്ഷ. അദ്ദേഹത്തെ സംബന്ധിച്ച് മണ്ണ് ഉഴുന്നതും വളമിടുന്നതും കള പറിക്കുന്നതും വെള്ളം കെട്ടിനിർത്തുന്നതുമൊക്കെ വേണ്ടാത്ത പണികളാണ്. ഇതൊക്കെ ഉപേക്ഷിച്ചാൽ വലിയ അധ്വാനമില്ലാതെതന്നെ മണ്ണ് വിളവു നൽകുമെന്നും മണ്ണിന്റെ മനസ്സറിഞ്ഞ്, അതിനെ പ്രണയിച്ച് നമുക്കു സന്തോഷത്തോടെ ജീവിക്കാനാകുമെന്നും അദ്ദേഹം പറയുന്നു. പ്രകൃതികൃഷിയെന്നോ സ്വാഭാവികകൃഷിയെന്നോ ഇതിനെ വിളിക്കാം.



സ്വന്തം ദർശനം ആയിരം തവണ വിവരിക്കുന്നതിനെക്കാൾ നല്ലത് അതൊരിക്കൽ ചെയ്തു കാണിക്കുന്നതാണ് എന്നതാണ് ഫുക്കുവോക്കയുടെ മതം. പറയുന്നതു ചെയ്യുന്നവൻ വിശേഷവത്കരണത്തിന്റെ മതിലാണു പൊളിക്കുന്നത്. വെറും അറിവിന്റെ പുറത്തുനിന്നല്ല, അറിവും അനുഭവവും ഒന്നിക്കുന്ന അധികാരത്തോടെയാണു ഫുക്കുവോക്ക സംസാരിക്കുന്നത്. ശാസ്ത്രജ്ഞാനംകൊണ്ടു ഗ്രഹിക്കാവുന്ന പ്രകൃതി നശിപ്പിക്കപ്പെട്ടതാണെന്ന് അദ്ദേഹം പറയുന്നു. ആത്മാവു നശിച്ച് അസ്ഥി മാത്രം ശേഷിച്ച പ്രകൃതിയുടെ പ്രേതമാണത്. കൃഷിയുടെ അന്തിമലക്ഷ്യം വിളവുണ്ടാക്കലല്ല; മനുഷ്യരുടെ സമ്പൂർണമായ സാംസ്കാരികോന്നമനമാണെന്ന് ഫുക്കുവോക്ക പറയുമ്പോൾ വർത്തമാനവികസനസംസ്കാരത്തിൽ അതെത്രമാത്രം സ്വീകാര്യമാകുമെന്നു വിലയിരുത്തപ്പെടേണ്ടതാണ്. സുഖവും സന്തോഷവും സ്വന്തമാക്കാനുള്ള പ്രയത്നംതന്നെ അവയെ നശിപ്പിക്കുമെന്നറിയുന്നവനു മാത്രമേ പ്രകൃതിയുടെ തത്ത്വം ബോധ്യമാകൂ. മനുഷ്യന്റെ ആത്മീയമായ ആരോഗ്യത്തിൽനിന്നാണ് പ്രകൃതിയുടെ തുടക്കമെന്ന് ഫുക്കുവോക്ക വിശ്വസിക്കുന്നു. മണ്ണിന്റെ ആരോഗ്യസംരക്ഷണവും മനുഷ്യന്റെ ആത്മീയസംസ്കരണവും അദ്ദേഹത്തിന് ഒരേ പരിപാടിയാണ്. നാട്ടിൻപുറത്തുള്ള നല്ല കർഷകരുമായുള്ള ബന്ധവും വർത്തമാനങ്ങളും ഇങ്ങനെയൊരാത്മീയാനുഭൂതി ലേഖകനു പകർന്നുനൽകുന്നുണ്ടെന്നുള്ള സ്വന്തമായ അനുഭവവും ഇത്തരുണത്തിൽ രേഖപ്പെടുത്തട്ടെ.

ഇങ്ങനെ ചെയ്താലെന്താ? അങ്ങനെ ചെയ്താലെന്താ? എന്ന പരിഷ്കൃതരീതികൾ ഉപേക്ഷിച്ച് ഫുക്കുവോക്ക തിരഞ്ഞെടുത്തത് ഇങ്ങനെ ചെയ്തില്ലെങ്കിലെന്താ? എന്ന ശൈലിയാണ്. ഉഴമ വേണ്ട; കമ്പോസ്റ്റ് വേണ്ടാ എന്നുള്ള നിലപാടുകളിലെത്തിയതങ്ങനെയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പരിഷ്കൃതരീതികൾ ആദ്യം പ്രകൃതിയുടെ താളം തെറ്റിക്കുന്നു. അതോടെ കൃഷിക്കു പ്രകൃതിയുടെ സംരക്ഷണം നഷ്ടമാകുന്നു. നഷ്ടപ്പെട്ട പ്രകൃതിസംരക്ഷണത്തിനു പകരം കൃത്രിമസംരക്ഷണം നൽകുന്നു. അതു പിന്നീട് കൊട്ടിഘോഷിക്കപ്പെടുന്നു. മനോഹരമായ ഒരു ഉപമയിലൂടെ ഫുക്കുവോക്ക ഇതു വിശദീകരിക്കുന്നുണ്ട്. സംഗീതം ഗ്രഹിക്കാൻ കുഞ്ഞിനു സഹജവാസനയുണ്ട്. അരുവിയുടെ കളകളം, തവളകളുടെ കോലാഹലം, ഇലകളുടെ മർമരം എന്നീ പ്രകൃതിഭേദമെല്ലാം സംഗീതമാകുന്നു. എന്നാൽ, കൃത്രിമസ്വരങ്ങൾ കേൾവി കലുഷമാക്കുമ്പോൾ, കുട്ടിയുടെ സംഗീതരുചി കെടും. ഈ ഗതി തുടർന്നാൽ പിന്നീട് കുഞ്ഞിനു കിളിയുടെ വിളിയിലും കാറ്റിന്റെ പാട്ടിലുമുള്ള മാധുര്യം നഷ്ടമാകും. ആയതിനാൽ, കുഞ്ഞിന്റെ വളർച്ചയിൽ സംഗീതശിക്ഷണം ആവശ്യമായിവരും. ഫുക്കുവോക്കയുടെ ഈ നിരീക്ഷണം സത്യദർശനംതന്നെയാണ്. എസ്.പി. ബാലസുബ്രഹ്മണ്യം എന്ന അനശ്വരനായ ഗായകനെക്കുറിച്ചു പറയുമ്പോൾ പ്രാധാന്യത്തോടെ പറയുന്ന ഒരു കാര്യം ശാസ്ത്രീയസംഗീതം പഠിക്കാതെ അതു പാടാൻ കഴിയുമായിരുന്ന ഒരു വ്യക്തി എന്ന നിലയിലാണ്.

കൃഷിയെക്കുറിച്ചു മാത്രമല്ല, ഭക്ഷണത്തെക്കുറിച്ചും, സമാധാനത്തെക്കുറിച്ചും, ജീവിതത്തെക്കുറിച്ചുമുള്ള ഒട്ടനവധി ചിന്തകൾ പകർന്നുനൽകിയിട്ടുണ്ട്. അവയെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള അദ്ദേഹത്തിന്റെ മനോഹരങ്ങളായ പുസ്തകങ്ങളുടെ നല്ല വായനക്കാരാകാൻ കൂട്ടുകാരെ ക്ഷണിക്കുന്നു. അദ്ദേഹമെഴുതിയ വൺ സ്ട്രോ റവല്യൂഷൻ, നാച്ചുറൽ വേ ഓഫ് ഫാമിങ്, സോയിങ് സീഡ്സ് ഇൻ ദി ഡിസർട്ട്, റോഡ് ബാക്ക് നേച്ചർ എന്നീ പുസ്തകങ്ങളിൽ ഒന്നിന്റെയെങ്കിലും വായന നമ്മെ പ്രകൃതിയോടിണങ്ങിയ മനുഷ്യരാക്കിത്തീർക്കട്ടെ. ■

## ആഴ്ചമൊഴി



സത്യത്തിലേക്ക് എല്ലാവർക്കും വ്യത്യസ്ത വഴികളാണുള്ളത്. എല്ലാ വഴികളും തന്റെ വഴികൾപോലെ മികച്ചതാണെന്ന് ഓരോരുത്തരും കരുതിയാൽ പ്രശ്നം തീർന്നു. ബൗദ്ധികമായ അഭിപ്രായഭിന്നതയ്ക്കപ്പുറം ഒരു ശത്രുതയുമില്ലെന്നതാണു യാഥാർത്ഥ്യം. അഭിപ്രായഭിന്നതകൾ പ്രകടമാകുന്നത് സംവാദങ്ങളിലും എഴുത്തുകളിലും മാത്രം. സർവകലാശാലകൾ ആശയങ്ങളുടെ യുദ്ധഭൂമിയാകണം.

**ഡോ. ശാന്തിശ്രീ ദുലിപുഡി പണ്ഡിറ്റ്**
*(ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ആദ്യ വനിതാ വൈസ് ചാൻസലർ)*



അവകാശതുല്യതയ്ക്കും അഭിപ്രായസ്വാതന്ത്ര്യത്തിനുംമേൽ ചിലർ നടത്തുന്ന കടന്നാക്രമണങ്ങളെ സർവശക്തിയുമുപയോഗിച്ച് എതിർക്കുന്നവർ, വേറേ ചിലർ നടത്തുന്ന അതേ കുറ്റകൃത്യങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു.

**ഹമീദ് ചേന്നമംഗലൂർ**


## പെൺകുട്ടികൾക്ക് സൈക്കോ സ്പിരിച്വൽ ധ്യാനം

പാലാ: ചെത്തിമറ്റം ക്രിസ്തുരാജ് കൗൺസലിങ് സെന്ററിൽ ജൂൺ 17 രാവിലെ 10 മണിമുതൽ 19 വൈകുന്നേരം 3 മണിവരെ +2 മുതൽ ഡിഗ്രിവരെയുള്ള പെൺകുട്ടികൾക്കായി സൈക്കോ സ്പിരിചൽ ധ്യാനം നടത്തുന്നു.
സീറ്റ്-25.
Ph: 9747497367, 9496115252

## കൗൺസലിങ് സൈക്കോളജി കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ഇൻ കൗൺസലിങ് സൈക്കോളജി കോഴ്സ് പാലാ മൂന്നാനി ക്രിസ്തുരാജ് കൗൺസലിങ് സെന്ററിൽ ജൂൺ 26 ന് ഉച്ചകഴിഞ്ഞ് 2.00 ന് ആരംഭിക്കുന്നു.
Ph: 9496115252, 9747497367

# ബഫർസോണിൽ വിറങ്ങലിച്ച് മലയോരജനത

1-ാംപേജ് തുടർച്ച

സുപ്രീം കോടതിവിധിയിൽത്തന്നെ പറയുന്നത്, പൊതുതാൽപര്യത്തിനു വേണ്ടതാണെങ്കിൽ ദുരപരിധിയിൽ ഇളവു വരുത്താൻ കഴിയുമെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിധി നടപ്പാക്കാനുള്ള പ്രായോഗികബുദ്ധിമുട്ടും നടപ്പാക്കിയാൽ സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളും വ്യക്തമാക്കി സംസ്ഥാന സർക്കാർ കേന്ദ്ര എംപവർ കമ്മിറ്റിയും വനം പരിസ്ഥിതി മന്ത്രാലയവും വഴി കോടതിയെ സമീപിക്കേണ്ടതാണ്.

**നിയന്ത്രണങ്ങളും നിരോധനങ്ങളും**

കർഷകന്റെ സ്വന്തം കൃഷിഭൂമി സർക്കാരിന്റെ അഥവാ തെളിച്ചുപറഞ്ഞാൽ വനംവകുപ്പിന്റെ, നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമാകും. റവന്യൂഭൂമി വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമാകും. മൃഗങ്ങൾ ജനവാസമേഖലകളിലേക്കു കടന്നുവരാതെ നിർമ്മിച്ചിരിക്കുന്ന നിലവിലുള്ള വേലികളും അതിർത്തികളിലുള്ള തടസ്സങ്ങളും മതിലുകളും കിടങ്ങുകളും എടുത്തുമാറ്റപ്പെടും. സാവധാനം കൃഷിയിടങ്ങൾ വനമായി മാറും.

കൃഷിഭൂമിയിൽ ഇപ്പോഴുള്ള പല കൃഷികളും നിരോധിക്കപ്പെടും. ബഫർസോണിൽ എന്തൊക്കെ കൃഷിചെയ്യണമെന്ന് വനംവകുപ്പധികൃതർ തീരുമാനിക്കും. സ്വന്തം മണ്ണിൽ കർഷകൻ നട്ടുവളർത്തിയ മരങ്ങൾ മുറിക്കണമെങ്കിൽ വനംവകുപ്പിന്റെ ഉത്തരവു വേണം. വെള്ളത്തിനായി കിണറുകൾ കുഴിച്ചാൽ ജയിൽജീവിതം ഉറപ്പ്. എല്ലാം വനംവകുപ്പിലെ യജമാനന്മാർ നിശ്ചയിച്ചു പ്രഖ്യാപിക്കും. അഥവാ ഈ ഭൂമിയിൽ കർഷകൻ എല്ലാം അനുവാദങ്ങളുമായി കുറച്ച് കപ്പയും ചേനയും കാച്ചിലും ഇഞ്ചിയും കൃഷി ചെയ്തുവെന്നിരിക്കട്ടെ. കാട്ടുപന്നി ഉൾപ്പെടെ വന്യജീവികളുടെ നശീകരണവും കഴിഞ്ഞ് ബാക്കി കിട്ടുന്ന ഫലം മുഴുവൻ കർഷകനും ഭാര്യയും മക്കളും കഴിച്ചുതീർത്തുകൊള്ളണം. വിൽക്കാൻ പാടില്ല. വിപണനം അനുവദിക്കില്ല.

നിരന്തരമായ വന്യജീവിശല്യം മൂലം നിവൃത്തികേടുകൊണ്ട് സ്വന്തം റവന്യൂഭൂമി കൃഷി ചെയ്യാതെയിട്ടാലോ? യാതൊരു നഷ്ടപരിഹാരവുമില്ലാതെ സർക്കാർ പിടിച്ചെടുത്ത് വനമായി പ്രഖ്യാപിക്കും. ബഫർസോണിലൂടെ റോഡിനും അടിസ്ഥാനസൗകര്യവികസനത്തിനും നിയന്ത്രണമുണ്ട്. താമസത്തിനുള്ള വീട് ഉൾപ്പെടെ ഒരു നിർമ്മാണപ്രവർത്തനവും പാടില്ല. നിലവിലുള്ള വീടിന്റെ ഭാഗമായി ഒരു മുറി പിടിക്കണമെങ്കിലോ വനംവകുപ്പിന്റെ അനുവാദം വാങ്ങിയിരിക്കണം. കൊമേഴ്സ്യൽ കെട്ടിടങ്ങൾ അനുവദിക്കില്ല. ഇപ്പോൾ നിലവിലുള്ള കടകൾക്കും സ്ഥാപനങ്ങൾക്കും തൽക്കാലം തുടരാമായിരിക്കും. എന്നാൽ കച്ചവടവും ജനവാസവുമില്ലാതെ ഭാവിയിൽ ഇവയെല്ലാം പൂട്ടപ്പെടുമെന്നു മനസ്സിലാക്കാൻ ഡോക്ടറേറ്റിന്റെ ആവശ്യമില്ല. അവസാനം ജീവിക്കാൻ നിവൃത്തിയില്ലാതെ ജനം തെരുവിലിറങ്ങി പാലായനം ചെയ്യും. എല്ലാം നഷ്ടപ്പെടുന്നവരുടെ ആത്മഹത്യകൾ വേറെയും. വനംവകുപ്പിന്റെ അക്കൗണ്ടിലേക്ക് കാർബൺ ഫണ്ട് ഒഴുകിയെത്തും.

ഖനനം, ക്രഷർ, ജലവൈദ്യുതി, തടിമില്ല് ഇവയ്ക്കു നിരോധനമുണ്ട്. ഇവയൊന്നും കർഷകരുടെ സ്ഥാപനങ്ങളല്ല. പാറഖനനത്തിലൂടെ കെട്ടിടങ്ങളുയരുന്നത് നഗരങ്ങളിലും നേട്ടമുണ്ടാക്കുന്നത് ഖനനമാഫിയകളുമാണ്. മലയോരജനതകൾ ഇരകൾ മാത്രം. ഈ പ്രതിസന്ധിയിൽ മലയോരജനതയെ തെരുവിലിറക്കി സ്വന്തം താൽപര്യം സംരക്ഷിക്കുവാൻ ശ്രമിക്കുകയാണ് ഖനനമാഫിയകൾ. ജലവൈദ്യുതിമൂലം നേട്ടമുണ്ടാക്കുന്നത് നഗരവാസികളാണ്; തദ്ദേശവാസികളല്ലെന്നുള്ളതിന് നേർസാക്ഷ്യമായി ഇടുക്കി ജില്ലയിലെ വോൾട്ടേജില്ലാത്തതും വൈദ്യുതി കണക്ഷനില്ലാത്തതുമായ ഭവനങ്ങൾ നമ്മുടെ കൺമുമ്പിലുണ്ട്. ഖനനങ്ങൾക്ക് അനുമതി നൽകുന്നതിന് നിലവിൽ നിയമങ്ങൾ വേറെയുണ്ട്. ഖനനങ്ങൾ നിരോധിക്കാനും നിയന്ത്രിക്കാനും സർക്കാരിന്റെ കൈവശം നിയമങ്ങളുണ്ട്. പക്ഷേ, ഇവയൊക്കെ വൻമാഫിയാസംഘങ്ങളും രാഷ്ട്രീയ ഉദ്യോഗസ്ഥ ഭരണസംവിധാനങ്ങളും വിലയ്ക്കുവാങ്ങിയ നിയമങ്ങളാണെന്നുമാത്രം. ഖനനനിരോധനങ്ങൾക്ക് ബഫർസോണിന്റെപോലും ആവശ്യവുമില്ലന്നുള്ളതാണു വസ്തുത.

**മംഗളവനത്തിന്റെ ഭാഗ്യം**

കേരളത്തിന്റെ വന്യജീവിസങ്കേതങ്ങൾക്കു ചുറ്റും വരുന്ന ബഫർസോണുകളിൽ ഏഴാമത്തേതായി എറണാകുളം പട്ടണത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന മംഗളവനം പക്ഷിസങ്കേതത്തിനു ചുറ്റുമുള്ള ബഫർ സോണിന്റെ കരട് നോട്ടിഫിക്കേഷൻ 2020 സെപ്തംബർ 7 ന് പുറത്തുവന്നു. ആറ് ഏക്കർ മാത്രം വിസ്തീർണ്ണമുള്ള പക്ഷി സങ്കേതമായ മംഗളവനത്തിനു ചുറ്റും 131 ഏക്കർ ഭൂമിയിലാണ് ബഫർ സോൺ നോട്ടിഫിക്കേഷൻ വന്നിരിക്കുന്നത്. മംഗളവനത്തിനു ചുറ്റുമുള്ള വൻകിട ഫ്ളാറ്റുകളും കെട്ടിടങ്ങളും വീടുകളും കോളനികളും പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ടാണ് ബഫർ സോൺ പ്രഖ്യാപിച്ചിരിക്കുന്നത്. മംഗളവനത്തിന്റെ പടിഞ്ഞാറ് വശവും തെക്കുപടിഞ്ഞാറുവശത്തും കേരള ഹൈക്കോടതിയുടെ പഴയ കെട്ടിടവും സെൻട്രൽ മറൈൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടവുമാണ്. ആ ഭാഗത്തു ബഫർ സോൺ ഇല്ല. എറണാകുളം പട്ടണത്തിൽ വീടുകളും വൻകിട ഫ്ളാറ്റുകളും ഒഴിവാക്കിക്കൊണ്ട് ബഫർ സോൺ പ്രഖ്യാപിച്ചിരിക്കെ എന്തുകൊണ്ടാണ് മലയോരമേഖലയിൽ ജീവിക്കുന്ന പാവപ്പെട്ട കൃഷിക്കാരുടെ വീടുകളും കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ട് ബഫർ സോൺ പ്രഖ്യാപിക്കാൻ പറ്റാത്തതെന്ന ചോദ്യം ന്യായമല്ലേ?

**ഇടുക്കിയുടെ കഷ്ടകാലം**

കോടതിയുത്തരവ് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് ജനസാന്ദ്രത കൂടിയ കേരളത്തെയാണ്. പതിറ്റാണ്ടുകളായി വനമേഖലയോടുചേർന്ന് ജീവിതം കെട്ടിപ്പടുത്ത ജനങ്ങൾ തങ്ങളുടെ എല്ലാം ഉപേക്ഷിച്ച് പോകേണ്ടിവരുമോയെന്ന ആധിയിലാണ്. വിധി നടപ്പാക്കേണ്ടിവന്നാൽ ഇടുക്കിജില്ലയുടെ സമ്പൂർണ്ണ തകർച്ചയ്ക്ക് കാരണമാകും. 4358 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ജില്ലയിൽ 3770 ചതുരശ്ര കിലോമീറ്ററും വനമാണ്. സംസ്ഥാനത്തെ അഞ്ച് ദേശീയോദ്യാനങ്ങളിൽ നാലും ഈ ജില്ലയിലാണ്. കൂടാതെ, നാല് വന്യജീവി സങ്കേതവും ഉണ്ട്. നിയമം നടപ്പായാൽ ജനജീവിതത്തിന് വെല്ലുവിളി ഉയരുന്നതിനോടൊപ്പം ജില്ലയുടെ പ്രധാന വരുമാനസ്രോതസ്സായ ടൂറിസംമേഖലയുടെ സമ്പൂർണ്ണ തകർച്ചയുമുണ്ടാകും. തേക്കടി പോലുള്ള ടൂറിസ്റ്റ്കേന്ദ്രങ്ങൾ ഇല്ലാതാകും. പല ടൗണിന്റെയും നിലനില്പുപോലും അസാധ്യമാകും. പെരിയാർ കടുവാസങ്കേതത്തിന്റെ ഭാഗമായ ശബരിമലയിലും പമ്പയിലും നിലയ്ക്കലും വികസനപ്രവർത്തനങ്ങൾ നിശ്ചലമാകും.

**നിയമനിർമ്മാണം അടിയന്തരം**

ബഫർസോൺ എന്ന കൊടുംവാളിൽനിന്ന് രക്ഷപ്പെടാൻ വഴികളുണ്ടോയെന്ന് മലയോരജനത അന്വേഷണത്തിലാണ്. ഉത്തരമെല്ലാം ചെന്നെത്തുന്നത് കോടതിയിലേക്കല്ല, സർക്കാരിലേക്കാണ്. ജനാധിപത്യസംവിധാനത്തിലെ പൗരസമൂഹം തിരിച്ചറിയാതിരിക്കുന്നത് അഥവാ മറന്നുപോകുന്നത് സർക്കാരെന്നു പറഞ്ഞാൽ ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികളും ജനം നികുതിപ്പണത്തിലൂടെ തീറ്റിപ്പോറ്റുന്ന ഉദ്യോഗസ്ഥരുമാണെന്നുള്ളതാണ്. ബ്രിട്ടീഷ് അടിമത്വത്തേക്കാൾ ക്രൂരമായ ഇവരുടെ അടിമത്വഭരണമാണ് ഒരുസമൂഹത്തെയൊന്നാകെ ഇന്നു തെരുവിലേക്ക് തള്ളിവിടുന്നത്.

ബഫർസോൺ വിഷയത്തിൽ നിയമനിർമ്മാണമാണ് ശാശ്വതമായ പോംവഴി. റവന്യൂഭൂമിയുടെ പരിപൂർണ്ണ അവകാശം അതിന്റെ ഉടമസ്ഥനാകണം. കർഷകഭൂമിയിൽ ആരുടെയും കൈയേറ്റം അനുവദിക്കില്ല. കർഷകന് ഭൂമി ആർക്കുവേണമെങ്കിലും വിൽക്കാം. വനംവകുപ്പിനോ വ്യക്തികൾക്കോ നിശ്ചിതവിലനൽകി സർവ്വസമ്മതത്തോടെ ഏറ്റുവാങ്ങാം. ഇവിടെയിപ്പോൾ പിടിച്ചുപറിക്കുന്ന അധികാരധാർഷ്ട്യമാണുള്ളത്. കോടതി വിധിക്കുന്നത് നിയമങ്ങളുടെയും രേഖകളുടെയും തെളിവിന്റെയും അടിസ്ഥാനത്തിലാണ്. നിയമങ്ങൾ നിർമ്മിക്കുന്നത് നിയമസഭയിലും പാർലമെന്റിലും ജനപ്രതിനിധികളും. ഇരയോടൊപ്പം ഓടുകയും വേട്ടക്കാരനോടൊപ്പം നിന്ന് വെടിവയ്ക്കുകയും ചെയ്യുന്ന ഇവരാണ് മറഞ്ഞിരുന്നു ദ്രോഹിക്കുന്ന യഥാർത്ഥ ശത്രുക്കളെന്ന് രാഷ്ട്രീയാന്ധത ബാധിച്ച ജനമിന്നും അറിയുന്നില്ല. ബഫർസോണിന്റെ പിന്നിലും ഈ കള്ളക്കളിയാണ് അരങ്ങുതകർക്കുന്നത്.

**സർക്കാരിന് ആത്മാർത്ഥതയുണ്ടോ?**

നിലവിലുള്ള സുപ്രീംകോടതിവിധിയിൽ സംസ്ഥാനസർക്കാർ ആത്മാർത്ഥസമീപനം സ്വീകരിച്ചാൽ ഒരു ജനസമൂഹത്തിന് രക്ഷയുടെ വാതിൽ തുറക്കും. ജൂലൈ 12 ന് റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തതുകൊണ്ടു മാത്രം ഉദ്ദേശിക്കുന്ന ഫലമുണ്ടാവില്ല. ബദൽനിർദ്ദേശങ്ങളുമായി സംസ്ഥാനത്തിന് നേരിട്ട് സുപ്രീംകോടതിയെ സമീപിക്കാനുമാവില്ല. കേന്ദ്ര എംപവർ കമ്മിറ്റി മുഖേന മാത്രമേ കോടതിയിലേക്ക് നീങ്ങാനാവൂ. സുപ്രീംകോടതിക്കല്ലാതെ മറ്റൊരു കോടതിക്കും ഇക്കാര്യത്തിൽ ഇടപെടാനാവില്ലെന്ന് ജൂലൈ മൂന്നില വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം പ്രശ്നബാധിതമേഖലയിലെ ജനവാസം, നിലവിലുള്ള ഭൂമിയുടെ അവസ്ഥ എന്നിവയെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കുവാൻ കോടതി തന്നെ മുഖ്യവനപാലകനും ചീഫ് സെക്രട്ടറിക്കും ഉത്തരവാദിത്വം നൽകിയിട്ടുണ്ട്. ഇതിന്റെ കൃത്യതയും വ്യക്തതയും സമീപനവും പോലിരിക്കും ഏതാണ്ട് അഞ്ചു ലക്ഷത്തോളം മലയോരജനതയുടെ ജീവിതവും ഭാവിയും.

**ബഫർ സോൺ വനത്തിനുള്ളിൽ**

വനത്തിനുള്ളിൽ അഥവാ വന്യജീവിസങ്കേതത്തിനുള്ളിൽ ബഫർസോണുകൾ നിജപ്പെടുത്തുവാനും മനസ്സുവച്ചാൽ സർക്കാരിനാവും. ശാശ്വതപ്രശ്നപരിഹാരത്തിന് ഇതനുസരിച്ചുള്ള നിയമനിർമ്മാണമാണ് വേണ്ടത്. ഇതു സാധിച്ചില്ലെങ്കിൽ സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ എറണാകുളം മരടിൽ സംഭവിച്ചതുപോലെ പൊളിച്ചടുക്കുണ്ടാകും. മരടിൽ സുപ്രീം കോടതിവിധി വന്നപ്പോൾ സംരക്ഷകരായി ഓടിക്കൂടിയ രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ പൊളിക്കുമ്പോൾ ഒളിച്ചോടിയത് നാം കണ്ടതാണ്. നിയമനിർമ്മാണം വന്നാൽ വിദേശസാമ്പത്തിക ഏജൻസികളിൽനിന്നു വനംവകുപ്പിനു ലഭിക്കുന്ന കാർബൺ ഫണ്ടിൽ അല്പം കുറവുണ്ടാകും. ഈ പണസമ്പാദനത്തിനും ഒറ്റുകാശിനുമായി ഒരു സമൂഹത്തെ മുഴുവൻ കുരുതികൊടുക്കുന്ന കാട്ടുനീതിക്കു കൂട്ടുനിൽക്കണോയെന്ന് മനഃസാക്ഷിയുള്ളവർ ചിന്തിക്കുക. ■



*കെസിഎസ്എൽ സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ആനിമേറ്റേഴ്സ് കോൺഫറൻസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, റവ. ഫാ. കുര്യൻ തടത്തിൽ, ബേബി തദേവൂസ് ക്രൂസ്, അശ്വിൻ ആന്റോ കെ.എസ്, അലീറ്റാ മനോജ് തുടങ്ങിയവർ സമീപം.*

# കുട്ടികളെ സമഗ്രവ്യക്തിത്വത്തിലേക്കു വളർത്തണം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: കുട്ടികളെ സമഗ്രവ്യക്തിത്വത്തിലേക്കു വളർത്തിക്കൊണ്ടുവരാൻ അധ്യാപകർ ജാഗരൂകരായിക്കണമെന്നും അതിന് കെസിഎസ്എൽ ഉത്തമവേദിയാകണമെന്നും കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി.കെസിഎസ് എൽസംസ്ഥാനസമിതിയുടെ നേതൃത്വത്തിലുള്ള ആനിമേറ്റേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം.

കെസിഎസ്എൽ രക്ഷാധികാരിയും വിദ്യാഭ്യാസകമ്മീഷൻ ചെയർമാനുമായ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് അനുഗ്രഹപ്രഭാഷണം നടത്തുകയും കെസിഎസ്എൽ പ്രസിദ്ധീകരിക്കുന്ന പഠനഗ്രന്ഥങ്ങളുടെ പ്രകാശനം നിർവഹിക്കുകയും ചെയ്തു. കെസിഎസ്എൽ സംസ്ഥാനചെയർമാൻ മാസ്റ്റർ അശ്വിൻ അധ്യക്ഷത വഹിച്ചു.


കെസിഎസ്എൽ സംസ്ഥാനഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ, സംസ്ഥാന പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, സംസ്ഥാനജനറൽ സെക്രട്ടറി അലീറ്റാ മനോജ് എന്നിവർ പ്രസംഗിച്ചു. കെസിബിസി ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി ക്ലാസുകൾ നേതൃത്വം നൽകി.




**ജൂൺ 26**
**ശ്ലീഹാക്കാലം**
**നാലാം ഞായർ**

**പുറ 20 : 1–17**
**എസെ 3 : 1–11**
**റോമ 10 : 5 –15**
**യോഹ 6 : 60 – 69**

# ഈശോയുടെ പ്രബോധനം കഠിനമോ?






**ഡോ. തോമസ് വടക്കേൽ**

ഈശോ ഒരു പ്രബോധകനാണ്. യൂദയായിലെയും ഗലീലിയിലെയും ഗ്രാമങ്ങളിലൂടെയും പട്ടണങ്ങളിലൂടെയും ചുറ്റിസഞ്ചരിച്ചു ദൈവരാജ്യത്തെക്കുറിച്ചും ജീവന്റെ അപ്പത്തെക്കുറിച്ചും പഠിപ്പിച്ചു. ഈശോയുടെ പ്രബോധനങ്ങളോടു ഭാവാത്മകമായും നിഷേധാത്മകമായും ശ്രോതാക്കൾ പ്രതികരിച്ചു. വചനങ്ങൾ ചിലർക്കു സ്വീകാര്യമായും മറ്റുചിലർക്കു കഠിനമായും തോന്നി. യോഹ. 6:25–59 ൽ പ്രതിപാദിക്കുന്ന ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രബോധനത്തോട് യഹൂദനേതാക്കൾ നൽകുന്ന വിപരീതപ്രതികരണമാണ് ഇന്നത്തെ സുവിശേഷവായനയിൽ നാം കാണുന്നത് (യോഹ. 6:60–69). നിത്യജീവന്റെ വചസ്സുകളോട് എപ്രകാരം പ്രതികരിക്കാൻ ശിഷ്യന്മാർക്കു സാധിക്കുമെന്ന് ഈ വചനഭാഗം നമ്മെ പഠിപ്പിക്കുന്നു.

ഇതുകേട്ട് അവന്റെ ശിഷ്യരിൽ പലരും പറഞ്ഞു: ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും? (6:60). കഫർണാമിലെ സിനഗോഗിൽവച്ചുള്ള ഈശോയുടെ പ്രബോധനങ്ങളോടു മൂന്നു തവണ ശ്രോതാക്കൾ പ്രതികരണം നടത്തി. ഒന്നാമതായി, 6:41 ൽ പറയുന്നതനുസരിച്ച്, ഈശോയുടെ പഠിപ്പിക്കലിനെതിരേ യഹൂദർ പിറുപിറുത്തു. രണ്ടാമതായി 6:52 പ്രകാരം ഈശോയുടെ പ്രബോധനം കേട്ടപ്പോൾ യഹൂദർക്കിടയിൽ തർക്കമുണ്ടായി. മൂന്നാമതായി 6:60 ലെ വിവരണമനുസരിച്ച് ഈശോയുടെ പ്രബോധനം അവിടുത്തെ കൂടെ നടന്ന ശിഷ്യന്മാർക്കു ഗ്രഹിക്കാൻ കഴിയാത്തതും കഠിനവുമായി അനുഭവപ്പെട്ടു. 'കഠിനമായത്, പരുക്കനായത്, വിരസമായത്, അഗ്രാഹ്യമായത് (hard, rough, dry, hard to take) എന്നീയർത്ഥങ്ങൾ വരുന്ന ഗ്രീക്കുഭാഷയിലെ സ്ക്ലെറോസ് (skleros) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വചനത്തെ വെറും ബുദ്ധികൊണ്ടു മാത്രം മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഒരുവന് അതു കഠിനവും വിരസവും അഗ്രാഹ്യവുമായിത്തീരുന്നു. എന്നാൽ, വചനത്തെ ഹൃദയം കൊണ്ടു സ്വീകരിക്കുമ്പോൾ, വചനത്തെ വീണ്ടും വീണ്ടും ശ്രവിക്കുമ്പോൾ അതു ഗ്രാഹ്യമായിത്തീരും.

തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു: ഇത് നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? (6:61). ഈശോയുടെ പ്രബോധനങ്ങളോടു ശിഷ്യന്മാർ വാക്കാൽ പ്രതികരണങ്ങളൊന്നും നടത്തിയില്ല. എങ്കിലും, അവരുടെ ഉള്ളിലെ പ്രതികരണങ്ങൾ നിഷേധാത്മകമായിരുന്നു. 'അവ്യക്തമായി ഉച്ചരിക്കുക, മുറുമുറുക്കുക, പിറുപിറുക്കുക' (grumble, murmer, whisper) എന്നീയർത്ഥങ്ങൾ വരുന്ന ഗൊൻഗുസോ (gogguzo) എന്ന വാക്കു സൂചിപ്പിക്കുന്നത് ശിഷ്യന്മാരുടെ അസംതൃപ്തിയെയും നിഷേധാത്മക(negative)ഭാവത്തെയുമാണ്.

മനുഷ്യന്റെ അന്തർഗതങ്ങൾ മനസ്സിലാക്കുന്നവനാണ് ഈശോ. ശിഷ്യന്മാർ ഒന്നും പറഞ്ഞില്ലെങ്കിലും അവരുടെ ഉള്ളിലിരുപ്പ് അവിടുന്നു ഗ്രഹിച്ചു. 'അറിയുക, മനസ്സിലാക്കുക' (know, understand) എന്നീയർത്ഥങ്ങളുള്ള ഒയ്ദാ (oida) എന്ന വാക്കു സൂചിപ്പിക്കുന്നത് തന്റെ ശിഷ്യന്മാരുടെ ഹൃദയവിചാരങ്ങളും വികാരങ്ങളും ഈശോ മനസ്സിലാക്കിയെന്നാണ്. അവരോടുള്ള ഈശോയുടെ കരുതലിനെയും ഈ വാക്കു കുറിക്കുന്നുണ്ട്.

ശിഷ്യന്മാരുടെ അസ്വസ്ഥമായ മനസ്സിന്റെ അവസ്ഥയിൽ ഈശോ ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. 'ഉതപ്പുണ്ടാക്കുക, ഇടർച്ച വരുത്തുക' (cause to stumble, offend) എന്നയർത്ഥങ്ങൾ വരുന്ന സ്കാൻഡലീസോ (skandalizo) എന്ന വാക്കാണ് ഈ ചോദ്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ശിഷ്യന്മാരുടെ വികാരവിചാരങ്ങളെ തന്റെ വാക്കുകൾ വ്രണപ്പെടുത്തിയോ എന്നാണ് ഈശോ ചോദിക്കുന്നത്. വചനത്തെ അതിന്റെ യഥാർത്ഥഅർത്ഥതലത്തിൽ ഗ്രഹിക്കുന്നില്ലെങ്കിൽ അത് ഒരുവനിൽ ഇടർച്ചയുണ്ടാക്കും. മാനുഷികമായ ചിന്തകളോടെ വചനത്തെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണിത്. ഈശോ പറയുന്ന വചനത്തിന്റെ പൊരുൾ അവിടുന്ന് ഉദ്ദേശിക്കുന്ന രീതിയിൽ ഗ്രഹിക്കാൻ പരിശ്രമിക്കുമ്പോൾ വചനം മധുരതരമാകും. "അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിനു തേനിനെക്കാൾ മധുരമാണ്" (സങ്കീ. 119:103).

അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ? (6:62). നിത്യജീവന്റെ അപ്പത്തെക്കുറിച്ചും ഈശോയുടെ തിരുശരീരരക്തങ്ങളെക്കുറിച്ചുമുള്ള പ്രബോധനങ്ങൾ ശിഷ്യന്മാരുടെ ഇടർച്ചയ്ക്കു കാരണമാകുമെങ്കിൽ ഈശോ സ്വർഗത്തിലേക്കു കരേറുന്നതു കാണുമ്പോൾ തന്റെ ശിഷ്യരുടെ പ്രതികരണം എന്തായിരിക്കുമെന്നാണ് ഈശോ ചോദ്യരൂപേണ ഇവിടെ ഉന്നയിക്കുന്നത്. 'മനുഷ്യപുത്രൻ ആദ്യം ആയിരുന്ന ഇടം' എന്നത് ഈശോ മനുഷ്യനായി അവതരിക്കുന്നതിനുമുമ്പുള്ള അവിടുത്തെ അസ്തിത്വത്തെ സൂചിപ്പിക്കുന്നു. പിതാവായ ദൈവത്തോടു കൂടെയുള്ള അവിടുത്തെ സഹവാസത്തെയാണ് ഇത് ഓർമിപ്പിക്കുന്നത്.

'ആരോഹണം ചെയ്യുക, ഉയരങ്ങളിലേക്കു പോവുക' (ascend, go up) എന്നീയർത്ഥങ്ങളുള്ള അനാബൈനോ (anabaino) എന്ന ഗ്രീക്കു ക്രിയാപദം ഈശോയുടെ കുരിശുമരണവും ഉത്ഥാനവുംവഴിയുള്ള അവിടുത്തെ സ്വർഗപ്രവേശത്തെ കുറിക്കുന്നു. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പമായ ഈശോയും സ്വർഗത്തിലേക്കു കരേറുന്ന മിശിഹായുമാണ് ഇവിടുത്തെ പ്രതിപാദ്യം. ഈശോയുടെ കുരിശുമരണ-ഉത്ഥാനത്തിലൂടെ ശിഷ്യരുടെ ഇടർച്ച നീങ്ങുകയും അവർ ഈശോയിൽ വിശ്വസിക്കുകയും ചെയ്യും.

ആത്മാവാണ് ജീവൻ നൽകുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (6:63). സാർക്സ് (sarx = flesh), പ്നെവുമാ (pneuma - spirit) എന്നീ വാക്കുകളിലൂടെ ഈശോ താൻ പറഞ്ഞ വാക്കുകളെ കൂടുതൽ വ്യക്തമാക്കുകയാണ്. സാർക്സ് (ശരീരം) എന്നത് മനുഷ്യശരീരത്തെയും മാനുഷികയുക്തിയെയും കുറിക്കുമ്പോൾ, പ്നെവുമാ (ആത്മാവ്) എന്നത് ഈശോയുടെ ആത്മാവിനെ സൂചിപ്പിക്കുന്നു. 'ജീവൻ കൊടുക്കുക' (make alive, give life to) എന്നർത്ഥംവരുന്ന സോഓ പൊയ്യെയോ (zoopoieo) എന്ന പദത്തിന്റെ മനുഷ്യഹൃദയങ്ങളെ ദീപ്തമാക്കുന്ന ദൈവികശക്തിയെ കുറിക്കുന്നു. വെളിവാക്കപ്പെട്ട സത്യങ്ങളെ വിശ്വാസംകൂടാതെ മാനുഷികയുക്തികൊണ്ടു ഗ്രഹിക്കാൻ സാധിക്കുകയില്ലായെന്നും ഈ വചനം പഠിപ്പിക്കുന്നു.

എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു (6:64). ഈശോയുടെ പ്രബോധനങ്ങളോടു യഹൂദന്മാർ പലപ്പോഴും നിഷേധഭാവം കാണിച്ചിട്ടുണ്ട്. എന്നാൽ, ഇവിടെ ഈശോ പറയുന്നത് തന്റെ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരിൽ ചിലരുടെ അവിശ്വാസത്തെക്കുറിച്ചാണ്. പന്ത്രണ്ടുപേരിലൊരുവനായ യൂദാസ് സ്കറിയോത്തായുടെ അവിശ്വാസത്തെയാണ് ഇത് എടുത്തുകാണിക്കുന്നത്. യൂദായുടെ അവിശ്വാസത്തിന്റെ പരിണതഫലമാണ് അവന്റെ ഒറ്റിക്കൊടുക്കൽ. വിശ്വസിക്കുക, ബോധ്യപ്പെടുക (believe, be convinced of) എന്നീയർത്ഥങ്ങൾ വരുന്ന പിസ്തെയോ (pisteuo) എന്ന ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിശ്വാസവും അവിശ്വാസവും ഒരാളുടെ സ്വതന്ത്രതീരുമാനത്തിന്റെ ഫലമാണ്. ഈശോയിൽ അവിശ്വസിച്ചിരുന്നവർ അവിടുത്തെ തള്ളിപ്പറയുകയും അവിടുത്തെ ഒറ്റിക്കൊടുക്കുകയും അവിടുത്തോട് നിഷേധാത്മകഭാവം പ്രകടിപ്പിക്കുകയും ചെയ്യും. വിശ്വസിക്കുന്നവനു മാത്രമേ ഈശോയോടു ചേർന്നു നിൽക്കാൻ സാധിക്കുകയുള്ളൂ.

അവൻ പറഞ്ഞു: ഇതുകൊണ്ടാണ്, പിതാവിൽനിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞത് (6:65). വിശ്വാസമെന്നത് ഒരു ദൈവികദാനമാണെന്ന് ഈശോ ഇവിടെ പഠിപ്പിക്കുന്നു. 'നൽകുക, ദാനമായിക്കൊടുക്കുക' (give, offer, bestow) എന്നീയർത്ഥങ്ങൾ വരുന്ന ദിദോമി (didomi) എന്ന ഗ്രീക്കു ക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 'ഈശോയുടെ അടുക്കലേക്കു വരിക' എന്നതിന്റെ അർത്ഥം അവിടുന്നിൽ വിശ്വസിക്കുക എന്നാണ്. ദൈവം ഈ വരം എല്ലാവർക്കും നൽകുന്നുണ്ടെങ്കിലും മനുഷ്യൻ അവന്റെ സ്വതന്ത്രതീരുമാനത്തിലൂടെയാണു വിശ്വസിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നത്.

ഇതിന്റെശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി, അവർ പിന്നീടൊരിക്കലും അവന്റെകൂടെ നടന്നില്ല (6:67). ഈശോയിൽ വിശ്വസിക്കാത്തവർക്ക് അവിടുത്തോടുകൂടെയായിരിക്കാൻ സാധിക്കുകയില്ല. ഇവിടെ 'പിന്മാറുക, വിട്ടുപോവുക' (withdraw, go away, depart) എന്നീയർത്ഥങ്ങൾ വരുന്ന അപെർഖോമായി (aperchomai) എന്ന പദം സൂചിപ്പിക്കുന്നത് ഈശോയിൽ വിശ്വസിക്കാതെ അവിടുത്തെ ഉപേക്ഷിച്ചുപോകുന്നതിനെയാണ്. വിശ്വസിക്കുന്നവർക്കാണ് ഈശോയെ അനുഗമിക്കാൻ സാധിക്കുന്നത്; അപ്രകാരമല്ലാത്തവർ അവിടുത്തെ ഉപേക്ഷിക്കും. കൂടെനടക്കുക (walk about) എന്നർത്ഥം വരുന്ന പെരിപതെയോ (peripateo) എന്ന വാക്കു സൂചിപ്പിക്കുന്നത് ഈശോയിലുള്ള ജീവിതത്തെയാണ്. വിശ്വാസിക്കു മാത്രമേ ഈശോയിൽ ജീവിക്കാൻ സാധിക്കുകയുള്ളൂ.

യേശു പന്ത്രണ്ടു പേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? (6:67). ശിഷ്യന്മാരുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടുള്ള ഈശോയുടെ ചോദ്യമാണിത്. ഈശോയെ അനുഗമിക്കാനും (follow) അവിടുന്നിൽനിന്നു പിന്മാറാനും, ഉപേക്ഷിക്കാനും (withdraw) ശിഷ്യന്മാർക്കു സ്വാതന്ത്ര്യമുണ്ട്. ഈ ചോദ്യം വിശ്വാസത്തിൽ ഉറച്ചു നിൽക്കാനുള്ള ഒരു ആഹ്വാനം കൂടിയാണ്. തന്റെ തീരുമാനം പുനഃപരിശോധിക്കാൻ യൂദാസിനുള്ള ഒരു അവസരവും തങ്ങളുടെ വിശ്വാസം എപ്രകാരമുള്ളതാണെന്നു ശിഷ്യന്മാർക്കു വിചിന്തനം നടത്താനുള്ള ഒരു അവസരവുംകൂടിയാണിത്. ഈശോ ഇന്നു നമ്മോടും ഈ ചോദ്യം ചോദിക്കുന്നുണ്ട്? എന്റെ ഉത്തരം എന്താണ്?

ശിമയോൻപത്രോസ് മറുപടി പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കലേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6:68–69). ശിഷ്യന്മാരുടെയെല്ലാം പ്രതിനിധിയായി പത്രോസ് നൽകുന്ന ഭാവാത്മകമറുപടിയാണിത്. ഇതു പത്രോസിന്റെ വിശ്വാസപ്രഖ്യാപനംകൂടിയാണ്. പത്രോസിന്റെ പ്രഖ്യാപനം രണ്ടു കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. 1. ഈശോ കർത്താവാണ് 2. ഈശോ പരിശുദ്ധനാണ്. 'കർത്താവ്' എന്നർത്ഥം വരുന്ന കീരിയോസ് (kyrios) എന്ന വാക്കും 'പരിശുദ്ധൻ' എന്നർത്ഥമുള്ള ഹാഗിയോസ് (hagios) എന്ന പദവും ഇതു വ്യക്തമാക്കുന്നു.

■

((((സാന്ത്വനം))))

# പങ്കുവയ്ക്കലിന്റെ അഭാവം



സിസ്റ്റർ ഡോ. നിക്കോൾ
എസ്.വി.എം.

"അനുമോൾ രണ്ടാഴ്ചയായി സ്കൂളിൽ പോയിട്ട്. എന്താണെന്നറിയില്ല. സ്കൂളിൽ പോകാൻ യൂണിഫോമിട്ടു റെഡിയാകും. സ്കൂൾ ബസ് വരുമ്പോൾ തലവേദന, വയറുവേദന, ഇങ്ങനെയുള്ള പ്രശ്നങ്ങൾ. ഹോസ്പിറ്റലിൽ പല തവണ കൊണ്ടുപോയി. ഡോക്ടർ പറയുന്നത് ഒരു പ്രശ്നവും ഇല്ല എന്നാണ്." അനുവിന്റെ അമ്മ വിഷമത്തോടെ പറഞ്ഞുനിർത്തി.

അനുമോളെ നോക്കിയപ്പോൾ, അഞ്ചാം ക്ലാസുകാരിയായ അവൾ, വളരെ ക്ഷീണിതയായിരുന്നു. ഒരു ഉത്സാഹവും ഇല്ലാതെയുള്ള ഇരിപ്പ്. 'അമ്മ പറഞ്ഞതൊക്കെ നേരാണോ മോളേ' എന്നു ചോദിച്ചപ്പോൾ തല കുലുക്കി. 'മോൾക്ക് എന്താ പറയാനുള്ളത്' എന്ന ചോദ്യത്തിനു തോള് മുകളിലേക്കുയർത്തി ഒന്നുമില്ല എന്നു കാണിച്ചു. അനുമോളുടെ അച്ഛൻ വിദേശത്താണ്. അമ്മയെ പുറത്തിരുത്തി അനുമോളോടു വിശദമായി സംസാരിച്ചു. അനുമോൾക്കു ബിന്ദുമിസിനെ പേടിയാണ്.

'സ്കൂൾ തുറന്നിട്ട് നാല് ആഴ്ചയേ ആയിട്ടുള്ളൂ. അതിൽ രണ്ടാഴ്ച സ്കൂളിൽ പോയില്ല. പിന്നെ മിസ്സിനെ എന്തിനാ പേടിക്കുന്നെ?' എന്നു ചോദിച്ചപ്പോൾ അവൾ പറഞ്ഞു തുടങ്ങി: "ബിന്ദുമിസ് എന്റെ ക്ലാസ് ടീച്ചർ ആയിരുന്നു, കഴിഞ്ഞ വർഷം മിസ്സിന് എന്നെ തീരെ ഇഷ്ടമില്ലായിരുന്നു. മിസ്സ് മലയാളമാണു പഠിപ്പിച്ചുകൊണ്ടിരുന്നത്. മലയാളത്തിന്റെ പരീക്ഷയ്ക്ക് എനിക്ക് അമ്പതിൽ 44 മാർക്കാണ് ആദ്യം കിട്ടിയത്. അപ്പോൾ മറ്റു വിഷയങ്ങൾക്കു ഫുൾ വാങ്ങിക്കുന്ന ആൾക്കു മലയാളം അറിയില്ലേ, എന്നു പറഞ്ഞ് കളിയാക്കുകയും വഴക്കു പറയുകയും ചെയ്തു. അമ്മയോട്, ബിന്ദുമിസ് പഠിക്കാത്ത കുട്ടി എന്നു വിളിച്ചു പരാതി പറഞ്ഞപ്പോൾ അമ്മ പറഞ്ഞു: ശരിയാ മിസ് പറഞ്ഞത്, നീ ഒന്നും പഠിക്കുന്നില്ല. പോയിരുന്ന് വായിച്ചു പഠിക്ക് എന്ന്. മറ്റൊരു ദിവസം മഴയായതുകൊണ്ട് യൂണിഫോം ഉണങ്ങിയില്ല, അതുകൊണ്ട് വേറേ ഡ്രസ്സ് ഇട്ടു. അതിനു കാരണം ബിന്ദു മിസ് ചോദിച്ചപ്പോൾ, ഞാൻ പേടിച്ച് ഒന്നും മിണ്ടിയില്ല. മിസ് വീട്ടിൽ വിളിച്ചു കാര്യം അന്വേഷിച്ചു."

അന്നു വീട്ടിൽ വന്നപ്പോൾ ക്ലാസിൽ മിണ്ടാതിരുന്നതിന് അമ്മ ശകാരിച്ചു. അന്നുമുതൽ അനുമോൾ അമ്മയോട് ഒരു കാര്യവും പറയാതെയായി. പിന്നീട് ചില കുഞ്ഞുപ്രശ്നങ്ങൾ ഉണ്ടായപ്പോൾ അത് അടുത്തിരുന്ന കൂട്ടുകാരിയോടു പറഞ്ഞു. അവൾ പറഞ്ഞു: ബിന്ദുമിസ് ഈ വർഷം കൂടിയേ ഉള്ളൂ. അഞ്ചാം ക്ലാസിൽ വേറേ മിസുമാരാണു നമ്മളെ പഠിപ്പിക്കുന്നതെന്ന്. അത് അനുമോൾക്ക് ആശ്വാസമായി. കൂട്ടുകാരിയുടെ ഈ ഉറപ്പിലാണ് അനുമോൾ ഈ വർഷം സ്കൂളിൽപ്പോയിത്തുടങ്ങിയത്.

ഈ വർഷത്തെ രണ്ടാമത്തെ ദിവസം അനുമോൾ ബിന്ദുമിസ്സിനെ കണ്ടു. ഓടിപ്പോയി കൂട്ടുകാരിയോടു പറഞ്ഞു. അവൾ പറഞ്ഞു: "അടുത്ത ക്ലാസിൽ പഠി



പ്പിക്കും, നമ്മളെ പഠിപ്പിക്കില്ല." അങ്ങനെ ഒരാഴ്ച കഴിഞ്ഞു രണ്ടാമത്തെ ആഴ്ചയിൽ ഒരു ദിവസം സ്കൂൾ ബസ് വരാൻ വൈകി. അനുമോൾ താമസിച്ച് ക്ലാസിലേക്കു കയറാൻ തുടങ്ങിയപ്പോൾ, അടുത്ത ക്ലാസിലേക്കു പോയ ബിന്ദുമിസ് ചോദിച്ചു: "താമസിച്ചാണോ സ്കൂളിൽ വരുന്നത്?" അനുമോൾ ഒന്നും മിണ്ടാതെ ക്ലാസിൽ കയറിയിരുന്നു. ആ കുഞ്ഞുബുദ്ധിയിൽ അവൾ ചിന്തിച്ചു. ഈ വർഷവും മിസ് എന്നെ നോട്ടമിട്ടിരിക്കുകയാണ്. ഇത് അമ്മയോടു പറയാൻ പേടിയായതുകൊണ്ടുതന്നെയാണ് ക്ലാസിൽ പോകാത്തതെന്ന് അനുമോൾ സമ്മതിച്ചു. വളരെ ക്ഷീണത്തിലും നിരാശയിലും ആയിരുന്നു അനുമോൾ.

അമ്മ കുട്ടിയെക്കുറിച്ചു പറഞ്ഞത് ഇങ്ങനെ: "ഒരുപാടു വായിക്കുന്ന കുട്ടി. ഇപ്പോൾ ബുക്ക് എടുക്കാറേയില്ല. ഉറങ്ങാറില്ല, ഭക്ഷണം കഴിക്കില്ല. ആരോടും സംസാരിക്കില്ല (പുറത്തും വീട്ടിലും). എപ്പോഴും കസേര, ജനലരികിലേക്കു വലിച്ചിട്ട് എന്തോ ചിന്തിച്ചുകൊണ്ടിരിക്കും. അനുമോൾ വിഷാദത്തിന്റെ ലക്ഷണങ്ങളാണു കാണിച്ചുകൊണ്ടിരിക്കുന്നത്."

ബിന്ദുമിസിനോട് ഒന്നു സംസാരിക്കാൻ പറ്റുമോ എന്നു ചോദിച്ചപ്പോൾ അവർ ഫോൺ നമ്പർ തന്നു. കുട്ടിയുടെ അവസ്ഥ അല്പം മോശമാണെന്നും മിസിന്റെ സഹായം ആവശ്യമുണ്ടെന്നും, ഇല്ലെങ്കിൽ കുട്ടിയെ ഏതെങ്കിലും സൈക്യാട്രിസ്റ്റിനെ കാണിച്ച് മെഡിക്കൽ എടുപ്പിക്കണം എന്നും പറഞ്ഞപ്പോൾ മിസ് ഒരു കരച്ചിലോടെ പറഞ്ഞു: എന്റെ ക്ലാസിലെ ഏറ്റവും നല്ല കുട്ടിയായിരുന്നു അനുമോൾ, അവളെ സ്കൂളിലേക്കു വിട്ടേക്ക്. ഞാൻ നോക്കിക്കൊള്ളാം. അങ്ങനെ പിറ്റേന്ന് അമ്മയും അനുമോളും സ്കൂളിൽ ചെന്നു. അവരെ കണ്ടതും മിസ് ഓടിവന്ന് കെട്ടിപ്പിടിച്ച് നിറുകയിൽ ചുംബിച്ച് ക്ലാസിൽ കൊണ്ടാക്കി. സ്റ്റാഫ് റൂമിൽ കൊണ്ടുപോയി അനുമോളെ പരിചയപ്പെടുത്തി. തനിക്ക് ഏറ്റവും ഇഷ്ടം, അനുമോളെയാണെന്നും. ഇവൾ മിടുക്കിയാണെന്നും ടീച്ചേഴ്സിനോടും പറഞ്ഞു. ഇന്ന് അനുമോൾ സ്കൂളിലെ ഒരു മികച്ച വിദ്യാർത്ഥിനിയാണ്.

പ്രിയ മാതാപിതാക്കളേ, ഇവിടെ അനുമോളെ വിഷാദരോഗത്തിന്റെ വക്കോളം എത്തിച്ചത് ബിന്ദുമിസ് ആണോ? മോളുടെ അമ്മ ഇക്കാര്യത്തിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അമ്മയോട് എല്ലാം പറയുന്ന കുട്ടിയായിരുന്നു അനുമോൾ. പക്ഷേ, അമ്മ രണ്ടു മൂന്നു തവണ അവളെ ബ്ലോക്ക് ചെയ്തപ്പോൾ, പിന്നീട് അവൾ ഒന്നും പറയേണ്ട എന്നു തീരുമാനിച്ചു. ചിലപ്പോൾ ഇളയകുട്ടിയുടെ വഴക്കും, അപ്പൻ വിദേശത്തു ജോലിയായതിന്റെ വിഷമവും വീട്ടിലെ കാര്യങ്ങൾ എല്ലാം ചെയ്യുന്നതിന്റെ തിരക്കുമാകാം, അനുമോളെ വേണ്ടവിധം കേൾക്കാൻ ആ അമ്മ കൂട്ടാക്കാഞ്ഞത്. അവളുടെ പരാതിയിൽ കുറച്ചുകൂടി ശ്രദ്ധിക്കുകയും ഒന്നു പിന്തുണച്ചു സംസാരിക്കുകയും ചെയ്തിരുന്നെങ്കിൽ അനുമോൾ ഒരുപക്ഷേ, സന്തോഷത്തോടെ മുന്നോടു കുതിച്ചേനെ.

ഇന്നു മിക്ക അമ്മമാരും ഇങ്ങനെയൊക്കെത്തന്നെയാണ്. ഇളയ കുട്ടി ഉണ്ടാകുമ്പോൾ, അഞ്ചോ ആറോ വയസ്സുള്ള അവരുടെ മൂത്തകുട്ടി പ്രായപൂർത്തിയായവരെപ്പോലെ, പ്രവർത്തിക്കണമെന്നു വാശിപിടിക്കുന്നു. നീ വലിയ കുട്ടിയല്ലേ, നിനക്കു മിണ്ടാതിരുന്നുകൂടേ, അവൻ കുഞ്ഞല്ലേ (ഇളയകുട്ടി), കളിപ്പാട്ടം അവനു കൊടുക്ക്, എന്നൊക്കെ പറഞ്ഞ് ആറു വയസ്സുകാരനെ പതിനെട്ടു വയസ്സുകാരനെപ്പോലെയാക്കാൻ ശ്രമിക്കുന്നു. ഇത് മൂത്തകുട്ടികളിൽ നിരാശയും ദേഷ്യവും അപകർഷതയും വളരാൻ കാരണമാകുന്നു. അമ്മയുടെ സപ്പോർട്ട് ഇല്ല, അമ്മയ്ക്ക് എന്നെ ഇഷ്ടമല്ല എന്നു വിചാരിച്ച് കുട്ടി പിറകോട്ടു വലിയുന്നു. അതുപോലെ ഇളയകുട്ടിയെപ്പോഴും 'എന്റെ കുട്ടീ, എന്റെ കുട്ടീ' എന്നു സംബോധന ചെയ്തു സംസാരിക്കുന്നതും മൂത്തകുട്ടികളെ ദേഷ്യക്കാരും സാധനങ്ങൾ എറിഞ്ഞുടയ്ക്കുന്നവരുമൊക്കെയാക്കിത്തീർക്കും. ഈ സാഹചര്യങ്ങളിൽ കുട്ടികൾ മറ്റുള്ളവരോട് ഉപദേശം തേടും. അനുമോളെപ്പോലെ അടുത്തിരിക്കുന്ന കൂട്ടുകാരോടോ തങ്ങളെ സ്കൂളിൽ കൊണ്ടാക്കുന്ന ബസ് ഡ്രൈവറോടോ ഒക്കെ. ഇത് ചിലപ്പോൾ അപകടങ്ങൾ ഉണ്ടാക്കാം. അതിനാൽ, നിങ്ങളുടെ കുട്ടികളെ കേൾക്കാൻ, അവരുടെ ഭയത്തിൽ ധൈര്യം കൊടുക്കാൻ, നിരാശയിൽ പ്രത്യാശ പകരാൻ, പ്രശ്നങ്ങൾക്കു പരിഹാരമാകാൻ, മാതാപിതാക്കൾക്കു കഴിയണം.

പണ്ടുള്ള കുടുംബങ്ങളിൽ കുറഞ്ഞത് നാലു കുട്ടികളെങ്കിലും കാണും. അപ്പോൾ ഇളയകുട്ടിക്ക് അപ്പന്റെയോ അധ്യാപകരുടെയോ രണ്ടടി കിട്ടിയാൽ മൂത്തകുട്ടികളോട് ഓടി വന്നു പറയാം. അവരിൽ ഒരാൾ എനിക്കും ഇന്ന് അടികിട്ടി എന്നു പറയുമ്പോൾ വേദനയുടെ അളവ് പകുതിയായി കുറയും. ഇന്നു കുട്ടികൾക്ക് ഇതുപോലെ പങ്കുവയ്ക്കാൻ ആരുണ്ട്? പ്രായവ്യത്യാസം കൂടുതൽ ഉള്ളപ്പോഴും കുട്ടികൾ പരസ്പരം ഷെയർ ചെയ്യാൻ മടിക്കും. ഇവിടെ മാതാപിതാക്കൾക്കു വിവേകത്തോടും ദീർഘവീക്ഷണത്തോടുംകൂടി കുട്ടികളെ തിരുത്താനും ശിക്ഷിക്കാനും സ്നേഹിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയണം. ചേട്ടനെ അനിയൻ അടിച്ചാൽ അതു പാടില്ല അവൻ ചേട്ടനാണ് എന്നു പറഞ്ഞ് ബഹുമാനിക്കാനും ചേട്ടനോട് അനിയനെ സ്നേഹിക്കാനും പഠിപ്പിക്കാൻ മാതാപിതാക്കൾക്കു കഴിയണം. ഇന്ന് ചെറുപ്പക്കാരായ മാതാപിതാക്കൾ മിക്കവരും ഫോണിന്റെ ഉപയോഗം മൂലം കുടുംബത്തിൽ പക്വതയോടെ ചിന്തിക്കുവാൻ പ്രാപ്തരല്ലാതാകുന്നു. പകരം, വീട്ടിലുള്ള സമയം കുട്ടികളോടു കൂടുതൽ സംസാരിക്കാൻ സമയം കണ്ടെത്തുക. മറുപടി പറയാൻവേണ്ടി കേൾക്കാതെ, കാര്യങ്ങൾ ഗ്രഹിക്കാൻ വേണ്ടി മറ്റുള്ളവരെ ശ്രവിക്കുക.

■

## മതങ്ങൾ സ്ഥാപനവത്കരണത്തിൽനിന്നു മനുഷ്യസേവനത്തിലേക്കു തിരിയണം

### കർദിനാൾ മാർ ജോർജ് ആലഞ്ചേരി



*കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന മതാന്തരസൗഹൃദസമ്മേളനത്തിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സംസാരിക്കുന്നു.*

കോട്ടയം: മതങ്ങൾ സ്ഥാപനവത്കരണത്തിൽനിന്നു മനുഷ്യസേവനത്തിന്റെ മാർഗത്തിലേക്കു തിരിയണമെന്ന് സീറോ മലബാർ സഭ മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിളിച്ചുചേർത്ത മതാന്തരസൗഹൃദ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സാധുസംരക്ഷണം മതത്തിന്റെ മുഖമുദ്രയാകണമെന്നും അതിർവരമ്പുകൾക്ക് അതീതമായ സുഹൃത്ബന്ധമാണ് ഇന്നിന്റെ ആവശ്യമെന്നും കാതോലിക്കാ ബാവാ പറഞ്ഞു.

ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ആർച്ചുബിഷപ് ഡോ. എം. സൂസപാക്യം, സ്വാമി സച്ചിദാനന്ദ, റഷീദ് അലി ശിഹാബ് തങ്ങൾ, കൽദായ സഭാ മെത്രാപ്പോലീത്താ മാർ അപ്രേം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു. മാമ്മൻ മാത്യു, സാജൻ വർഗീസ്, ഓർത്തഡോക്സ് സഭാ വക്താവ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ സംബന്ധിച്ചു.

നോവൽ 18



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

നടുങ്ങിപ്പോയി ഭാർഗവി. ആരോ കെട്ടറുത്തുവിട്ട ഒരു ചുഴലിക്കാറ്റ് അവളെ പറത്തിക്കളഞ്ഞു. ഒരു മഹാസമുദ്രം ക്ഷോഭം കൊണ്ടലറുന്നു. ആ കടൽപ്പെരുക്കത്തിൽ ഉലഞ്ഞുപോയി ഭാർഗവി.

ഒരു നിമിഷത്തേക്ക് അവളിലെ ശക്തിയും ഓജസ്സുമെല്ലാം ചോർന്നുപോയി. തന്റെ കാൽക്കീഴിലെ ഭൂമി പിളരുന്നതുപോലെ. മരുതുകുളങ്ങരത്തറവാടിന്റെ അസ്തിവാരമിളകുന്നു. ആകാശം ഛിന്നഭിന്നമായി താഴേക്കു പതിക്കുന്നു.

കെല്പറ്റവളായി ഭാർഗവി. ഹൃദയത്തിലേക്ക് അപമാനത്തിന്റെ ഒരു ശരംവന്നു തറയുന്നു. കാറ്റത്തുലയുന്ന പുല്ക്കൊടിപോലെ ഭാർഗവി വിറകൊണ്ടു. നാവു നഷ്ടപ്പെട്ടവളെപ്പോലെ അവൾ ഒട്ടുനേരം ഇരുന്നു.

പിന്നെയെപ്പോഴോ സമചിത്തത വീണ്ടെടുത്തപോലെ ഭാർഗവി ചോദിച്ചു:

"നമ്മുടെ പൂർവസൂരികളും കീർത്തിമാന്മാരുമായ മഹാരാജാക്കന്മാരും ബ്രാഹ്മണശ്രേഷ്ഠന്മാരും മഹർഷിമാരുമൊക്കെ ആരാധിച്ചിരുന്ന ദേവീദേവന്മാരെ ഉപേക്ഷിച്ചു ചണ്ഡാളരും അധഃകൃതജാതിക്കാരുമൊക്കെ സ്വീകരിക്കുന്ന നീചവും നവീനവുമായ മതം സ്വീകരിക്കണമെന്നാണോ അങ്ങു പറയുന്നത്..."

പാരമ്പര്യവിശ്വാസങ്ങൾക്കൊക്കെ ക്ഷതം സംഭവിച്ച ഒരുവളുടെ ദീനവിലാപംപോലെയായിരുന്നു ഭാർഗവിയുടെ ചോദ്യം.

സൗമ്യമായ ഒരു പുഞ്ചിരികൊണ്ടായിരുന്നു ദേവസഹായം ആ ചോദ്യത്തെ നേരിട്ടത്. പിന്നെ അദ്ദേഹം ശാന്തമായി ചോദിച്ചു:

"നീചനും ഉത്കൃഷ്ടനും ദരിദ്രനും സമ്പന്നനും പ്രത്യേകം പ്രത്യേകം ദൈവങ്ങളുണ്ടെന്നോ...? സാവധാനം ആലോചിച്ചുനോക്കൂ. നീ പറയുന്ന ശ്രേഷ്ഠന്മാർക്കും ഹീനന്മാർക്കും പാർക്കാൻ ഒരു ഭൂമി മാത്രമല്ലേയുള്ളൂ. സൂര്യനെ നോക്കൂ. അതു പ്രപഞ്ചത്തിലെ സർവജീവജാലങ്ങൾക്കും വേണ്ടി ഒരുപോലെയല്ലേ പ്രകാശിക്കുന്നത്? വീശുന്ന കാറ്റും പെയ്യുന്ന മഴയും പൊഴിയുന്ന മഞ്ഞും ഏവർക്കും ഒരുപോലെയല്ലേ അനുഭവവേദ്യമാകുന്നത്? അങ്ങനെയെങ്കിൽ പലർക്കും പല ദൈവങ്ങളുണ്ടാകുന്നതെങ്ങനെ?"

ഭർത്താവിന്റെ ചോദ്യങ്ങൾക്കുത്തരം പറയാൻ ഭാർഗവിക്കു കഴിയുമായിരുന്നില്ല. അന്തഃക്ഷോഭത്തിന്റെ ഒരു കടൽ അവളിൽക്കിടന്നലതല്ലുന്നുണ്ട്. സമൂഹത്തിൽ നിന്നനുഭവിക്കാൻ പോകുന്ന തിരസ്കാരത്തിന്റെയും അപമാനത്തിന്റെയും കനലുകൾ അവളെ പൊള്ളിക്കാൻ എവിടെയോ പരുവപ്പെടുന്നുണ്ട്. അവൾ പറഞ്ഞു:

"വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളുമൊക്കെ പഠിച്ചവനല്ലേ അങ്ങ്. എന്നിട്ടും അന്ധകാരത്തിലേക്കാണോ അങ്ങു ചുവടുവയ്ക്കുന്നത്?"

"ഒരിക്കലുമല്ല. എല്ലാ മഹത്ഗ്രന്ഥങ്ങളും നമ്മെ നയിക്കുന്നതു പ്രകാശത്തിലേക്കുതന്നെയാണ്. ആത്മജ്ഞാനത്തിന്റെ പ്രകാശധോരണിയാണ് ഒരുവനെ ഉത്തമനും ഉത്കൃഷ്ടനുമാക്കുന്നത്."

"ഒന്നറിയുക. സകലസൃഷ്ടികൾക്കും സത്യമൊന്നേയുള്ളൂ. ആ സത്യത്തിനാധാരമായ ദൈവവുമൊന്നുതന്നെ. ആ ദൈവസന്നിധിയിലേക്കെത്തിച്ചേരാനുള്ള മാർഗവും ഏവർക്കും ഒന്നുതന്നെയാണ്. പുണ്യാത്മാക്കൾക്കു പ്രാപ്യമാകുന്ന മോക്ഷവും ഒന്നുതന്നെ. കരുണാനിധിയും സ്നേഹസ്വരൂപനുമായ ഏകദൈവം മാത്രമേ നമുക്കു നിത്യഭാഗ്യം തരികയുള്ളൂ. അല്ലാതെ, മനുഷ്യരുടെ സങ്കല്പമായ, സൃഷ്ടിയായ ദേവന്മാരെയല്ല നാം ആരാധിക്കേണ്ടതും പൂജിക്കേണ്ടതും. ഞാനീ പറയുന്നതും സത്യവേദം സ്വീകരിച്ചതും ഒരു നിമിഷത്തിലുളവായ അന്തഃകരണപ്രേരണയാലല്ല. പഠിച്ചും വളരെയേറെ ചിന്തിച്ചും എടുത്ത തീരുമാനംതന്നെയാണ്. അതാണു ശരിയായ മോക്ഷമാർഗവും. ആയതിനാൽ, നീയും എന്റെ ആഗ്രഹത്തെ മാനിച്ച് നിത്യജീവൻ പ്രാപിക്കുന്നതിനു യോഗ്യയായിത്തീരുക."



ഭർത്താവിനോട് എതിർത്തു പറയാൻ ഭാർഗവിക്കു കഴിയുമായിരുന്നില്ല. മരണപ്പെട്ട ഭർത്താവിന്റെ ചിതയിൽ ചാടി ആത്മാഹൂതി ചെയ്യുന്ന ഭാരതസ്ത്രീയുടെ പാരമ്പര്യമാണ് ഭാർഗവിക്കുമുള്ളത്. ഭർത്താവിന്റെ ആഗ്രഹത്തിനു വിഘാതം നിന്നുകൂടാ.

എങ്കിലും വളരെ ആലോചിച്ചുറച്ചശേഷമാണ് അവൾ സത്യവേദം സ്വീകരിക്കാൻ സമ്മതം മൂളിയത്.

പിന്നീട് അവസരം കിട്ടിയപ്പോഴൊക്കെ ദേവസഹായം ക്രിസ്തുദേവനെക്കുറിച്ചും ചൈതന്യവത്തായ ക്രൈസ്തവജീവിതത്തെക്കുറിച്ചും ഭാർഗവിക്കു വിശദീകരിച്ചുകൊടുത്തു.

കാര്യങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയ ഭാർഗവിയിൽ അവശേഷിച്ചിരുന്ന ആശങ്കകളും മാഞ്ഞുപോയി. തന്റെ ഭർത്താവാണു ശരി. അദ്ദേഹം തിരഞ്ഞെടുത്ത വഴികളും ശരിതന്നെ.

ദേവസഹായം അവൾക്കു വിശുദ്ധ പുസ്തകത്തിലെ കഥകൾ പറഞ്ഞുകൊടുത്തു. ജപങ്ങളും പ്രാർത്ഥനകളും പഠിപ്പിച്ചുകൊടുത്തു. അവൾ ഹൃദയംകൊണ്ടു പുതുക്കം പ്രാപിച്ചവളായി. ജീവിതത്തിന്റെ അഴലുകൾ അവളിൽനിന്ന് അഴിഞ്ഞുപോയി. അവളെ ഇപ്പോൾ ഒന്നും വ്യാകുലപ്പെടുത്തുന്നില്ല. സംഭവിച്ച ക്ഷതങ്ങളോ അരിഷ്ടതകളോ ഒന്നും.

ദേവസഹായം പറഞ്ഞുകൊടുത്ത ക്രിസ്തുചരിതങ്ങളിൽ ഭാർഗവിക്ക് ഏറ്റവും പ്രിയങ്കരമായത് ക്രിസ്തുദേവന്റെ ജനനകഥതന്നെയായിരുന്നു.

പല രാത്രികളിലും അവൾ ശിശുവായ യേശുദേവനെ സ്വപ്നത്തിൽ ദർശിച്ചു, പിള്ളക്കച്ചയിൽ പൊതിഞ്ഞു കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ കിടക്കുന്ന ദേവപുത്രനെ. പൗരസ്ത്യദേശത്തുനിന്നുവന്ന ജ്ഞാനികൾ നിക്ഷേപപാത്രങ്ങൾ തുറന്ന് അവനു കാഴ്ചകളർപ്പിക്കുന്നു. ദൈവദൂതന്മാരും ആട്ടിടയന്മാരും അവനു മംഗളഗാനം പാടുന്നു. ജ്ഞാനികൾക്കു വഴികാട്ടിയ അടയാളനക്ഷത്രം കാലിത്തൊഴുത്തിനു മുകളിൽ പ്രകാശം ചൊരിയുന്നു...

ആ സ്വപ്നക്കാഴ്ചകൾ അവളെ വല്ലാതെ പ്രലോഭിപ്പിച്ചു. ഒരു കുളിർമഴ അനുഭവിക്കുന്നതുപോലെയായിരുന്നു അവൾക്കാ സ്വപ്നങ്ങൾ. സ്വപ്നത്തിൽ ഉണ്ണിയേശുവിനെ കൈകളിൽ പേറുവാൻ അവൾ അദമ്യമായി ആഗ്രഹിച്ചു. പക്ഷേ, എന്തുകൊണ്ടോ അവൾക്കതിനു കഴിഞ്ഞില്ല.

ഭർത്താവില്ലാത്ത മരുതുകുളങ്ങരയിലെ രാത്രികൾ ഭാർഗവിക്ക് ഒറ്റച്ചിലമ്പിന്റെ നാദംപോലെ വിരസവും ചകിതചിന്തകളുടെ മണിമുഴക്കങ്ങളുടേതുമായിരുന്നു. ഏകാന്തത ഒരു മൺപുറ്റുപോലെ അവളെ ആവാഹിച്ചുകളയുന്നു. തറവാട്ടിലുള്ളവരുടെയും അടുക്കളവാല്യക്കാരികളുടെയും പുറംജോലിക്കാരുടെയും ഇടയിൽ എപ്പോഴും അവൾ ഒറ്റയ്ക്കായിരുന്നു. ആ തനിച്ചാകൽ തീവ്രമായ ഒരു മനോവ്യഥ അവൾക്കു പ്രദാനം ചെയ്തിരുന്നു. അതിൽനിന്നൊക്കെ മോചനം കിട്ടിയിരുന്നത് പത്മനാഭപുരത്തുനിന്നു നീലകണ്ഠൻ വീടെത്തുമ്പോൾ മാത്രമായിരുന്നു.

പക്ഷേ, ഇപ്പോൾ രാത്രിവ്യഥകൾ അവളെ മഥിക്കുന്നില്ല. ശരീരമാനസകാമനകളുടെ ആന്ദോളനങ്ങൾ അവൾ കേൾക്കുന്നില്ല. ആളുകളുടെ ഇടയിൽ ഒറ്റയ്ക്കാവുമ്പോഴും ഉറക്കറയിൽ ഏകയാകുമ്പോഴും പിള്ളക്കച്ചകളാൽ പൊതിയപ്പെട്ട ഒരു ദിവ്യപൈതൽ അവളെ നോക്കി കൈകാലുകളിളക്കി മന്ദഹസിക്കുന്നുണ്ട്.

ഇപ്പോൾ അവളുടെ ചിന്തകളൊട്ടൊക്കെ യേശുദേവനെപ്പറ്റിത്തന്നെയാണ്. കളങ്കമില്ലാതെ ജന്മംകൊണ്ടവൻ. പുരുഷനെ അറിയാതെയാണ് മറിയം ഗർഭവതിയായത്. മറിയത്തിന്റെ ഭർത്താവ് ജോസഫിനോടു ഭാർഗവിക്ക് എന്തെന്നില്ലാത്ത ആദരം തോന്നി. അദ്ദേഹം നീതിമാൻതന്നെ. എന്തെന്നാൽ, അവൻ മറിയത്തെ തിരസ്കരിച്ചില്ല. ദൈവനീതിക്കു വിധേയപ്പെടുകയായിരുന്നു.

ചിന്തകളുടെ കടലാഴങ്ങൾ താണ്ടിയായിരുന്നു ഭാർഗവി ഓരോ വിനാഴികയും തള്ളിനീക്കിയത്. അനുനിമിഷം ഭർത്താവിന്റെ പാത പിൻതുടരാൻ അവൾ പരുവപ്പെട്ടുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെയാണ് നിഷ്കളങ്കയായ ഭാർഗവി തന്റെ അമ്മയോട് ഭർത്താവിന്റെ മതം മാറ്റത്തെക്കുറിച്ചും തന്റെ തീരുമാനങ്ങളെക്കുറിച്ചും പറഞ്ഞത്. ദേവസഹായം മരുതുകുളങ്ങരയിലെത്തിയ ദിവസം തന്നെയായിരുന്നത്.

അതൊരു സ്ഫോടനത്തിനു വഴിയൊരുക്കുമെന്ന് അവൾ ഒട്ടുമേ നിനച്ചിരുന്നില്ല. കേട്ടമാത്രയിൽത്തന്നെ ഭാർഗവിയുടെ അമ്മ കോപംകൊണ്ടു ജ്വലിച്ചു. തന്റെ ജാമാതാവ് സത്യവേദം സ്വീകരിച്ചിരിക്കുന്നു.

അസഹനീയമായിരുന്നു അവൾക്കാ വൃത്താന്തം. തറവാടിന്റെ അന്തസ്സിനും അഭിമാനത്തിനും ക്ഷതം സംഭവിച്ചിരിക്കുന്നു. തറവാട്ടിൽനിന്നൊരാൾ ഹീനമതം സ്വീകരിച്ചിരിക്കുന്നു. ദേവഗണങ്ങൾ കോപംകൊണ്ടു ജ്വലിക്കാതിരിക്കുമോ? കുടുംബദേവത മഹാകാളി ഈ അപരാധം പൊറുക്കുമോ? അവർ പരദേവത ഭദ്രകാളിയെ വിളിച്ചുപോയി.

മരുതുകുളങ്ങരത്തറവാടിന്റെയും മേക്കാട്ടുള്ള തന്റെ സ്വന്തം ഭവനത്തിന്റെയും മുകളിൽ അത്യധികമായ അപകടങ്ങളുടെ കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുന്നു. ദേവീകോപം ചിലമ്പുകുലുക്കി പാഞ്ഞടുക്കുന്നു. പാരമ്പര്യാചാരങ്ങളും കുലമഹിമയും നാശോന്മുഖമാകുന്നു. അവർ കലികയറിയ രുദ്രയെപ്പോലെ ഉറഞ്ഞുതുള്ളിക്കൊണ്ട് മരുമകന്റെ പക്കലേക്കു പാഞ്ഞുചെന്നു.

"നീലകണ്ഠാ... ഞാനീ കേട്ടതൊക്കെ നേരുതന്നെയോ?"

"എന്ത്?"

"നീ സത്യവേദം സ്വീകരിച്ചോ? എന്റെ മകളും ആ നീചമതം സ്വീകരിക്കാനൊരുങ്ങുന്നു. സത്യമോ?"

"സത്യംതന്നെ." യാതൊരു സങ്കോചവും കൂടാതെയായിരുന്നു ദേവസഹായത്തിന്റെ മറുപടി. അതാകട്ടെ, ആ സ്ത്രീയെ കൂടുതൽ രോഷാകുലയാക്കുകയാണു ചെയ്തത്.

"നിന്നെയാരോ മന്ത്രവാദം ചെയ്തു മനംമാറ്റം വരുത്തിയിരിക്കുന്നു. അതു തീർച്ച. നീലകണ്ഠാ, നിന്റെ പോക്ക് കൊടിയ നാശത്തിലേക്കാണ്. നമ്മുടെ കുലദേവതയായ ഭദ്രകാളിയുടെ കോപം നിന്റെയും ഈ തറവാടിന്റെയും മുകളിൽ പതിക്കുന്നതിനുമുമ്പ് പരിഹാരകർമങ്ങൾ അനുഷ്ഠിച്ചു വരാനിരിക്കുന്ന മഹാവിപത്തിൽനിന്നു മോചനം നേട്."

"ഭൗതികവും ആത്മീയവുമായ എല്ലാ വിപത്തുകളിൽനിന്നും മോചനം നേടാനുള്ള ഏക മാർഗം സത്യവേദമാണ്. അതാണു ഞാൻ സ്വീകരിച്ചിരിക്കുന്നതും."

ശേഷം 12-ാം പേജിൽ

# കുതിച്ചും കിതച്ചും എത്രനാൾ?

(1-ാം പേജ് തുടർച്ച)

കോർപ്പറേഷന്റെ ഇന്നത്തെ ദുരവസ്ഥയുടെ കാരണങ്ങളിലൊന്ന് ജീവനക്കാരുടെയും യൂണിയനുകളുടെയും നിസ്സഹകരണമാണെന്ന വിശദീകരണത്തിൽ നീരസം പ്രകടിപ്പിച്ച കോടതി, കൊടിതോരണങ്ങൾക്കും ജയ്‌വിളികൾക്കും കുറവില്ലല്ലോയെന്നു പരിഹസിക്കുകയും ചെയ്തു.

**കെഎസ്ആർടിസിയെ നന്നാക്കും**

കോർപറേഷനെ മികവുള്ളതാക്കാനും സർവീസുകൾ മെച്ചപ്പെടുത്താനും ഡൽഹിയിൽനിന്നു പ്രഫഷണൽസംഘത്തെ നിയോഗിക്കുമെന്ന് സർക്കാർ തീരുമാനിച്ചിരുന്നു. ഡൽഹി ഉൾപ്പെടെയുള്ള പ്രമുഖ നഗരങ്ങളിലെ പൊതുഗതാഗതം ഏകോപിപ്പിക്കുന്ന ഡൽഹി ഇന്റഗ്രേറ്റഡ് മൾട്ടി മോഡൽ ട്രാൻസ്പോർട്ട് കമ്പനിയുമായിട്ടാണു ധാരണയിലെത്തിയത്. ഡൽഹിയിൽ 3500 സ്വകാര്യബസുകൾ വാടകയ്ക്കെടുത്തു സർവീസ് നടത്തുന്നതുപോലെ ഇവിടെയും നടപ്പാക്കാനാകുമോയെന്നാണു ചിന്തിക്കുന്നത്. ഐടി ഡേറ്റ അനലിസ്റ്റ്, ട്രാഫിക് സർവീസ് ഓപ്പറേഷൻ തുടങ്ങിയ മേഖലകളിൽ 20 വർഷത്തിൽ കൂടുതൽ പരിചയസമ്പത്തുള്ള നാലു പേരെ 15 ലക്ഷം രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിക്കും. അതോടൊപ്പം, കോർപ്പറേഷനിൽനിന്നുള്ള ഒരു വിദഗ്ധസംഘവും ആഡിറ്റർമാരും സഹായത്തിനുണ്ടാകും.

**വേണ്ടത് ശാശ്വതപരിഹാരം**

ആവശ്യത്തിൽ കൂടുതലുള്ള ജീവനക്കാരുടെ എണ്ണം കുറച്ചാൽ കോർപ്പറേഷനെ ലാഭത്തിലാക്കാമെന്നു വിലയിരുത്തുന്നവരുണ്ട്. 1:8.30 എന്ന അനുപാതത്തിൽനിന്ന് 1:5 എന്ന കണക്കിലേക്ക് എത്തിക്കാൻ കഴിഞ്ഞാൽ വിജയം ഉറപ്പിച്ചുവെന്നു പറയാനാകും. ഒരു വണ്ടിക്ക് 13 ജോലിക്കാരെന്ന അവസ്ഥയിൽനിന്ന് 8.30 ലേക്കു താഴ്ത്തിക്കൊണ്ടുവന്നത് ശുഭസൂചനയാണ്. രോഗികളും അംഗവൈകല്യമുള്ളവരുമായ ജീവനക്കാരെ മതിയായ നഷ്ടപരിഹാരം നൽകി സ്വയംപിരിയലിനു പ്രേരിപ്പിക്കാം. കൃത്യവിലോപം കാട്ടുന്നവർക്കും യൂണിയൻ പ്രവർത്തനങ്ങൾക്കു മാത്രമായി നടക്കുന്നവർക്കും മദ്യപന്മാർക്കും നിർബന്ധിതപിരിച്ചുവിടലാണ് അഭികാമ്യം.

കെഎസ്ആർടിസിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ടു സമർപ്പിച്ച കൊൽക്കത്ത ഐഐഎമ്മിലെ പ്രഫസർ സുശീൽ ഖന്നയുടെ അഭിപ്രായങ്ങൾ ശ്രദ്ധേയങ്ങളായിത്തോന്നി: ‘‘മാനേജുമെന്റിന്റെ കഴിവുകേടാണ് ഇപ്പോഴത്തെ ദുരവസ്ഥയ്ക്കു കാരണം. എന്റേതുൾപ്പെടെ നൂറോളം പഠനറിപ്പോർട്ടുകളാണ് ട്രേഡ്യൂണിയൻ നേതാക്കളുടെ എതിർപ്പുമൂലം ചുവപ്പുനാടയിൽ കുരുങ്ങിയത്. യൂണിയൻ പ്രവർത്തനം മോശമായ കാര്യമാണെന്നു ഞാൻ പറയില്ല. എന്നാൽ, ജീവനക്കാരെ വിശ്വാസത്തിലെടുക്കുന്ന കാര്യത്തിൽ മാനേജുമെന്റ് പരാജയപ്പെട്ടു.

“സംപൂർണ കംപ്യൂട്ടർവത്കരണം എന്റെ ശിപാർശകളിൽ പ്രധാനപ്പെട്ടതായിരുന്നെങ്കിലും നടപ്പാക്കാൻ സർക്കാർ കൂട്ടാക്കിയില്ല. എംഡിമാരുടെ തുടരെത്തുടരെയുള്ള സ്ഥാനമാറ്റം വളരെയേറെ ദോഷം ചെയ്തിട്ടുണ്ട്. കുറഞ്ഞത് മൂന്നു വർഷമെങ്കിലും മാനേജിങ് ഡയറക്ടറെ സ്വസ്ഥാനത്തിരുത്തണം. എന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യം ക്രമീകരിക്കണം. ഏതൊരു സ്ഥാപനവും നന്നാകണമെങ്കിൽ നല്ല മാനേജുമെന്റ് അനിവാര്യമാണ്. മികവും വൈദഗ്ധ്യവും ദീർഘവീക്ഷണവുമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിച്ചാൽ കോർപ്പറേഷനെ രക്ഷിക്കാനാകും.



ബോർഡംഗത്വം ഒരു പാർട്ട്ടൈം ജോലിയല്ല. ഒരു സ്ഥാപനത്തെ നിലനിറുത്തുന്നതും മുൻപോട്ടുകൊണ്ടുപോകുന്നതും ബോർഡംഗങ്ങളാണ്.”

കോർപ്പറേഷന്റെ ഇപ്പോഴത്തെ എംഡി ബിജു പ്രഭാകറിന്റെ വെളിപ്പെടുത്തലുകൾ ഇപ്രകാരമായിരുന്നു: “ഒരു ബസിൽനിന്ന് ദിവസവരുമാനമായി ലഭിക്കുന്നത് ശരാശരി 16,000 രൂപയാണ്. എന്നാൽ, ഈ വരുമാനംകൊണ്ട് ശമ്പളം കൊടുക്കേണ്ടത് എട്ടിൽക്കൂടുതൽ ആളുകൾക്കാണ്. ഇവരുടെ ശമ്പളവും ഡീസൽവിലയും ചേർത്താൽ 20,000 രൂപയാണു ദിവസവും വേണ്ടത്. അതായത്, ഒരു ബസ് 4,000 രൂപ നഷ്ടത്തിലാണ് ഓടുന്നത്. ഏപ്രിൽമാസത്തെ ദിവസവരുമാനം 165 കോടി ആയിരുന്നെങ്കിൽ ചെലവ് 250 കോടിയായിരുന്നു. ബസോടിച്ച് കോർപ്പറേഷനെ രക്ഷപ്പെടുത്താൻ കഴിയില്ലെന്നു തിരിച്ചറിഞ്ഞതിനാലാണ് ഇതരവരുമാനമാർഗങ്ങൾ അവലംബിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്കു കൊടുത്തും പരസ്യങ്ങൾ പതിച്ചുമൊക്കെ 500 കോടിയെങ്കിലും സമാഹരിക്കാനുള്ള തീവ്രശ്രമത്തിലാണ്. ബസ് സ്റ്റാൻഡുകൾക്കുവേണ്ടി പണിത ഒരു കെട്ടിടവും മാർക്കറ്റിങ് കാഴ്ചപ്പാടോടെയല്ല നിർമിച്ചിട്ടുള്ളത്. അവയിലുള്ള നിർമാണങ്ങളെല്ലാം ‘ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ’ വ്യവസ്ഥയിൽ സ്വകാര്യകമ്പനികളെയാണ് ഏല്പിക്കുക. ഇതിലേക്കായി മാർക്കറ്റിങ് സ്റ്റാഫിനെയും ഉപദേശകരെയും നിയമിച്ചുകഴിഞ്ഞു.

‘‘എൽഎൻജി, സിഎൻജി വാഹനങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചെങ്കിലും ഗ്യാസിനും ഡീസലിനും വില വർദ്ധിച്ചതിനാൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനെക്കുറിച്ചാണു ചിന്തിക്കുന്നത്. ഇപ്രകാരം 35 കോടിയും കംപ്യൂട്ടർവത്കരണത്തിലൂടെയും ജീവനക്കാരെ പുനർവിന്യസിച്ചും 25 കോടിയും ചെലവു കുറക്കാമെന്നു കരുതുന്നു. ഡ്രൈവറുള്ളപ്പോൾ കണ്ടക്ടർ ഉണ്ടാകാറില്ല, കണ്ടക്ടർ ഉള്ളപ്പോൾ ഡ്രൈവറും. ജീവനക്കാരുടെ ഇത്തരത്തിലുള്ള പെരുമാറ്റം മൂലം 500 ഷെഡ്യൂളുകളെങ്കിലും ദിവസവും മുടങ്ങുന്നുണ്ട്. കൂടുതൽ ബസുകൾ നിരത്തിലിറങ്ങിയാൽ വരുമാനവും വർദ്ധിക്കും. ജീവനക്കാരുടെ സഹകരണമില്ലാതെ കോർപ്പറേഷനെ മുന്നോട്ടു കൊണ്ടുപോവുക സാധ്യമല്ല. ഖജനാവിൽനിന്നു പണം വിഴുങ്ങി എത്രനാൾ മുൻപോട്ടു പോകാമെന്ന് ഒരു നിശ്ചയവുമില്ല. 2016 മുതൽ 2021 വരെയുള്ള അഞ്ചു വർഷങ്ങളിൽ 6,962 കോടിയും 2021 -2022 സാമ്പത്തിക വർഷത്തിൽ 2,038 കോടിയുമാണ് സർക്കാരിൽനിന്നു സഹായമായി നൽകിയത്. ഇപ്പോഴത്തെ നിലയിൽ മുമ്പോട്ടുപോയാൽ 2030 കടക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആളെ കയറ്റിയില്ലെങ്കിലും ശമ്പളം കിട്ടുമെന്ന മനോഭാവത്തിൽനിന്നു ജീവനക്കാർ മാറിയാലേ കോർപ്പറേഷൻ രക്ഷപ്പെടൂ. നിറയെ യാത്രക്കാരുമായി പോകുന്ന സ്വകാര്യബസുകൾക്ക് അകമ്പടി പോകുന്ന സർക്കാർ ബസുകൾ സ്ഥിരം കാഴ്ചയാണ്. ഇത് ‘അഡ്ജസ്റ്റുമെന്റ് ഓട്ടം’ അല്ലാതെന്താണ്? ഇന്ത്യൻ കോഫി ഹൗസിന്റെ മാതൃകയിൽ സഹകരണസംഘം രൂപീകരിച്ച് നടത്തിപ്പ് തൊഴിലാളികളെത്തന്നെ ഏല്പിക്കുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

കെഎസ്ആർടിസിയെ സ്വകാര്യവത്കരിക്കണമെന്നു ചിന്തിക്കുന്നവരും ഏറെയാണ്. സ്വകാര്യബസ് സർവീസുകളെല്ലാം ലാഭത്തിൽ നടത്തുമ്പോൾ സർക്കാർ വണ്ടിക്കു മാത്രം നഷ്ടമുണ്ടാകുന്നതെങ്ങനെയെന്നാണ് അക്കൂട്ടർ ചോദിക്കുന്നത്. കോർപ്പറേഷനെ മൊത്തം ഉടച്ചുവാർക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. വണ്ടികൾ വൃത്തിയാക്കാൻ ഒട്ടേറെ തൊഴിലാളികളുണ്ടെങ്കിലും വൃത്തിയുടെ കാര്യത്തിൽ എവിടെ നില്ക്കുന്നുവെന്നും ചിന്തിക്കണം. സ്വകാര്യപങ്കാളിത്തത്തോടെ വിജയകരമായി മുന്നേറുന്ന ‘സിയാൽ’ (CIAL) മാതൃകയിലുള്ള പങ്കാളിത്തം ഉറപ്പാക്കിയാൽ കെഎസ്ആർടിസിയെ രക്ഷിക്കാനാകുമെന്ന അഭിപ്രായവും ഉയർന്നുവരുന്നുണ്ട്. എയർ ഇന്ത്യയുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് ഇവിടെയും പരീക്ഷിക്കാവുന്നതല്ലേ?

2010 ൽ കെഎസ്ആർടിസിക്കെതിരെ ഒരു രാഷ്ട്രീയപ്പാർട്ടിയുടെ യുവജനസംഘടന നടത്തിയ അക്രമസമരത്തെക്കുറിച്ച് അക്കാലത്തെ എംഡിയായിരുന്ന ജയിംസ് കെ. ജോസഫ് ഓർമിച്ചെടുക്കുന്നുണ്ട്. കോർപ്പറേഷന്റെ മൂന്നൂറോളം ബസുകളാണ് അന്നു തല്ലിത്തകർത്തത്. ‘മാനിഷാദ’ എന്ന ബോർഡും എഴുതിവച്ച് തകർന്ന വണ്ടികളുമായി തലസ്ഥാനനഗരിയിലൂടെ അന്നു നടത്തിയ വിലാപയാത്രകണ്ട് കേരളമനഃസാക്ഷി വിതുമ്പിയെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. കെഎസ്ആർടിസി ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തരമായി പരിഹാരം കണ്ടില്ലെങ്കിൽ, മറ്റൊരു വിലാപയാത്രയ്ക്കുകൂടി കേരളം സാക്ഷിയാകേണ്ടിവരുമെന്നും അദ്ദേഹം കുറിച്ചുവയ്ക്കുന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ ഒരു ഉപജാപകസംഘത്തിൽനിന്നു ജീവനുപോലും ഭീഷണിയുണ്ടായിരുന്ന ദുരനുഭവത്തെപ്പറ്റി കെഎസ്ആർടിസിയുടെ മുൻ എംഡിയും മുൻ ഡിജിപിയുമായിരുന്ന ടിപി സെൻകുമാർ അടുത്തിടെ വെളിപ്പെടുത്തുകയുണ്ടായി. കോർപ്പറേഷനെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ളവർ തലപ്പത്തു കയറിക്കൂടിയുണ്ട് എന്ന യാഥാർത്ഥ്യവും ആശങ്കയോടെയേ കാണാനാകൂ. ■




11-ാംപേജ് തുടർച്ച

“നിനക്കു ഭ്രാന്താണ് നീലകണ്ഠാ, മുഴുഭ്രാന്ത്.”

“ഒരു വലിയ കൂട്ടം ഭ്രാന്തന്മാരുടെ ഇടയിൽ ഒരാൾക്കു മാത്രം ഭ്രാന്തില്ലെന്നു കരുതുക. അവനെ എല്ലാവരുംകൂടി ഭ്രാന്തനെന്നു വിളിക്കും.”

“അപ്പോൾ നീയൊഴിച്ച് എല്ലാവർക്കും ഭ്രാന്താണെന്ന്.”

“ഞാൻ പറഞ്ഞതിന് അങ്ങനെയൊർത്ഥമുണ്ടോ?”

“നിന്റെ ഒളിവാക്കിന്റെ അർത്ഥം മറ്റെന്താണ്. ഒരു കാര്യം എനിക്കുറപ്പാണ്. നിന്നിലുണ്ടായിരുന്ന ജ്ഞാനമെല്ലാം പൊയ്പ്പോയിരിക്കുന്നു. നിന്നെയിപ്പോൾ അജ്ഞാതതിമിരം ബാധിച്ചിരിക്കുന്നു.”

‘‘യഥാർത്ഥജ്ഞാനം ഒരുവനിൽ ഉളവാക്കുന്നത് വെളിച്ചമാണ്. അതു സത്യദൈവത്തെക്കുറിച്ചുള്ള അറിവിന്റെ വെളിച്ചമാണ്. ജീവിതകാലം മുഴുവൻ ഇരുട്ടിൽ കഴിയുന്ന നിങ്ങളെപ്പോലുള്ളവർക്കു സുഖശീതളമായ നിലാവുപോലും അലോസരമുണ്ടാക്കും. ഒരായുസ്സ് മുഴുവൻ അന്ധവിശ്വാസങ്ങളുടെ ദുർഗന്ധം അനുഭവിച്ചു കഴിയുന്ന നിങ്ങൾക്കു സത്യവിശ്വാസത്തിന്റെ സുഗന്ധം മനംപിരട്ടലുണ്ടാകും. സംശയം വേണ്ട.”

സ്വന്തം അഭിമാനത്തിനു മുറിവേല്ക്കുന്നതുപോലെ തോന്നി ആ സ്ത്രീക്ക്. അവരുടെ കോപം പതിന്മടങ്ങായി. അവർ ദേവസഹായത്തിനു നേരേ ശാപവാക്കുകൾ വർഷിച്ചു.

തന്റെ കോപമടങ്ങുവോളം.

പക്ഷേ, ദേവസഹായം പ്രതികരിച്ചതേയില്ല. അക്ഷോഭ്യനായി അദ്ദേഹം അമ്മായിയമ്മയെ കേട്ടിരുന്നു. അവരൊന്നടങ്ങിയപ്പോൾ ദേവസഹായം പറഞ്ഞു:

“സമുദ്രത്തിൽ മുങ്ങിക്കിടക്കുന്ന മത്സ്യജാലങ്ങൾക്കു വെള്ളം ഒരു ഭാരമായി തോന്നുകയില്ല. അതുപോലെ പാപകലുഷിതമായ ജീവിതം നയിക്കുന്നവർക്ക് സത്യദൈവത്തെ അറിയാനും കഴിയില്ല. നിങ്ങൾ ഒന്നുമാത്രം ചിന്തിച്ചു നോക്കുക. പകൽനേരങ്ങളിൽ ഭൂമിയിലെ ജീവജാലങ്ങൾക്കു തണലായി മേഘങ്ങളെ വിരിച്ചതും രാത്രിയിൽ വെളിച്ചത്തിനായി ആകാശത്തു ദീപം കൊളുത്തിവച്ചതും നിങ്ങളുടെ കുടുംബദേവതയായ കാളീദേവിയാണോ?”

(തുടരും)

# ക്രിസ്തുവിന്റെ ധീരസന്ന്യാസിനി



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2022 മേയ് 15–ാം തീയതി വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട വിശുദ്ധ ആൻ മരീ റിവിയ്യേ (1768 – 1838)**

2022 മേയ്മാസം 15–ാം തീയതി വത്തിക്കാനിൽവച്ച് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ വിശുദ്ധരായി പ്രഖ്യാപിച്ച പത്തു വാഴ്ത്തപ്പെട്ടവരിൽ ഒരാളാണ് മരീ റിവിയ്യേ. സുദീർഘമായ പഠനത്തിനും അന്വേഷണങ്ങൾക്കുംശേഷം അവരുടെ മധ്യസ്ഥതയിൽ നടന്ന ഒരു അദ്ഭുതം സ്ഥിരീകരിച്ചതിനുശേഷമാണു വിശുദ്ധപദപ്രഖ്യാപനം നടത്തുന്നത്. സാർവത്രികസഭ മുഴുവന്റെയും വണക്കത്തിനായിട്ടാണ് ഈ പ്രഖ്യാപനം നടത്തുന്നതെന്ന് നാമകരണതിരുക്കർമങ്ങളിൽനിന്നു മനസ്സിലാക്കാം. അതുകൊണ്ട് നമ്മൾ നേരത്തേ കേട്ടിട്ടില്ലാത്തവരെക്കുറിച്ചും വത്തിക്കാനിൽനിന്നു നല്കുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതാനും കാര്യങ്ങൾ രേഖപ്പെടുത്തുന്നു. നമുക്ക് അവരുടെയും വിശ്വാസതീക്ഷ്ണത മനസ്സിലാക്കാം; അവരുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യാം.

**ജനനം**

തെക്കുകിഴക്കേ ഫ്രാൻസിൽ അർഷേദ് പ്രവിശ്യയിൽ, മോൺപെസ്സാ എന്ന ഗ്രാമത്തിൽ 1768 ഡിസംബർ 19–ാം തീയതിയാണ് മരീ റിവിയ്യേ ജനിച്ചത്. 16 മാസം പ്രായമുള്ളപ്പോൾ ഉണ്ടായ ഒരു വീഴ്ചയെത്തുടർന്ന് അവർ പല വർഷങ്ങൾ കിടപ്പിലായിരുന്നു. ആ കുഞ്ഞിന്റെ അമ്മ അവിടെയുണ്ടായിരുന്ന പരിശുദ്ധ ദൈവമാതാവിന്റെ രൂപത്തിനുമുമ്പിൽ അവളെ എടുത്തുകൊണ്ടുപോയി അവിടെ ദീർഘനേരം പ്രാർത്ഥിച്ചിരുന്നു. പരിശുദ്ധ അമ്മയോട് കുഞ്ഞും പ്രാർത്ഥിച്ചിരുന്നു. നാലുവർഷത്തിനുശേഷം അവൾ എണീറ്റു നടക്കാൻ തുടങ്ങി.



അന്നുമുതൽ തന്റെ ജീവിതത്തിൽ എല്ലാം മാതാവിന്റെ മാധ്യസ്ഥ്യത്താലാണു ലഭിച്ചതെന്ന് ആൻ മരീ അടിയുറച്ചു വിശ്വസിച്ചുപോന്നു.

**സന്ന്യാസസഭയുടെ സ്ഥാപനം**

ഫ്രഞ്ചുവിപ്ലവം (1789–1799) മൂർദ്ധന്യത്തിൽ എത്തിയ കാലത്ത് അസാമാന്യധൈര്യത്തോടെ മരീ റിവിയ്യേ 1794 ൽ രഹസ്യമായി നാലു യുവതികളോടൊപ്പം സന്ന്യാസജീവിതം ആരംഭിച്ചു. മറ്റു മഠങ്ങളെല്ലാം വിപ്ലവകാരികൾ ബലമായി അടപ്പിച്ചിരുന്ന കാലത്താണ് ഈ സാഹസം എന്നോർക്കണം.

1796 നവംബർ 21 ന് ഔദ്യോഗികമായി Sisters of Presentation of Mary എന്ന സന്ന്യാസിനീസമൂഹം ആരംഭിച്ചു. വിദ്യാർത്ഥികളുടെ ക്രിസ്തീയ പരിശീലനത്തിനാണ് അവർ പ്രാധാന്യം നല്കിയത്. ജീവിതകാലത്തുതന്നെ 141 ഭവനങ്ങൾ തുടങ്ങാൻ അവർക്കു കഴിഞ്ഞു. 1838 ഫെബ്രുവരി 3–ാം തീയതി അവർ ഇഹലോകവാസം വെടിഞ്ഞു.

അവർ സ്ഥാപിച്ച പ്രസന്റേഷൻ സന്ന്യാസമൂഹത്തിന്റെ ശാഖകൾ അമേരിക്കയിലും ആഫ്രിക്കൻരാജ്യങ്ങളിലും പിൽക്കാലത്ത് ആരംഭിക്കുകയുണ്ടായി.

**നാമകരണനടപടികൾ**

1853 ൽ ഒൻപതാം പീയൂസ് മാർപാപ്പായുടെ കാലത്ത് നാമകരണനടപടികൾ ആരംഭിച്ചു. ലിയോ പതിമ്മൂന്നാം മാർപാപ്പായുടെ കാലത്ത് ധന്യ എന്നു പ്രഖ്യാപിക്കപ്പെട്ടു. 1982 മേയ് മാസം 23–ാം തീയതി ജോൺ പോൾ രണ്ടാമൻ പാപ്പാ ആൻ മരീ റിവിയ്യേയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ഫെബ്രുവരി മൂന്ന് തിരുനാൾദിനമായും നിശ്ചയിച്ചു.

2015 ൽ ഫിലിപ്പീൻസിൽ സംഭവിച്ച ഒരദ്ഭുതം അംഗീകരിക്കുകയും 2022 മേയ് 15 ന് ആൻ മരീ റിവിയ്യെയെ വിശുദ്ധയായി പ്രഖ്യാപിക്കുകയും ചെയ്തു.

■

---

**ദളം ഇരുപത്തിരണ്ട്**





മോബിൻ മോഹൻ

# ഒരു ഡയറിയുടെ കഥ

**കൈ**യിൽ ഒരു ബുക്കുമായി അമ്മാളു അകലെനിന്നു നടന്നുവരുന്നത് ഉണ്ണീരിയമ്മ വരാന്തയിൽ ഇരിക്കുമ്പോൾ കണ്ടു. അടുത്തെത്തിയപ്പോഴാണ് അതൊരു ഡയറിയാണെന്നു മനസ്സിലായത്.

"ഉണ്ണിയമ്മേ, എനിക്ക് അങ്കിൾ തന്ന ഡയറിയാണിത്. ഇന്നുമുതൽ ഞാൻ ഡയറി എഴുതാൻ തുടങ്ങും. ഡയറിയിൽ എന്തൊക്കെയാ എഴുതുക?"

"ഡയറിയിൽ നിനക്ക് എന്തുമെഴുതാം. നിന്റെ ചിന്തകളും അനുഭവങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും... അങ്ങനെ എന്തും. ആൻ ഫ്രാങ്കിനെപ്പോലെ."

അമ്മാളുവിന്റെ ചോദ്യത്തിന് ഉണ്ണീരിയമ്മ ഉത്തരം പറഞ്ഞുതീരുംമുമ്പേ അവൾ രണ്ടാമത്തെ ചോദ്യം ചോദിച്ചു:

"ആൻ ഫ്രാങ്കോ, അതാരാണ്?"

"എങ്കിൽ ഇന്ന് ആൻ ഫ്രാങ്കിന്റെ കഥയാവട്ടെ."

ഉണ്ണീരിയമ്മ പറഞ്ഞുതുടങ്ങി...

ഒന്നാം ലോകമഹായുദ്ധത്തിലെ തോൽവി ജർമനി എന്ന രാജ്യത്തിനു വലിയ നാണക്കേടുണ്ടാക്കി. തങ്ങളുടെ തോൽവിക്കു കാരണം ജൂതമതത്തിൽപ്പെട്ട ആളുകളാണെന്നും അവർ രാജ്യത്തു ജീവിക്കാൻ അർഹരല്ലെന്നും തീവ്രദേശീയവാദികൾ പറഞ്ഞുപരത്തി. ഈ ജൂതവിരോധം അതിന്റെ ഏറ്റവും പാരമ്യത്തിൽ എത്തിയത് ഹിറ്റ്ലർ ജർമനിയുടെ ചാൻസലർ ആയപ്പോഴാണ്. ജൂതർക്കു പ്രവേശനമില്ല എന്ന ബോർഡുകൾ വീടുകളുടെയും വ്യാപാരസ്ഥാപനങ്ങളുടെയും മുൻവശത്തു പ്രത്യക്ഷപ്പെട്ടു. കൊടിയ പീഡനങ്ങൾ നേരിടേണ്ടിവന്നപ്പോൾ ജൂതർ ജർമനിയിൽനിന്നു പലായനം ചെയ്യാൻ തുടങ്ങി. അങ്ങനെ ജർമനിയിൽനിന്നു പലായനം ചെയ്ത ആയിരക്കണക്കിനു കുടുംബങ്ങളിൽ ഒന്നായിരുന്നു ആൻ ഫ്രാങ്കിന്റേത്. അവളുടെ പിതാവ് ഓട്ടോ ഫ്രാങ്കിന്റെ സ്ഥാപനം നഷ്ടത്തിലായതും ഈ പലായനത്തിനു കാരണമായി. നെതർലാൻഡ്സിൽ എത്തിയ ആൻ ഫ്രാങ്കും കുടുംബവും അവിടെ സമാധാനപരമായ ജീവിതമാണു നയിച്ചത്. അന്ന് അവൾക്ക് അഞ്ചു വയസ്സാണ്. അവളുടെ പിതാവ് ഒരു ജാം നിർമാണക്കമ്പനി തുടങ്ങി. ജീവിതം അങ്ങനെ വലിയ പതനത്തിൽനിന്നു കരകയറിത്തുടങ്ങി. പക്ഷേ, ആ സന്തോഷം അധികകാലം നീണ്ടുനിന്നില്ല. ഹിറ്റ്ലറുടെ സൈന്യം നെതർലാൻഡ്സിലും എത്തി. ആയിരക്കണക്കിനു ജൂതരെ പിടിച്ചുകൊണ്ടുപോയി.

അങ്ങനെ പതിമ്മൂന്നാമത്തെ വയസ്സിൽ ആൻ ഫ്രാങ്ക് തന്റെ കുടുംബത്തോടൊപ്പം ഒളിസങ്കേതത്തിൽ താമസമാക്കി. ഓട്ടോ ഫ്രാങ്കിന്റെ കമ്പനിയോടുചേർന്ന ഒരു രഹസ്യ അറയിലായിരുന്നു ആൻ ഫ്രാങ്കിന്റെ കുടുംബത്തിലെ നാലുപേരടക്കം എട്ടു ജൂതവംശജർ ഒളിവിൽ പാർത്തത്. സീക്രട്ട് അനക്സ് എന്നായിരുന്നു അവൾ അതിനു പേരിട്ടത്. ആ ഇടുങ്ങിയ മുറിയിൽ ഉച്ചത്തിൽ വർത്തമാനം പറയാനോ ഒന്നു ചുമയ്ക്കാനോപോലും കഴിയാതെ രണ്ടു വർഷമാണ് കഴിയേണ്ടിവന്നത്. വിരസമായ ആ ജീവിതത്തെ ആൻ ഫ്രാങ്ക് മറികടന്നത് ഡയറി എഴുതിക്കൊണ്ടാണ്. തന്റെ പതിമ്മൂന്നാമത്തെ പിറന്നാളിനു പിതാവു നൽകിയ സമ്മാനമായിരുന്നു ആ ഡയറി.



ആ ഡയറി അവളുടെ ആത്മസുഹൃത്തായി മാറി. സ്നേഹപൂർവം അവൾ ഡയറിക്ക് കിറ്റി എന്നു പേരിട്ടു. അവളുടെ ജീവിതവും പ്രതീക്ഷയും സ്വപ്നങ്ങളും ആ ഡയറിയിൽ കുറിച്ചിട്ടു. ഹിറ്റ്ലറുടെ നാസിപ്പടയിൽനിന്ന് ഒരു സമൂഹം ഏറ്റുവാങ്ങിയ ക്രൂരതകൾ ലോകം വൈകാരികമായി മനസ്സിലാക്കുന്നത് ആ ഡയറിക്കുറിപ്പുകളിലൂടെയാണ്. ദശലക്ഷക്കണക്കിനു ജൂതരെയാണു കൊന്നൊടുക്കിയത്. പട്ടിണികിടന്നും മഹാരോഗങ്ങൾ ബാധിച്ചും ഗ്യാസ് ചേമ്പറിൽ വിഷവായു ശ്വസിച്ചും പതിനായിരങ്ങൾ മരിച്ചുവീണു. കുഞ്ഞുങ്ങളെ അതിക്രൂരമായി വൈദ്യശാസ്ത്ര പരീക്ഷണങ്ങൾക്കുള്ള ഇരയാക്കി മാറ്റി. കുട്ടികളിൽ ശസ്ത്രക്രിയാപരീക്ഷണങ്ങൾ പലതവണ നടത്തി. പരീക്ഷണശാലകളിൽ കുഞ്ഞുങ്ങൾ നിർദയം കൊല്ലപ്പെട്ടു.

ജൂതവംശജർ അനുഭവിച്ച കൊടുംപീഡനങ്ങൾ ഒരു കൗമാരക്കാരിയുടെ വികാരവിചാരങ്ങളാൽ ആ ഡയറിയിൽ കുറിക്കപ്പെട്ടു.

നിരത്തിലൂടെ സൈക്കിൾ ഓടിക്കാനും ഉച്ചത്തിൽ പാട്ടുപാടാനും നൃത്തം ചവിട്ടാനും അവൾ ആഗ്രഹിച്ചു. തന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും കിറ്റിയോടു പങ്കുവച്ചു. ക്രൂരതകൾ മുന്നിൽ നടമാടുമ്പോഴും അവൾ ഇങ്ങനെ ഡയറിയിൽ എഴുതി:

"ആത്യന്തികമായി എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ നന്മയുണ്ട്."

നോക്കൂ, എത്ര പ്രസന്നതയോടെയാണ് അവൾ ലോകത്തെ നോക്കിക്കണ്ടത്.

അവസാനം നാസികൾ അവരെയും തേടിയെത്തി. അങ്ങനെ ആ കുടുംബം നാസികളുടെ ക്യാമ്പിൽ എത്തപ്പെട്ടു. അവിടെ ക്രൂരമായ പീഡനങ്ങളാണ് അവർക്ക് ഏൽക്കേണ്ടിവന്നത്. പട്ടിണിയും മഹാവ്യാധികളും പിടിപെട്ട് ഓരോരുത്തരായി മരിച്ചുവീണു. ടൈഫസ് രോഗം വന്നാണ് ആൻ ഫ്രാങ്ക് മരിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ആ കുടുംബത്തിൽ ജീവനോടെ അവശേഷിച്ചത് ആൻ ഫ്രാങ്കിന്റെ പിതാവ് ഓട്ടോഫ്രാങ്ക് മാത്രമാണ്. അദ്ദേഹമാണ് ഡയറി കണ്ടെത്തുന്നത്. ആ ഡയറി പ്രസിദ്ധീകരിക്കപ്പെട്ടു. വിവിധ ഭാഷകളിൽ ലക്ഷക്കണക്കിനു കോപ്പികളാണു വിറ്റഴിഞ്ഞത്.

യുദ്ധത്തിന്റെയും വംശഹത്യയുടെയും ദാരുണമായ മുഖം ലോകത്തിനു കാണിച്ചുകൊടുത്തത് ഈ ഡയറിയാണ്.

ആ ഡയറിയിൽ അവൾ ആദ്യം കുറിച്ച വാചകം ഇങ്ങനെയായിരുന്നു:

"എനിക്ക് ഉള്ളുതുറന്ന് എല്ലാം പറയാൻ കഴിയുന്ന ഒരാളാണു നീയെന്നു ഞാൻ വിശ്വസിക്കുന്നു. നീയെനിക്കു സാന്ത്വനത്തിന്റെയും പിന്തുണയുടെയും ഉറവയായി മാറുമല്ലോ."

കഥ പറഞ്ഞതിനുശേഷം ഉണ്ണീരിയമ്മ അമ്മാളുവിനെ നോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. ഉണ്ണീരിയമ്മ അവളെ അടുത്തുനിർത്തി മുടിയിൽ തലോടുമ്പോൾ അമ്മാളു ആ ഡയറി അവളുടെ നെഞ്ചോടു ചേർത്തുപിടിച്ചിരുന്നു.

■

# ഈ വഴികൾ എങ്ങനെ കുരുതിക്കളങ്ങളായി?



സിൽജി ജെ ടോം



**കൊ**വിഡിനെത്തുടർന്ന് അടച്ചിട്ട സ്കൂളുകൾ തുറന്നുകഴിഞ്ഞു. നിരത്തുകൾ നിറഞ്ഞു പിഞ്ചുകുട്ടികളടക്കം യാത്ര ചെയ്യുന്ന കാഴ്ചയാണെങ്ങും. റോഡുകളിലാകെ തിരക്കോടു തിരക്ക്, മഴയും വരവറിയിച്ചിരിക്കുന്നു. റോഡുസുരക്ഷയെ സംബന്ധിച്ച് ഏറെ ബോധവാന്മാരാകേണ്ട സമയമാണിതെന്ന് ഈ തിരക്ക് നമ്മെ ഓർമിപ്പിക്കുന്നു. കുരുതിക്കളങ്ങളാകുന്ന റോഡുകളിലെ ദാരുണമായ അപകടങ്ങളുടെ ചിത്രങ്ങളേറെ നമുക്കു മുന്നിലുണ്ട്. ഗതാഗതനിയമങ്ങൾ സംബന്ധിച്ചും വാഹനമോടിക്കുന്നവർ പാലിക്കേണ്ട ചിട്ടകളെക്കുറിച്ചും ഗതാഗതവകുപ്പിന്റെയും പൊലിസിന്റെയും നേതൃത്വത്തിൽ ബോധവത്കരണങ്ങളും പഠനക്ലാസുകളും ജാഗ്രതയോടെ നടക്കേണ്ടതിന്റെ ആവശ്യകത ഇത് നമ്മെ ഓർമിപ്പിക്കുന്നു, എങ്കിൽ മാത്രമേ രാവിലെ വീടുവിട്ടിറങ്ങുന്ന കുട്ടികളടക്കമുള്ളവർ സുരക്ഷിതരായി വീട്ടിലെത്തൂ.

ആരോഗ്യരംഗത്തു നാട് മുൻപന്തിയിലാണെങ്കിലും ഇവിടെ റോഡപകടങ്ങളിൽ മരണപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. തിരക്കു നിറഞ്ഞ റോഡുകൾ അപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നു, മത്സരയോട്ടം നടത്തുന്ന ബസുകൾക്കിടയിലൂടെയുള്ള യാത്രയും അപകടസാധ്യത കൂട്ടുന്നു. ഇതിനിടയിലാണ് ന്യൂജെൻ ബൈക്കുമായി യുവാക്കൾ തലങ്ങും വിലങ്ങും പായുന്നത്.

വർഷംതോറും കോടിക്കണക്കിനു രൂപ ചെലവഴിച്ചിട്ടും റോഡപകടങ്ങൾ കുറയുന്നേയില്ല. വാഹനാപകടനിരക്കും മരണനിരക്കും ഭീതിദമാംവിധം വർദ്ധിക്കുകയാണ്. 2020 ൽ മാത്രം 27,877 അപകടങ്ങളാണ് സംസ്ഥാനത്തുണ്ടായതെന്നാണു കണക്ക്. 11,831 ഇരുചക്രവാഹനാപകടങ്ങളിൽ പൊലിഞ്ഞത് 1,239 ജീവനുകൾ. കൊറോണയെത്തുടർന്ന് മാസങ്ങളോളം വാഹനഗതാഗതത്തിനു നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും അപകടങ്ങളിൽ കാര്യമായ കുറവൊന്നും സംഭവിച്ചില്ല. നിരത്തുകളിലൂടെ അതിവേഗബൈക്കുകൾ കാരണം പൊലിയുന്ന ജീവനുകളുടെ എണ്ണം ദിനംപ്രതി വർധിക്കുന്നു. നിയമസംവിധാനങ്ങളെ നോക്കുകുത്തിയാക്കി ചീറിപ്പായുന്ന ഇരുചക്രവാഹനങ്ങൾക്കുമുന്നിൽ പകച്ചുനിൽക്കുകയാണ് കാൽനടയാത്രക്കാരും മറ്റു വാഹനങ്ങളും. ഗതാഗതച്ചട്ടങ്ങൾക്കു വില കല്പിക്കാത്ത വേഗവും രൂപഘടനയിൽപ്പോലും മാറ്റം വരുത്തിയുള്ള ബൈക്കുകളുടെ ഉപയോഗവുമാണ് അപകടങ്ങൾ വർദ്ധിക്കാൻ കാരണം. വാഹനങ്ങളുടെ മരണപ്പാച്ചിൽ നിയന്ത്രിക്കപ്പെടുകതന്നെവേണം. കട്ടപ്പനയിൽ അമിതവേഗത്തിലെത്തിയ ബൈക്ക് നിയന്ത്രണം വിട്ട് ട്രാൻസ്ഫോർമറിൽ ഇടിച്ചു മറിഞ്ഞത് അടുത്ത ദിവസമാണ്. ഈ സംഭവത്തിൽ, ബൈക്ക് യാത്രികൻ അദ്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. ഓർഡർ നൽകിയ ബുൾസൈ ഭക്ഷണമേശയിലെത്തും മുമ്പേ മടങ്ങിയെത്തുമെന്നു പറഞ്ഞു സംസ്ഥാന പാതയിൽ റേസിങ് നടത്തിയ സംഭവം അടുത്തിടെ നെടുങ്കണ്ടത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

മതിയായ പരിശോധനകൾ റോഡിൽ നടക്കാത്തതിനാലാണ് നിയമലംഘകരുടെ എണ്ണം വർധിക്കുന്നതെന്നു പരാതികളുണ്ട്. ബൈക്കുകളുടെ വേഗം നിയന്ത്രിക്കുന്നത് അമിതവേഗംമൂലമുള്ള അപകടങ്ങൾ കുറയ്ക്കും. നിരത്തുകളിലെ വാഹനങ്ങളുടെ എണ്ണം ഭയാനകമായ രീതിയിലാണു കൂടിവരുന്നത്. ഇത്രയും വാഹനങ്ങളെ ഉൾക്കൊള്ളാൻ നമ്മുടെ നാട്ടിലെ റോഡുകൾക്കിടമില്ലതാനും.

കേരളത്തിലെ വാഹനാപകടങ്ങളിൽ 90 ശതമാനവും അമിതവേഗവും അശ്രദ്ധയുംകൊണ്ടാണെന്നാണ് കണ്ടെത്തിയത്. അശ്രദ്ധമായി സഞ്ചരിക്കുന്ന വാഹനങ്ങൾക്കൊപ്പം കുണ്ടും കുഴികളും നിറഞ്ഞ റോഡുകളും റോഡപകടങ്ങൾക്കു മുഖ്യകാരണമാണ്.

റോഡിൽ കാൽനടയാത്രക്കാർക്കു നടപ്പാതകൾ നിർമിച്ചുനൽകണം. എങ്കിലേ കുട്ടികൾക്കടക്കം സുരക്ഷിതമായി റോഡിലൂടെ യാത്ര സാധ്യമാവൂ. നടപ്പാതകൾ കൈയേറി കച്ചവടകേന്ദ്രങ്ങളാക്കുന്നതിനെതിരേ നടപടികൾ സ്വീകരിക്കണം. റോഡുനിയമങ്ങൾ കാൽനടയാത്രക്കാർക്കും ബാധകമാണെന്നു ബോധ്യപ്പെടുത്തിക്കൊടുക്കുകയും വേണം. കാൽനടയാത്രക്കാർക്ക് നിശ്ചിതസ്ഥലങ്ങളിൽ റോഡു മുറിച്ചു കടക്കുന്നതിനായി സീബ്രാക്രോസിംഗ് ഇട്ടു നൽകേണ്ടതാണ്. സിഗ്നൽ പോയിന്റുകളിലും പ്രധാന കവലകളിലും റോഡു മുറിച്ചുകടക്കുന്നതിനു സംവിധാനം വേണം.

ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നവർ നിർബന്ധമായും ഹെൽമറ്റ് ധരിക്കണം. ഹെൽമറ്റ് ധരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന വിധത്തിൽ പരിശോധനകൾ വ്യാപകമാക്കണം.

വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പത്തിനനുസരിച്ചു റോഡിന്റെ സൗകര്യങ്ങൾ വർദ്ധിക്കാത്തതും അപകടനിരക്കും മരണനിരക്കും കുതിച്ചുകയറുന്നതിനു കാരണമായിട്ടുണ്ട്. സോഷ്യൽമീഡിയയിലൂടെ പോലീസും മറ്റും ബോധവത്കരണം നടത്തുന്നുണ്ടെങ്കിലും ജീവനുകൾ പൊലിഞ്ഞുകൊണ്ടേയിരിക്കുന്നു. കുഞ്ഞുങ്ങൾ നിഷ്കളങ്കരാണ്, അവർക്ക് റോഡുനിയമങ്ങളെക്കുറിച്ച് വേണ്ട ധാരണ കാണില്ല, മുതിർന്നവരാണ് അവരുടെ രക്ഷയ്ക്കെത്തേണ്ടത്. റോഡുകൾ അവർക്കുകൂടി ഉള്ളതാണെന്ന ബോധ്യത്തോടെ വേണം ഉപയോഗിക്കാൻ. എങ്കിലേ ഈ അധ്യയനവർഷം നിരത്തുകളിൽ ചോര വീഴാതെ കടന്നുപോകൂ.

■

# അക്കത്തിലൊതുങ്ങാത്ത അക്ഷരങ്ങൾ

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**



മലയാളത്തിൽ അക്ഷരങ്ങൾ എത്ര? ഈ ചോദ്യത്തിന് ഉത്തരങ്ങൾ പലതാണ്! ''നീയെമ്പതെഴുത്തിനും അകാരംതന്നെ മുറ്റും'' എന്നു രാമചരിതത്തിലും ''വർണ്ണങ്കളാവൊ അകാരാദികൾ അറുപത്തിമൂൻറ്'' എന്നു കൗടിലീയത്തിലും ''അറിനീ അക്ഷരമമ്പത്തൊന്നിൽ അകാരം ഞാൻ എന്നു ഭാഷാഭഗവദ്ഗീതയിലും ''അമ്പത്തൊന്നക്ഷരാളീ...'' എന്നു ഭാഷാനൈഷധം ചമ്പുവിലും പ്രസ്താവിച്ചു കാണുന്നു. റവ. ജോർജ് മാത്തൻ 48 എന്നും ഏ.ആർ. രാജരാജവർമ്മ 53 എന്നും കണക്കാക്കിയിരുന്നു. ആധുനിക വൈയാകരണന്മാർക്ക് 49 ആണ് അക്ഷരങ്ങളുടെ എണ്ണം. അക്ഷരസംഖ്യ എത്ര എന്ന ചോദ്യത്തിൽനിന്ന് ഏവ എന്നതിലേക്കു കടക്കുമ്പോൾ പ്രയാസം ഏറിവരുന്നു. അക്ഷരസംഖ്യ 51 എന്നു ശഠിക്കുന്നവർ സംസ്കൃതത്തിലെ അക്ഷരമാലയെയാണു മനസ്സിൽ കണ്ടത് എന്നു തോന്നുന്നു!

സംസ്കൃത അക്ഷരമാലയിൽ സ്വരങ്ങളുടെ കൂട്ടത്തിലാണ് അം, അഃ എന്നിവയെ ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്കൃത അക്ഷരമാലയുടെ പാത പിന്തുടർന്ന മലയാളവും അം, അഃ യെ സ്വരങ്ങളായിത്തന്നെ നിലനിർത്തി. ഇവ സ്വരങ്ങളല്ലെന്ന് കേരളപാണിനിമുതൽ ഇ.വി.എൻ. നമ്പൂതിരിവരെയുള്ള വൈയാകരണന്മാർ സമർത്ഥിച്ചിട്ടുണ്ട്. എന്നിട്ടും അം, അഃ യുടെ കാര്യത്തിൽ പലരും മൗനം അവലംബിക്കുന്നു! യഥാർത്ഥത്തിൽ ഇവ രണ്ടും സ്വരങ്ങളും അക്ഷരങ്ങളും അല്ല. അനുസ്വാര(ം)മെന്നും വിസർഗ്ഗ(ഃ)മെന്നും വിളിപ്പേരുകളുള്ള ഇവ വ്യഞ്ജനാംശങ്ങളാണ്. അക്ഷരരൂപത്തിൽ വ്യഞ്ജനങ്ങളോടു ചേർന്നുനിൽക്കുന്നു. അനുസ്വാരം മകാരത്തിന്റെ മറ്റൊരു ലിപിയും വിസർഗ്ഗം നാദിയായ ഹകാരത്തിന്റെ അവസ്ഥാന്തരവുമാകുന്നു. അപ്പോൾ സ്വരങ്ങൾ അ, ആ, ഇ, ഈ, ഉ, ഊ, ഋ, എ, ഏ, ഐ,ഒ, ഓ, ഔ എന്നിങ്ങനെ പതിമ്മൂന്ന്. ഇത്രയും സ്വരങ്ങളാണ് മലയാളത്തിന്റെ അടിസ്ഥാനവർണങ്ങൾ.

അം, അഃ എന്നിവയെ സ്വരങ്ങളുടെ കൂട്ടത്തിൽ നിലനിർത്തുന്നതിന്റെ പിന്നിൽ വേറേ കാരണങ്ങൾ ഉണ്ടാകാം. എഴുത്തിലും ഉച്ചാരണത്തിലും സ്വരങ്ങളുടെ പിൻനിലയാണല്ലോ അനുസ്വാരവും വിസർഗ്ഗവും വർത്തിക്കുന്നത്. ഉദാഹരണമായി, മ്+അ+ം=മം; ര്+ആ+മ്+ഃ = രാമഃ. ഇങ്ങനെ 13 സ്വരത്തിന്റെയും പിന്നിലായി അനുസ്വാരവും വിസർഗ്ഗവും വരാം. ഓലയിൽ ം, ഃ എന്നീ അടയാളങ്ങൾ ഒറ്റയ്ക്കു നിൽക്കുന്ന അസ്വാഭാവികത ഒഴിവാക്കാനാകണം, അക്ഷരമാലയിലെ ആദ്യവർണ്ണങ്ങളെ ദൃഷ്ടാന്തമാക്കി അം, അഃ എന്നു വരച്ചിട്ടത്. എന്നാൽ, ഇതു മനസ്സിലാക്കാതെ അനുസ്വാരത്തെയും വിസർഗ്ഗത്തെയും സംസ്കൃതത്തിലെപ്പോലെ, മലയാളത്തിലും സ്വരങ്ങളായി കണക്കാക്കി എണ്ണത്തിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. തന്നെയുമല്ല, അക്ഷരങ്ങൾ ഒരേ സംവർഗത്തിൽ ആവർത്തിക്കുന്നത് യുക്തിഭംഗമായി ആരും കണക്കാക്കിയതുമില്ല?

വസ്തുതകൾ ഇങ്ങനെയായിരിക്കേ, സ്വരങ്ങളുടെ ഗണത്തിൽനിന്ന് നവവൈയാകരണന്മാർ അടർത്തിമാറ്റിയ അനുസ്വാരത്തെയും വിസർഗ്ഗത്തെയും സ്വരാക്ഷരങ്ങളുടെ ഭാഗമായി നിലനിർത്തുന്നതിന്റെ പിന്നിൽ ഒരുപായവും പറയാനില്ല. ഇത്തരം കാര്യങ്ങളിൽ പാരമ്പര്യനിലപാടുകളല്ല, ഭാഷാശാസ്ത്രയുക്തികളാണ് പരിഗണിക്കേണ്ടത്. സർക്കാർ മുൻകൈയെടുത്ത് രൂപീകരിച്ചു 'ഭാഷാ മാർഗ്ഗനിർദ്ദേശകവിദഗ്ധസമിതി' ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുമെന്നു പ്രതീക്ഷിക്കുന്നു. വ്യഞ്ജനങ്ങളുടെ കാര്യത്തിൽ അഭിപ്രായഭേദമില്ല എന്നത് ആശ്വാസപ്രദമാണ്. 25 വർഗ്ഗാക്ഷരങ്ങളും 11 ഇതരവ്യഞ്ജനങ്ങളും ചേർന്ന 36 എന്ന സംഖ്യ ഏവർക്കും സ്വീകാര്യമാണല്ലോ. അങ്ങനെയങ്കിൽ അക്ഷരസംഖ്യ 49 ൽത്തന്നെ ഉറപ്പിക്കണം. അതോടെ എല്ലാ ആശങ്കകളും താനേ ഇല്ലാതായിക്കൊള്ളും. "മാറ്റുവിൻ ചട്ടങ്ങളേ സ്വയ,മല്ലെങ്കിൽ/ മാറ്റുമതുകളീനിങ്ങളെത്താൻ" എന്ന കവിവാക്യവും ഓർമിക്കാം.




# ബോഡി ഷെയ്മിങ്ങിനെ വെല്ലുവിളിക്കുന്ന സിനിമകൾ

■ വീയെൻ

പണ്ടു നമ്മുടെ പേര് ശങ്കരച്ചാർ.

ഇന്നു നമ്മുടെ പേര് ഗോപകുമാർ.

നന്നേ മെല്ലിച്ച ചെറുപ്പക്കാരനായ ബഹദൂർ സൈക്കിൾ ചവിട്ടിവരുമ്പോൾ പാടുന്ന പാട്ടാണ് ഇത്.


വീരനല്ലെങ്കിലും വിരലൊന്നില്ലെങ്കിലും ഭർത്താവ് നിങ്ങൾ മതി എന്നാണ് സാമാന്യത്തിലധികം തടിച്ച അടൂർ ഭാസിയെ നോക്കി സുകുമാരി പാടുന്നത്.

അടൂർ ഭാസിയും ബഹദൂറും. മലയാളസിനിമയിലെ ഒരു കാലത്തെ ചിരിയുടെ രണ്ടു രൂപങ്ങളായിരുന്നു ഇവർ. രണ്ടു രീതിയിൽ ചിരിയുണർത്താനായിരുന്നു ഇവർ ശ്രമിച്ചിരുന്നത്. മെല്ലിച്ച രൂപത്തിലുള്ള ചിരിയുടെ പേരായിരുന്നു ബഹദൂറെങ്കിൽ തടിച്ച ചിരിയുടെ പേരായിരുന്നു അടൂർ ഭാസി. അതുകൊണ്ടാണ് ബഹദൂറിനൊരിക്കലും തടിക്കാനോ ഭാസിക്കൊരിക്കലും മെലിയാനോ കഴിയാതിരുന്നത്. ആ രീതിയിലായിരുന്നു അവരുടെ നിലനില്പ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത്.

ഇന്നു മികച്ച നടനായി പൊതുസമൂഹം തിരിച്ചറിഞ്ഞിരിക്കുന്ന ഇന്ദ്രൻസിന്റെ തുടക്കകാലത്തെ കഥാപാത്രങ്ങളെ ഓർമയില്ലേ? കൊടക്കമ്പി എന്ന വട്ടപ്പേരിന്റെ ആവർത്തനംപോലെയുള്ള എത്രയോ കഥാപാത്രങ്ങൾ! കഴുത്തു നീണ്ടതിന്റെ പേരിൽ കൊക്ക് എന്നും വിശേഷിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങളുമുണ്ടായിരുന്നു.

ജഗതി ശ്രീകുമാർ, കലാഭവൻ മണി, ഹരിശ്രീ അശോകൻ തുടങ്ങിയവരുടെ കാര്യവും വ്യത്യസ്തമൊന്നുമല്ല. ശരീരത്തിന്റെ പ്രത്യേകതകളും കുറവുകളുംകൊണ്ട് ഫലിതം ഉണ്ടാക്കാനുള്ള കാരണക്കാർ മാത്രമായിരുന്നു ഇവർ. ഇ വി കൃഷ്ണപിള്ളയുടെ കാലത്തെ പ്രഹസനങ്ങളിലെ കഥാപാത്രസൃഷ്ടിയിൽനിന്നു വളർച്ച പ്രാപിക്കാത്തവരായിരുന്നു മലയാളസിനിമയിലെ ഭൂരിപക്ഷം കോമഡിതാരങ്ങളും. സിനിമ സാങ്കേതികമായി വികസിച്ചുവെങ്കിലും കഥാപാത്രരൂപവത്കരണത്തിൽ പഴയ വാർപ്പുമാതൃകകളെയാണു മലയാളസിനിമ അടുത്തകാലംവരെ പിന്തുടർന്നിരുന്നത്. ബോഡി ഷെയിമിങ്ങിന്റെ ഫ്രെയിമിൽ പെട്ടുപോയവരായി ഇങ്ങനെ മലയാളസിനിമയിലെ ഒരുപാടു താരങ്ങളെയും കഥാപാത്രങ്ങളെയും നമുക്കു കണ്ടെത്താൻ കഴിയും.

ഞാനും ഈ നാട്ടിൽ ജനിച്ചു വളർന്നവനാണെന്നാണ് മീശമാധവൻ സിനിമയിൽ ഗിന്നസ് ഉണ്ടപ്പക്രുവിന്റെ മറുപടി. ജനിച്ചു എന്നു പറഞ്ഞാൽ മതി നീ വളർന്നിട്ടില്ല എന്നാണ് ഹരിശ്രീ അശോകന്റെ കഥാപാത്രം അതിനോടു പ്രതികരിക്കുന്നത്. ജോക്കർ സിനിമയിൽ അടുത്ത പറമ്പിൽനിന്നു തേങ്ങ മോഷ്ടിച്ചെടുക്കാനുള്ള ഒരു ഉപകരണമായിട്ടാണ് ഉണ്ടപ്പക്രുവിന്റെ കഥാപാത്രം വിനിയോഗിക്കപ്പെടുന്നത്. കുള്ളത്തം എന്ന അവസ്ഥയെ ചിരിക്കാൻ മാത്രമുള്ള കാരണമായി മാറ്റുകയായിരുന്നു ഇത്തരം സിനിമികൾ. പക്ഷേ, അദ്ഭുതദ്വീപുപോലെയുള്ള സിനിമകളിലേക്കു വന്നപ്പോൾ







ഇതേ കുള്ളത്തം മനുഷ്യത്വത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതായി നാം കാണുന്നുണ്ട്. ഇത് ശാരീരികാവസ്ഥകളോടുള്ള സിനിമക്കാരുടെ തന്നെ വീക്ഷണത്തിൽ വന്ന പ്രകടമായ മാറ്റത്തിന്റെ തെളിവാണ്.

തുളസിക്കതിർ ചൂടിയ, സമൃദ്ധമായ കേശഭാരമുള്ള നടിമാരെ മാത്രം നായികമാരായി അംഗീകരിച്ചിരുന്ന കാലമുണ്ടായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, അത്തരം സൗന്ദര്യസങ്കല്പങ്ങളെയെല്ലാം തകിടം മറിച്ചുകൊണ്ടാണ് അവതാരികയായും നടിയായും പേളി മാണി, മെറീന മൈക്കിൾ, വിൻസി അലോഷ്യസ് തുടങ്ങിയവർ കടന്നുവന്നിരിക്കുന്നത്. കാപ്പിരിമുടിയാണു തങ്ങളുടെ തനതുവ്യക്തിത്വമെന്ന് അവർ തിരിച്ചറിഞ്ഞിരിക്കുന്നു. സീറോ സൈസ്, സൗന്ദര്യമികവായി വാഴ്ത്തപ്പെടുന്ന കാലത്താണ് ഭീമന്റെ വഴി, തമാശ, കക്ഷി അമ്മിണിപ്പിള്ള തുടങ്ങിയ സിനിമകളിലെ തടിച്ച നായികമാർ മാറ്റത്തിനു തുടക്കം കുറിച്ചിരിക്കുന്നത്. കഥാപാത്രം ആവശ്യപ്പെട്ടാൽമാത്രം തടി കുറയ്ക്കും; അല്ലാതെ സൗന്ദര്യസങ്കല്പത്തിന്റെ വാഴ്ത്തിപ്പാടലിനുവേണ്ടി വണ്ണം കുറയ്ക്കാൻ തയ്യാറല്ലെന്നാണ് വിൻസി അലോഷ്യസിന്റെ പ്രഖ്യാപനവും. വിദ്യാബാലനെപ്പോലെയുള്ള നടിമാരും സീറോ സൈസ് സങ്കല്പത്തിൽനിന്നു പുറംതിരിഞ്ഞു നില്ക്കുന്നവരാണ്.

ആകാരഭംഗിയുള്ള സുന്ദരപുരുഷന്മാർ നായകന്മാരും അംഗലാവണ്യം പ്രത്യേകമായി അടയാളപ്പെടുത്തി സൗന്ദര്യം കവിഞ്ഞൊഴുകുന്ന നായികമാരും മാത്രമായിരുന്നു ഒരു കാലത്ത് മലയാളസിനിമയുടെ നിയന്ത്രണം ഏറ്റെടുത്തിരുന്നത്. വിരൂപരായ കഥാപാത്രങ്ങൾ നായകരായി പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും അവയിൽ പലതും പുരുഷസൗന്ദര്യത്തിന്റെ മൂർത്തിമദ്ഭാവങ്ങളായി വിരാജിച്ചിരുന്ന നായകന്മാരുടെ ഫാൻസിഡ്രസ് വേഷങ്ങളായിരുന്നു (മമ്മൂട്ടിയുടെ സൂര്യമാനസം, പൊന്തൻമാട, ദിലീപിന്റെ കുഞ്ഞിക്കൂനൻ തുടങ്ങിയവ ഉദാഹരണം).

പക്ഷേ, പുതിയ കാലത്തെ സിനിമയിൽ ഇത്തരമൊരു അവസ്ഥയ്ക്കു പ്രകടമായ മാറ്റം വന്നിട്ടുണ്ട്.

ഡാ തടിയാ, തമാശ തുടങ്ങിയ സിനിമകളിലെ കേന്ദ്രകഥാപാത്രങ്ങൾ എന്താണോ ആ രീതിയിൽത്തന്നെയാണു നടന്മാരും പ്ലേസ് ചെയ്യപ്പെട്ടിരിക്കുന്നത്. തടിയനായ ശേഖർ, തടിയന്റെ സംഘർഷങ്ങളെ അവതരിപ്പിച്ചപ്പോൾ കഷണ്ടിയായതിന്റെ പേരിൽ അപകർഷത അനുഭവിക്കുന്ന തമാശയിലെ കഥാപാത്രത്തെ വിനയ് ഫോർട്ട് അവതരിപ്പിച്ചു. യഥാർഥജീവിതത്തിൽനിന്ന് അകന്നുനില്ക്കുന്ന കഥാപാത്രങ്ങളായിരുന്നില്ല ഇവയൊന്നും.

ഞാൻ ഇങ്ങനെയാണു ഭായ്, അതിനു നിനക്കെന്താണ് ഭായ് എന്നാണ് ഡാ തടിയൻ ചോദിക്കുന്നത്. ഇത് അവരവരെ അംഗീകരിക്കാനുള്ള ആഹ്വാനമായിരുന്നു. ഒരുപാടു പേരെ സ്വന്തം ശരീരത്തിന്റെ അപകർഷതയിൽനിന്നു മോചിപ്പിച്ചെടുക്കാനുള്ള ചെറിയ വിത്തുപാകലുകൾക്ക് ഇത്തരം സിനിമകൾ കാരണമായിട്ടുണ്ട്.

മലയാളസിനിമ ആശയപരതയിലും അവതരണത്തിലും ഇതുപോലെ മാറിയിട്ടില്ലാത്ത ഒരു കാലത്തായിരുന്നുവെങ്കിൽ ശേഖറിന്റെ തടി ചിരിക്കുള്ള ഒരു സാധ്യതയായിട്ടാകുമായിരുന്നു ചിത്രീകരിക്കപ്പെടുക.

സ്റ്റിൽ ഫോട്ടോഗ്രാഫറും നടനുമായ എൻ എൽ ബാലകൃഷ്ണനെ ഓർക്കാപ്പുറത്ത്, പട്ടണപ്രവേശം തുടങ്ങിയ സിനിമകളിൽ അവതരിപ്പിച്ചതു നോക്കൂ. അദ്ദേഹത്തിന്റെ ഓരോ ചലനവും കോമഡിയുണർത്താൻ സഹായകരമായ വിധത്തിലായിരുന്നു.

ഒരു പ്രായം കഴിഞ്ഞാൽ ഒട്ടുമിക്ക ചെറുപ്പക്കാരും നേരിടുന്ന ഒരു പ്രശ്നമാണ് മുടികൊഴിച്ചിലും തുടർന്നുള്ള കഷണ്ടിയും. കഷണ്ടിക്കാരന്റെ പ്രശ്നങ്ങളെയാണു തമാശ സംബോധന ചെയ്തത്. മുടിയുള്ള ഒരു താരത്തെ തിരഞ്ഞെടുത്തു വിഗു വച്ച് കഷണ്ടിക്കാരനായി അഭിനയിപ്പിക്കുകയല്ല, പകരം, കഷണ്ടിക്കാരനായ ഒരുവനെത്തന്നെ നായകനായി അവതരിപ്പിച്ചുവെന്നതാണ് തമാശയുടെ വിജയം. മുമ്പായിരുന്നെങ്കിൽ ഇത്തരമൊരു പരീക്ഷണം വിജയിക്കുമായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ശാരീരികാവസ്ഥകൾ പരിഹാസവിധേയമാക്കപ്പെടുമ്പോൾ അവിടെ വ്യക്തിയുടെ ആത്മവിശ്വാസം നഷ്ടമാകുകയാണു ചെയ്യുന്നത്.

ശരീരത്തെ ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിലും വലിയ കാര്യം വേറേയൊന്നില്ല. നമുക്കു നമ്മുടെ വ്യക്തിത്വത്തെ അടിമുടി ഉടച്ചുവാർക്കാൻ കഴിയാത്തതുപോലെ തന്നെ ശരീരത്തെയും മറ്റൊരാളുടേതായി മാറ്റിയെടുക്കാൻ കഴിയില്ല. നാം നമ്മെ അംഗീകരിക്കുന്നതിന്റെ ഭാഗമാണ് സ്വന്തം ശരീരത്തോടുള്ള മതിപ്പും ആദരവും. നാം വെളുത്തതോ മെല്ലിച്ചതോ കറുത്തതോ തടിച്ചതോ എന്തുമായിരുന്നുകൊള്ളട്ടെ, മുടി ചുരുണ്ടതോ ഇല്ലാത്തതോ ആയിക്കോട്ടെ എല്ലാ കുറവുകളോടുംകൂടി സ്വയം സ്നേഹിക്കുകയും അംഗീകരിക്കുകയും ജീവിതത്തെ ആശ്ലേഷിക്കുകയും ചെയ്യുക. അതിനുള്ള പ്രചോദനമാണ് മേല്പറഞ്ഞ സിനിമകളും വർത്തമാനകാലത്തെ നടീനടന്മാരും നല്കുന്നത്.

ഒരുകാലത്ത് മലയാളസിനിമ നടീനടന്മാരുടെ ശരീരത്തിന്റെ സൗന്ദര്യത്തെയും അവയവങ്ങളുടെ പ്രത്യേകതകളെയും അടിസ്ഥാനമാക്കിയായിരുന്നു വിപണനതന്ത്രം ആവിഷ്കരിച്ചിരുന്നതെങ്കിൽ, ഇന്ന് അഭിനയിക്കുന്നതിന് സൗന്ദര്യം അത്ര അടിസ്ഥാനഗുണമൊന്നുമല്ല എന്ന വിധത്തിലായിരിക്കുന്നു. ഭരത് ഗോപിയുടെയും നെടുമുടിവേണുവിന്റെയും അച്ചൻകുഞ്ഞിന്റെയും കടന്നുവരവ് അത്തരമൊരു മാറ്റത്തെ അടയാളപ്പെടുത്തിത്തുടങ്ങിയിരുന്നുവെങ്കിലും മുഖ്യധാരാസിനിമയിലേക്ക് അവ അത്രമാത്രം സ്വാധീനം ചെലുത്തിയിരുന്നില്ല. ജീവിതവീക്ഷണമായോ സമീപനമായോ ശരീരപ്രത്യേകതകളെ അംഗീകരിക്കാനുള്ള ആഹ്വാനമായോ പുതിയകാലത്തെ സിനിമകൾ വളർന്നിരിക്കുന്നു.

നാം ആയിരിക്കുന്ന അവസ്ഥയെ നമുക്ക് അംഗീകരിക്കാം, സ്നേഹിക്കാം. സിനിമകൾ അന്ധമായി വിമർശിക്കപ്പെടേണ്ടവ മാത്രമല്ല അംഗീകരിക്കപ്പെടേണ്ടവ കൂടിയാണ്. അവയിലെ നന്മകളെ നാം സ്വാംശീകരിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യാം. ■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 16 Date of Publication 16 June 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# S.H. AYURVEDA HOSPITAL

## CHAKKAMPUZHA - 686 574

*E-mail: shayurveda2020@gmail.com Phone: 6235126263*





**OP, IP ചികിത്സാസൗകര്യങ്ങൾ**

**AC, Non AC Rooms**

**ചികിത്സാവിഭാഗങ്ങൾ**

- Ayurveda Psychiatry
- Vericose Vein
- ദുഷ്ടവ്രണങ്ങൾ
- Psoriasis
- നട്ടെല്ലുസംബന്ധമായ രോഗങ്ങൾ
- Sports Injury
- സന്ധിവാതം
- വാർദ്ധക്യരോഗങ്ങൾ
- അലർജിരോഗങ്ങൾ
- ജീവിതശൈലീരോഗങ്ങൾ

## കർക്കടകചികിത്സ
## പ്രത്യേക പാക്കേജ്



**Post Covid**

കൊവിഡനന്തരമുള്ള ശാരീരികാസ്വസ്ഥതകൾ – ശ്വാസതടസ്സം, നെഞ്ചുവേദന, സന്ധികൾക്കുള്ള വേദന എന്നിവയ്ക്ക് കേന്ദ്ര ആയുഷ്മന്ത്രാലയം അനുശാസിക്കുംപ്രകാരമുള്ള ചികിത്സകൾ ലഭ്യമാണ്.

**Ayurveda Paediatrics**

കുട്ടികളിൽ കാണുന്ന പഠനവൈകല്യങ്ങൾ, അമിത ആശങ്കകൾ, Hyper Activity, Laptop/Mobile അമിതോപയോഗംമൂലമുള്ള നേത്രരോഗങ്ങൾ/തലവേദന എന്നിവയ്ക്കുള്ള ചികിത്സകൾ.

ആയുഷ് മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ആയുർവേദ കൊവിഡ് പ്രതിരോധൗഷധങ്ങളും ലഭ്യമാണ്



വേരിക്കോസ് വെയിൻ പ്രത്യേക ചികിത്സാ പാക്കേജുകൾ

**Psychiatry - Consultation മുൻകൂർ ബുക്കിങ്ങിലൂടെ മാത്രം**

**O.P. Timings**
9.00 am - 1.00 pm
2.00 pm - 5.00 pm

**Doctors panel**
- Dr. Amal P. Babu Snr. Consultant MD (Ayu), PGDYA
- Dr. Sr. Deena Thomas BAMS Consultant
- Dr. Aadhitya Subramanyam MD (Ayu), Psychiatrist

**For Enquiry & Booking : 62351 26263, 04822 260341**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org